
ഡിസംബർ 2021

Price ₹ 25

# ജീവനും വെളിച്ചവും




**ഇടയവഴികളിൽ നാഥനോടൊപ്പം നമുക്കൊരുമിച്ച് മുന്നേറാം...**

*Best Wishes*




**CARMEL GIRLS'**
**HIGHER SECONDARY SCHOOL**

VAZHUTHACAUD, THYCAUD P.O.
THIRUVANANTHAPURAM, KERALA 695014
TEL. 0471-2327025, 2337025, 2736025

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2021 ഡിസംബർ
പുസ്തകം - 45 ലക്കം - 12
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
ഡോ. തോമസ് ജെ. നെറ്റോ
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. ജോൺ ഡാൾ
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
സിസ്റ്റർ റീന



*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velicahvum


## മുഖവിചാരം

# സിനഡാത്മകത ക്രൈസ്തവ സാക്ഷ്യത്തിന് ഉതകണം


സഭാംഗങ്ങളായ എല്ലാവരും പരസ്പരം ശ്രവിക്കാനും, അനുരഞ്ജനപ്പെടാനും, സംസാരിക്കുവാനുമായി തിരുസഭ തന്റെ തനയരെയെല്ലാം വിളിക്കുകയാണ്! ത്രിയേക ദൈവത്തിന്റെ കൂട്ടായ്മാനുഭവത്തിൽ നിന്നാരംഭിച്ച് പ്രപഞ്ചത്തിന്റെ മുഴുവൻ പരസ്പരാശ്രയത്വത്തിലൂടെ പടർന്ന്, ചരിത്രത്തിന്റെ ഭാഗമായി ജീവിച്ച ദൈവത്തിന്റെ രക്ഷാകരപദ്ധതിയാണല്ലോ ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ. ഇതേ കൂട്ടായ്മാനുഭവം സ്വന്തമാക്കാതെയും, അത് ജീവിക്കാതെയും ആർക്കും സ്വാവബോധത്തോടെ ക്രൈസ്തവനായിരിക്കുവാനാവില്ല. അതുകൊണ്ടുതന്നെ 'സിനഡാത്മകത' വിചിന്തനത്തിനു വിധേയമാകുമ്പോൾ അത് പുതിയൊരാശയമോ, തുടക്കമോ, ചിന്താഗതിയോ അല്ല മറിച്ച്, സഭയുടെ സ്വഭാവവും, രൂപവും, ജീവിതശൈലിയും, ദൗത്യവും വിളിയും എന്താണെന്നും ഒരിക്കൽക്കൂടി ഓർമിപ്പിക്കുകയാണ് 'സിനഡാത്മകത' ചർച്ചചെയ്യപ്പെടുന്ന 16-ാമത് മെത്രാന്മാരുടെ സിനഡ്.

പ്രത്യേകമായൊരു പ്രത്യയശാസ്ത്രത്തിന്റെയും അധികാരഘടനയുടെയും പിന്തുണയില്ലാതെ സാധാരണക്കാരായ കർഷകർ നടത്തിവന്ന അധികാരികൾക്കെതിരായ സമാധാനപരമായ സമരം അനിഷേധ്യമായ ശക്തിയുണ്ടെന്ന് കരുതപ്പെട്ട അധികാരികളെ പരാജയപ്പെടുത്തുന്ന കാഴ്ചകൾ നാം കണ്ടതാണല്ലോ. പരസ്പരം സഹായിച്ചും, സഹിച്ചും, ഒരുമിച്ച് നിന്നുകൊണ്ടാണ് കർഷകരുടെ കൂട്ടായ്മ വിജയം നേടിയതെന്ന് മാധ്യമങ്ങളിൽ നിന്നും നാം മനസ്സിലാക്കി.

അതേ സമയം പല കാരണങ്ങൾകൊണ്ടും പരസ്പരം പോരടിക്കുന്ന ക്രൈസ്തവസഭയും കൂട്ടായ്മയകളും ക്രൈസ്തവ വിരുദ്ധമായ സാക്ഷ്യം നൽകുന്ന അനുഭവങ്ങളും നമുക്ക് മുന്നിലുണ്ട്. അതിരൂപതാ തലത്തിൽ സിനഡിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ പരസ്പരം ശ്രവിക്കാനും, അനുരഞ്ജനപ്പെടാനും നവീകരിക്കാനും ഒന്നിച്ചുകൂടിക്കൊണ്ട് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലെ, ശുശ്രൂഷകളിലൂടെ ക്രൈസ്തവ സാക്ഷ്യം നൽകുവാനും സിനഡാത്മകത അനുഭവവേദ്യമാക്കുവാനും നമുക്ക് സാധിക്കട്ടെ!

\- പത്രാധിപർ

# പ്രതികരണങ്ങൾ




## ആത്മാവ് സഭകളോട് പറയുന്നത്

നവംബർ ലക്കത്തിൽ സിനഡാത്മകതയുടെ ആശയവും അർത്ഥവും ലക്ഷ്യവും സവിശേഷതകളും സവിസ്തരം പ്രതിപാദിച്ച ലേഖനങ്ങൾ സഭയുടെ കൂട്ടായ്മയും പങ്കാളിത്തവും പ്രേഷിതത്വവും വെളിപ്പെടുത്തുന്നവയായിരുന്നു. രണ്ടുവർഷം നീളുന്ന ഈ സിനഡ് ഇടവകതലം വരെ ആഴമായ ചർച്ചകൾക്കും പഠനങ്ങൾക്കും ധ്യാനങ്ങൾക്കും വഴി തെളിക്കുമ്പോൾ, ആത്മാവ് സഭകളോട് പറയുന്നത് കേൾക്കാനുള്ള പരിശുദ്ധാത്മാവിന്റെ ജ്ഞാനത്താൽ കർത്താവിന്റെ മണവാട്ടിയായ സഭ സന്നദ്ധയാകുന്നിടത്താണ് ഈ സിനഡിന്റെ വിജയപരാജയങ്ങൾ വിലയിരുത്തപ്പെടുന്നത്.

**– വിജയമ്മ ജെറാൾഡ്**

## ജീവനും വെളിച്ചവും മികവാർന്ന നവംബർ ലക്കം

എല്ലാ മാസത്തെയും പോലെ തന്നെ നവംബർ മാസവും ജീവനും വെളിച്ചവും മാഗസിൻ വായിക്കാനുള്ള അവസരം ലഭിച്ചു. ഓഖി എന്ന ദുരന്തത്തിന് നാലു വയസ്സ് തികയുമ്പോൾ സ്വന്തം കുടുംബത്തിന് ഒരു നേരത്തെ അന്നം എങ്കിലും കിട്ടട്ടെ എന്ന ഉദ്ദേശവുമായി കടലിൽ പോയി ജീവൻ ബലിയർപ്പിച്ച 140 ഓളം മത്സ്യബന്ധന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഇന്നും ലഭിക്കാതെപോയ സഹായങ്ങളെക്കുറിച്ചും വിട്ടുമാറാത്ത ദുരിതത്തെക്കുറിച്ചും പറയുകയാണ് മാഗസിനിലെ ആദ്യലേഖനം ആയ 'ഓഖി ദുരിതബാധിതർക്ക് വേണ്ടി സർക്കാർ സമക്ഷം. 'ഓഖി നൽകിയ ദുരിതങ്ങൾ പര്യവസാനിക്കുന്നതിനുമുന്നേ കേരളത്തിൽ പ്രളയം വന്നപ്പോൾ ഒരു മടിയും കൂടാതെ മറ്റുള്ളവരുടെ ജീവൻ രക്ഷയ്ക്കായി ഇറങ്ങിയ മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി കത്തോലിക്കാ സഭയ്ക്കുള്ളിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചും ലേഖനത്തിൽ പറയുന്നു.

സുഗന്ധവ്യഞ്ജന വ്യാപാരം ആയിരുന്നു കേരളത്തിൽ പോർച്ചുഗീസുകാരുടെ പ്രധാന ലക്ഷ്യം. കടൽമാർഗം കൊണ്ടുവരികയും കൊണ്ടു പോവുകയും ചെയ്യുന്ന സാധനങ്ങൾ സൂക്ഷിച്ചു വയ്ക്കുന്നതിന് പാണ്ടികശാല കളും അവയുടെ സംരക്ഷണാർത്ഥം കോട്ടകളും നിർമിക്കാനുള്ള അനുമതി പോർച്ചുഗീസുകാർ നാട്ടുരാജാക്കന്മാരിൽനിന്ന് നേടിയെടുക്കുകയും ചെയ്തു. ഇത്തരത്തിൽ അവർ നിർമ്മിച്ചതും ചരിത്രത്തിൽ ഏറ്റവുമധികം പ്രാധാന്യമുള്ളതുമായ ഒന്നാണ് അഞ്ചുതെങ്ങ് കോട്ട. കേരളത്തിലെ വിദേശികളുടെ അധിനിവേശം പഠിക്കുമ്പോൾ ഒഴിവാക്കാൻ പറ്റാത്ത ഭാഗം കൂടിയാണ് കോട്ടയും കോട്ടയോട് അനുബന്ധിച്ച് ഉണ്ടായ കലാപങ്ങളും. ഇത്തരത്തിൽ അഞ്ചുതെങ്ങ് കലാപത്തിന്റെ ചരിത്രവും കലാപത്തിന്റെ ഭാഗമായി ഇന്ന് നിലനിൽക്കുന്ന മിഥ്യ ധാരണകളെക്കുറിച്ച് പറയുന്നുണ്ട് അഞ്ചുതെങ്ങ് കലാപവും മിഥ്യയും എന്ന ലേഖനം. കോവിഡ് മഹാമാരിയോട് ബന്ധപ്പെട്ട് സ്കൂളുകൾ അടച്ചിട്ട് ഏകദേശം രണ്ട് വർഷം ആകുമ്പോൾ ഇക്കഴിഞ്ഞ നവംബർ 15 മുതലാണ് കേരളത്തിൽ വിദ്യാഭ്യാസമേഖല പഴയതുപോലെ പ്രവർത്തനമാരംഭിച്ചത്. ഈ പശ്ചാത്തലത്തിൽ പ്രതീക്ഷകളും ആശങ്കകളും എന്ന വിഷയത്തിൽ മാധ്യമ കമ്മീഷൻ സംഘടിപ്പിച്ച വിദ്യാഭ്യാസ വെബ്നാറിനെക്കുറിച്ചും അതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഭിപ്രായങ്ങളെ കുറിച്ചും ആശങ്കകളെ കുറിച്ചുമെല്ലാം ലേഖനത്തിൽ പറയുന്നുണ്ട്. മറിയം എന്ന കഥയും ഷൈജു അലക്സിന്റെ കണവ മോതിരം എന്ന കവിതയും ഗംഭീരമായി. 2023 നടക്കാനിരിക്കുന്ന മെത്രാൻമാരുടെ സിനഡിനെക്കുറിച്ചും, അഞ്ചുതെങ്ങിൽ താമസിച്ചിരുന്ന പോർച്ചുഗീസ് മെത്രാനെ കുറിച്ചും അടിയാള പ്രേതം എന്ന പി. എഫ് മാത്യൂസിന്റെ നോവലിനെ കുറിച്ചും ഉള്ള പഠനങ്ങളും മികച്ചുനിന്നു.

**– നീതു**, തിരുവനന്തപുരം

## അറിയിപ്പ്

'ജീവനും വെളിച്ചവും' ***ക്രിസ്തുമസ്-പുതുവത്സര പതിപ്പ്*** 2021 ഡിസംബർ 25 ന് മുൻപ് മാന്യ വായനക്കാർക്ക് ലഭ്യമാക്കുന്നതാണ്. പ്രസ്തുത ലക്കത്തിലേക്ക് ലേഖനങ്ങൾ, കഥ, കവിത തുടങ്ങിയവ ക്ഷണിക്കുന്നു. സൃഷ്ടികൾ ഡിസംബർ 10 ന് മുമ്പായി എഡിറ്റർ, ജീവനും വെളിച്ചവും, ആർച്ച് ബിഷപ്പ് ഹൗസ്, വെള്ളയമ്പലം, തിരുവനന്തപുരം-695003 എന്നി വിലാസത്തിലോ jeevanumvelichavum@gmail.com എന്ന ഇ-മെയിലിലോ അയക്കേണ്ടതാണ്.

– പത്രാധിപർ

# താളുകളിൽ


**ഐതിഹാസിക വിജയമുറപ്പിച്ച അന്നദാതാക്കൾക്ക് അഭിവാദ്യം** 6
ഫാ. യൂജിൻ എച്ച്. പെരേര

**അനന്തപുരിയും ദേവസഹായവും** 8
രതീഷ് ഭജനമഠം

**കാനൻ ലോ** 11
ഫാ. ജോസ് ജി.

**ജൂബിലി നിറവിൽ നെയ്യാറ്റിൻകര രൂപത** 12
റവ. ഡോ. ഗ്രിഗറി ആർബി

**കഥ: കടലെഴുത്ത്** 16
ബർഗ്മാൻ തോമസ്

**ചരിത്രപഥം** 20
ഇഗ്നേഷ്യസ് തോമസ്

**ഒരുമിച്ചുള്ള യാത്ര: ഒരാത്മീയ പ്രക്രിയ** 22
റവ. മോൺ. തോമസ് ജെ. നെറ്റോ

**നീർച്ചാൽ** 34

**വാർത്തകൾ** 38

**വചനജ്വാല** 39

**വായന** 40
താരാ ഇഗ്നേഷ്യസ്

**നേർക്കാഴ്ച** 42
ജെ.സി.












# ഐതിഹാസിക വിജയമുറപ്പിച്ച അന്നദാതാക്കൾക്ക് അഭിവാദ്യം!

സ്വതന്ത്രഭാരതം കണ്ട ഏറ്റവും വലിയ പ്രക്ഷോഭ ജേതാക്കളായ കർഷകർക്ക് അഭിവാദ്യം! അന്നദാതാക്കളായ കർഷകരെ കൊടും തണുപ്പിലും, പൊരി വെയിലിലും കോവിഡ് മഹാമാരിയിലും പ്രകൃതി ദുരന്തങ്ങളിലുംപെട്ട് നരകിക്കാൻ വിട്ടുകൊടുത്ത ഭരണകൂട ഭീകരതയ്ക്കേറ്റ കനത്ത തിരിച്ചടിയാണ് 2021 നവംബർ 19-ാം തീയതി പ്രധാനമന്ത്രി രാജ്യത്തോട് നടത്തിയ 'കാർഷിക നിയമങ്ങൾ' പിൻവലിക്കും എന്ന പ്രസ്താവന. സിക്ക്ജനതയുടെ ദിവ്യ ഗുരുവിന്റെ ജയന്തി ദിനത്തിൽ മൂന്ന് കാർഷിക നിയമങ്ങളും പിൻവലിക്കാൻ കൈക്കൊണ്ട നടപടി ദേശീയതലത്തിൽ വ്യാപിച്ചുകഴിഞ്ഞ സമരത്തെ ചുരുക്കിക്കാണാനുള്ള കുത്സിത നീക്കമാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

2020 സെപ്റ്റംബർ 14 ന് പാർലമെന്റിന്റെ ശൈത്യകാല സമ്മേളനത്തിൽ വയ്ക്കുകയും വേണ്ടത്ര ചർച്ചകൾ കൂടാതെ 15 നും 17 നും പാസ്സാക്കുകയും ചെയ്ത അവശ്യ വസ്തു ഭേദഗതി നിയമം, കാർഷികോൽപ്പന്ന വ്യാപാര-വാണിജ്യ നിയമം, കാർഷിക (ശാക്തീകരണ സംരക്ഷണ) നിയമം എന്നിവ പിൻവലിക്കും എന്ന ഉറപ്പാണ് പ്രധാനമന്ത്രി സമരഭടന്മാർക്ക് നൽകിയിട്ടുള്ളത്. ഈ വാഗ്ദാനം രാജ്യത്തെ കർഷക സമരമുഖത്ത് മുഴങ്ങിക്കൊണ്ടിരിക്കുന്ന 'ജയ് കിസാൻ, ജയ് ജവാൻ' മുദ്രാവാക്യത്തെ കൂടുതൽ ആവേശോജ്ജ്വലമാക്കുകയാണ്.

രാജ്യത്തെ അറുപത് ശതമാനത്തിലധികം വരുന്ന തൊഴിലാളി വിഭാഗമായ കർഷകരുടെ അഭിപ്രായം കേൾക്കാൻ തയ്യാറാകാതെയുള്ള ഭരണകൂട നീക്കത്തെ പല സന്ദർഭത്തിലും പരമോന്നത നീതിപീഠം വിമർശിച്ചിരുന്നു. കൂടാതെ സ്വമേധയാതന്നെ ഈ വിഷയം പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് കമ്മിഷനെയും നിയോഗിച്ചിരുന്നു.

രാജ്യത്തെ കൃഷിയിടങ്ങളും ഭക്ഷണക്രമം പോലും വൻ കോർപ്പറേറ്റുകൾക്ക് തീറെഴുതാനുള്ള നീക്കങ്ങളെ തിരിച്ചറിഞ്ഞ കർഷകർ 2020 നവംബർ മുതൽ രാജ്യതലസ്ഥാനമായ ഡൽഹിയുടെ അതിർത്തി പ്രദേശങ്ങളായ തിക്രി,



**ഫാ. യൂജിൻ എച്ച്. പെരേര**
സിബിസിഐ ലേബർ
കമ്മിഷൻ സെക്രട്ടറി

സിംഘു, ഗാസിപൂർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് സമര ക്യാമ്പുകൾ തീർത്തു. വയോധികരും സ്ത്രീകളും ഉൾപ്പെട്ട പതിനായിരക്കണക്കിന് സമരഭടന്മാർ കൊടും തണുപ്പിനെയും, പൊരിയുന്ന വെയിലിനെയും പ്രകൃതി ദുരന്തങ്ങളെയും അതിജീവിക്കാൻ തക്ക ക്രമീകരണങ്ങളോടെയാണ് സമരത്തിൽ അണിനിരന്നത്. പഞ്ചാബ്, ഹരിയാന, ഛത്തിസ്ഗഢ്, ഉത്തർപ്രദേശ്, രാജസ്ഥാൻ, മധ്യപ്രദേശ് തുടങ്ങിയ സ്ഥലങ്ങളിലെ കർഷകർ ആയിരക്കണക്കിന് ട്രാക്ടറുകൾ രാജ്യതലസ്ഥാനത്തിന്റെ അതിർത്തികളിൽ നിരത്തി. നൂറുകണക്കിന് ട്രാക്ടറുകൾ കിടപ്പുമുറികളായി ക്രമീകരിച്ചു. സ്ത്രീ തൊഴിലാളികൾക്കായി പ്രത്യേക സജ്ജീകരണങ്ങളും ഏർപ്പെടുത്തി. ശുചിമുറികൾ, വാഷിംഗ് സെന്ററുകൾ, ലൈബ്രറികൾ, പുസ്തക വിതരണശാലകൾ, പാൽ വിതരണ കേന്ദ്രങ്ങൾ, ആരോഗ്യപരിചരണ സൗകര്യങ്ങൾ എന്നിവ വളരെ കരുതലോടുകൂടി തന്നെ ചെയ്തിരുന്നു. സമരത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം ലഭ്യമാക്കുന്നതിന് അരിയും, പലചരക്കുകളും വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങളും നടത്തിയശേഷമാണ്. 'ഡൽഹി ചലോ' എന്ന മുദ്രാവാക്യമുയർത്തി രാജ്യത്തെ കർഷകർ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഡൽഹിയിലേക്ക് ഒഴുകി എത്തിയത്. മഹാത്മാഗാന്ധിയുടെ അഹിംസാസിദ്ധാന്തത്തെ മുറുകെ പിടിച്ചുകൊണ്ട് വളരെയേറെ അച്ചടക്കത്തോടെയാണ് സമര ഭൂമിയിലേക്ക് ജനലക്ഷങ്ങൾ ഒഴുകിയെത്തിക്കൊണ്ടിരുന്നത്.

ഇടയ്ക്കിടെ സമരസ്ഥലത്തും ജാഥകളിലും നുഴഞ്ഞുകയറിയും മുൻകൂർ ആസൂത്രണം ചെയ്തും സംഘർഷാവസ്ഥ സൃഷ്ടിച്ച് സമരത്തെ നിർവീര്യമാക്കാൻ ശ്രമിച്ചെങ്കിലും സംഘാടകരുടെ നേതൃപാടവത്തിന് മുന്നിൽ അത്തരം നിഗൂഢനീക്കങ്ങൾ നിഷ്പ്രഭവമാവുകയാണുണ്ടായത്. കൂടാതെ വളരെ അച്ചടക്കം പാലിച്ചുകൊണ്ട് നടത്തിയ പ്രതിഷേധ പ്രകടനങ്ങൾ അന്തർദേശീയ ശ്രദ്ധ ആകർഷിച്ചു. വിദേശ രാജ്യങ്ങളിൽ നിന്നുയർന്നുവന്ന പ്രതിഷേധങ്ങളെ വിലകുറഞ്ഞ പ്രതികരണങ്ങൾകൊണ്ട് തടയാൻ ശ്രമിച്ചെങ്കിലും അവ രാജ്യാന്തരങ്ങളിൽ ഇന്നു മുഖരിതമായിക്കൊണ്ടിരിക്കുകയാണ്.

ഇതിനിടെ, ഹരിയാനയിലും ഉത്തർപ്രദേശിലും സമരക്കാർക്കെതിരെ ആക്രമണങ്ങൾ അഴിച്ചുവിട്ടിരുന്നു. ലംഖിംപൂർ ഖേരിയിൽ സമാധാനപരമായി പ്രതിഷേധിച്ചിരുന്ന കർഷകരുടെ മേൽ വാഹനവ്യൂഹം ഇടിച്ചു കയറ്റി നാലുകർഷകരുടെ മരണത്തിനും അനേകരുടെ ക്ഷതത്തിനും ഇടയാക്കിയ സംഭവം രാജ്യത്തിന്റെ ജനാധിപത്യവ്യവസ്ഥയ്ക്കു തന്നെ കളങ്കമായിമാറി. ഈ സംഭവത്തോട് ഭരണകൂടം ലജ്ജാകരമായ മൗനം പാലിക്കുകയാണുണ്ടായത്. കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ പുത്രൻ അഴിച്ചുവിട്ട അക്രമം മറച്ചുവയ്ക്കാൻ നടത്തിയ നിഗൂഢനീക്കത്തെ സുപ്രീം കോടതിയുടെ അവസരോചിതമായ ഇടപെടലാണ് രാജ്യത്ത് നീതിയും ജനാധിപത്യവും പുലരും എന്ന ശുഭ പ്രതീക്ഷ നൽകിയത്.

സമരമുഖത്ത് കണ്ട സ്ത്രീ സാന്നിധ്യം നമ്മുടെ രാജ്യത്ത് വളർന്നുവരുന്ന പുതിയ നേതൃനിരയിലേക്ക് വിരൽചൂണ്ടുന്നു. കോവിഡ് മഹാമാരിയെ നേരിടാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ വനിതാ ഭരണാധികാരികൾ കാണിച്ച ആർജ്ജവം പ്രത്യേകം ശ്രദ്ധേയമാണ്. ജർമ്മനിയിൽ ആഞ്ചെല മെർക്കലും ന്യൂസിലാന്റിൽ ജസിന്ത ആർഡനും, നമ്മുടെ സംസ്ഥാനത്ത് ഷൈലജ ടീച്ചറും മാതൃകയാകുന്നതുപോലെ കർഷക പ്രക്ഷോഭരംഗത്ത് ജ്വലിച്ചുനിന്ന സുഖ്മാനിയും ജസ്‌വീർകൗറും ഭാരതീയരായ ഏവർക്കും അഭിമാനമാണ്. കർഷക സമരത്തിന്റെ വിജയം ജനാധിപത്യത്തിന്റെ വിജയമാണ്. രാജ്യം ഈ അടുത്തകാലത്ത് അനുവർത്തിച്ചുവരുന്ന വികസന സമീപത്തിന്റെ പുനർവായനയുടെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. മൂന്നു കാർഷിക നിയമങ്ങൾക്ക് പുറമെ തിടുക്കത്തിൽ പാസാക്കിയ നാല് തൊഴിൽ കോഡുകൾ, ഇന്ത്യൻ



**ഒരു വർഷം നീണ്ടുനിന്ന കർഷക പോരാട്ടമുഖത്ത് എഴുന്നൂറിലേറെ വിലപ്പെട്ട ജീവനുകളാണ് ഹോമിക്കപ്പെട്ടത്. 2003 ൽ ലോക വ്യാപാര സംഘടന ഉടമ്പടികൾക്ക് അന്തിമരൂപം നൽകുന്നതിനായി മെക്സിക്കോയിൽവച്ച് നടത്തിയ ലോക വ്യാപാര സംഘടനയുടെ നീക്കങ്ങളെ പൗരപ്രതിഷേധത്തിലൂടെയാണ് നിർത്തിവയ്പ്പിക്കാൻ കഴിഞ്ഞത്. അന്ന് ആത്മാഹൂതി ചെയ്ത കൊറിയൻ കർഷകർ നടത്തിയ പോരാട്ട വിജയം മനുഷ്യോചിതമല്ലാത്ത വികസന സമീപനങ്ങളുടെ പുനർവായനയ്ക്കും, മനുഷ്യമുഖമുള്ള വികസന സമീപന സൃഷ്ടിക്കുമുള്ള ആഹ്വാനമാണ്.**

ബ്ലൂ ഇക്കോണമി നയം, 2020 ൽ പുറപ്പെടുവിച്ച ദേശീയ മത്സ്യനയം, 2021 ൽ പാസാക്കിയ വൈദ്യുതി ഭേദഗതി നിയമം, അണിയറയിൽ ഒരുങ്ങിക്കൊണ്ടിരിക്കുന്ന ദേശീയ മത്സ്യബന്ധന നിയമം തുടങ്ങി മഹാമാരിയുടെ മദ്ധ്യേ രാജ്യത്തെ സ്വകാര്യ കുത്തകകൾക്ക് തീറെഴുതാനായി കൈക്കൊണ്ട നീക്കങ്ങൾ പുനഃപരിശോധിക്കണം. കൂടാതെ മഹാമാരി സന്ദർഭത്തിൽ സ്വകാര്യ കുത്തകകൾക്ക് കൈമാറിയ പൊതുമേഖലാ സ്ഥാപനങ്ങളെ കുറിച്ചും വിശദമായ വിശകലനം ആവശ്യമാണ്. സ്വകാര്യ കുത്തകകകൾക്ക് ലാഭം കൊയ്യാൻ ഭരണകൂടം നൽകിയ കൈയയഞ്ഞ സഹായത്തിന്റെ പരിണിതഫലമാണ് ദൈനംദിനം കുതിച്ചുയരുന്ന പെട്രോൾ, ഡീസൽ, ഗ്യാസ്, വിലയും, നിത്യോപയോഗ സാധനങ്ങളുടെ വിലവർധനവും, ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ കോർപ്പറേറ്റുകൾക്ക് പരവതാനി വിരിക്കാനുള്ള നടപടികളും ധ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുതയും വിസ്മരിച്ചുകൂടാ.

ഒരു വർഷം നീണ്ടുനിന്ന കർഷക പോരാട്ടമുഖത്ത് എഴുന്നൂറിലേറെ വിലപ്പെട്ട ജീവനുകളാണ് ഹോമിക്കപ്പെട്ടത്. 2003 ൽ ലോക വ്യാപാര സംഘടന ഉടമ്പടികൾക്ക് അന്തിമരൂപം നൽകുന്നതിനായി മെക്സിക്കോയിൽവച്ച് നടത്തിയ ലോക വ്യാപാര സംഘടനയുടെ നീക്കങ്ങളെ പൗരപ്രതിഷേധത്തിലൂടെയാണ് നിർത്തിവയ്പ്പിക്കാൻ കഴിഞ്ഞത്. അന്ന് ആത്മാഹൂതി ചെയ്ത കൊറിയൻ കർഷകർ നടത്തിയ പോരാട്ട വിജയം മനുഷ്യോചിതമല്ലാത്ത വികസന സമീപനങ്ങളുടെ പുനർവായനയ്ക്കും, മനുഷ്യമുഖമുള്ള വികസന സമീപന സൃഷ്ടിക്കുമുള്ള ആഹ്വാനമാണ്. തളരാതെ, പതറാതെ, കോടാനുകോടി പൗരന്മാരുടെ പ്രതീക്ഷകൾക്ക് നിറംചാർത്തി അജയ്യരായി നിൽക്കുന്ന കർഷക നേതാക്കൾക്കും, അവരെ പിന്തുണച്ച പൗരാവലിക്കും, വരുംതലമുറകളുടെ പ്രതീക്ഷകളെ ഉയർത്തിപ്പിടിക്കാനാകട്ടെ! ■







**തിരുവനന്തപുരം അതിരൂപതയും ദേവസഹായം പിള്ളയും തമ്മിലുള്ള ബന്ധം ഓർമ്മിപ്പിക്കുന്ന ലേഖനം**

# അനന്തപുരിയും ദേവസഹായവും



**രതീഷ് ഭജനമഠം**
ആലപ്പുഴ

ക്രൈസ്തവ വിശ്വാസം കാത്തു സംരക്ഷിക്കുന്നതിനുവേണ്ടി ജീവിതം ഒരു സഹനബലിയായി ദൈവ തിരുസന്നിധിയിൽ അതീവ തീക്ഷ്ണതയോടും വീരോചിതമായും സമർപ്പിച്ച ഭാരതത്തിലെ പ്രഥമ അൽമായ വേദസാക്ഷി ദേവസഹായത്തിന്റെ വിശുദ്ധപദ പ്രഖ്യാപനം തിരുവനന്തപുരം റോമൻ അതിരൂപതാ സമൂഹത്തിന് ഏറെ സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും പുണ്യ മുഹൂർത്തമാണ്. രക്തസാക്ഷിയുടെ ജീവചരിത്രഗ്രന്ഥകർത്താവായ അമലഗിരി അന്തോണിമുത്തുവിന്റെ 'വിശ്വാസദീപം' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നതുപ്രകാരം ക്രിസ്തുവിലുള്ള ഉറച്ച വിശ്വാസത്തെ പ്രതി അദ്ദേഹത്തിന് തിരുവിതാംകൂറിലെ 8 താലൂക്കുകളിൽ നിന്നും അതിക്രൂരവും നിന്ദ്യവുമായ പാടുപീഡകളാണ് സഹിക്കേണ്ടിവന്നത്. അതിൽ ചിറയിൻകീഴ്, തിരുവനന്തപുരം താലൂക്കുകൾ ഇന്നത്തെ തിരുവനന്തപുരം അതിരൂപതയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാണ്. ദേവസഹായത്തിന്റെ വീരമരണത്തെക്കു

റിച്ചുള്ള റിപ്പോർട്ട് അന്നത്തെ കൊച്ചി ബിഷപ്പ് ക്ലെമെൻസ് ജോസഫ് സി. ലെയ്ത്താവോ എസ്.ജെ. റോമിൽ സമർപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ ആസ്ഥാനം ഇന്നത്തെ തിരുവനന്ത പുരം അതിരൂപതയിലെ അഞ്ചുതെ ങ്ങിലായിരുന്നു. ഈ റിപ്പോർട്ടിൽ ദേവ സഹായത്തിന്റെ അതിതീക്ഷ്ണവും വീരോചിതവും സഹനം നിറഞ്ഞതു മായ വിശ്വാസജീവിതം വിവരിച്ചിരിക്കു ന്നു.

നെടുമങ്ങാട് താലൂക്കിലെ അധികാരിയുടെ ക്രൂരമായ ശിക്ഷാന ടപടികൾക്ക് ശേഷം ദേവസ ഹായത്തെ കൊണ്ടുപോയത് ചിറ യിൻകീഴ് താലൂക്കിലായിരുന്നു. ധർമ്മ ധീരനായ ഒരു അപ്പസ്തോലനെ ദർശിച്ച ജനങ്ങളിൽ അനേകർ യേശു വിനെ രക്ഷകനായി സ്വീകരിക്കാൻ തയ്യാറായി. ഇതറിഞ്ഞ് കോപിഷ്ഠനായ ചിറയിൻകീഴ് താലൂക്ക് അധികാരി അഞ്ചുതെങ്ങ് കോട്ടയ്ക്ക് അടുത്തു കൊണ്ടുപോയി അദ്ദേഹത്തെ കെട്ടിവ യ്ക്കുകയും ക്രൈസ്തവർ ഭയപ്പെടു മാറ് മത്സ്യങ്ങൾക്ക് ആഹാരമായി ഒരു മനുഷ്യനെ തരാമെന്ന് പെരു മ്പറകൊട്ടി അറിയിക്കാൻ ഉത്തരവി ട്ടതായി കവി തൊമ്മൻ തിരുമുത്ത് പറ യുന്നു. "അഞ്ചുതെങ്ങ് എന്ന സ്ഥല ത്തുള്ള കോട്ടയിൽ പിള്ളയെ അടിച്ച ടിച്ചുകൊണ്ടുപോയ ഭടന്മാർ ഒരു ദയയും ദൈവഭയവുമില്ലാതെ ഒരു അടിമയെപ്പോലെ അദ്ദേഹത്തെ ക്രൂര മായി ഉപദ്രവിച്ചു." എന്നാണ് ബാല്യ കാല സ്നേഹിതനും ജയിലിൽ ഒപ്പം വസിച്ചിരുന്നവനുമായ തൊമ്മൻ തിരു മുത്ത് പറയുന്നത്. അദ്ദേഹത്തെ സത്യവിശ്വാസത്തിലേക്ക് കൊണ്ടു വന്ന ആത്മാർത്ഥ സുഹൃത്ത് തിരുവി താംകൂറിന്റെ വലിയ കപ്പിത്താൻ ഡില നോയിയുടെ ചില ബന്ധുജനങ്ങൾ അഞ്ചുതെങ്ങിൽ താമസിച്ചിരുന്നു. ഡിലനോയി പ്രിയ സുഹൃത്തിന് മിക്ക പ്പോഴും കത്തുകൾ വഴി വിശ്വാസ ത്തിൽ ഉറച്ചുനിൽക്കാനുള്ള ഉപദേശം നൽകിയിരുന്നു. അദ്ദേഹത്തിന്റെ ആഴ മായ പ്രാർത്ഥനാ ജീവിതത്തെക്കുറിച്ച് അറിഞ്ഞ് പല വിഭാഗം ജനങ്ങളും അവിടെ എത്തിയിരുന്നു. 1750 ജൂലൈ 30 മുതൽ ആഗസ്റ്റ് 31 വരെയാണ് ചിറ യിൻകീഴ് താലൂക്ക് അധികാരിയുടെ തടവിൽ പാർത്ത് കൊടിയപീഡന ങ്ങൾ സഹിച്ചത്.

## കുരിശിന്റെ പാതയിൽ ദേവസഹായത്തിന്റെ ഭാര്യയും

**കുറെ കാലമായി ഭർത്താവിനെ കാണാൻ കഴിയാതെ അതീവ ദുഃ ഖിതയായിരുന്ന ഭാര്യ ജ്ഞാനപ്പൂ ഭർത്താവിനെ അന്വേഷിച്ച് അല ഞ്ഞുനടന്നു. ഏറെ കഷ്ടപ്പാടു കൾ സഹിച്ച് ജ്ഞാനപ്പൂ തിരു വനന്തപുരം പാളയത്ത് ഒരു പൂ വരശ് മരത്തിൽ കെട്ടിവച്ചിരുന്ന ദേവസഹായത്തെ കണ്ട് ഏറെ സ ങ്കടപ്പെട്ട് കരഞ്ഞു. കഴുത്തിൽ കു രിശ് ധരിച്ചിരുന്ന ഭാര്യയും തന്നെ പോലെ വിശ്വാസത്തിൽ അടിയു റച്ച് നിൽക്കുന്നതുകണ്ട് അദ്ദേ ഹം സന്തോഷത്തോടെ അവൾ ക്ക് ഉപദേശങ്ങൾ നൽകി ആശ്വ സിപ്പിച്ചു. ദൈവത്തെ പ്രതി നാം സഹിക്കുമ്പോൾ ദൈവം നമ്മോ ടുകൂടെയായിരിക്കുമെന്നും ദൈ വം നമുക്ക് നൽകുന്ന അനുഗ്ര ഹങ്ങളെ ഓർത്ത് നാം നന്ദിയോ ടെ ദൈവത്തെ സ്തുതിക്കണമെ ന്നും നമ്മെ സഹായിക്കാനായി ദൈവം മാലാഖമാരെ അയിച്ചിട്ടു ണ്ടെന്നും യേശുവിന്റെ അമ്മയാ യ പരിശുദ്ധ കന്യക മറിയം ന മുക്ക് കൂട്ടായിരിക്കും എന്നും അ ദ്ദേഹം ഭാര്യയെ ഉപദേശിച്ചു. അ പ്പോൾ ജ്ഞാനപ്പൂ ഭയപ്പെടുമാറ് അവരുടെ അടുത്ത് ഒരു പൈശാ ചിക ശക്തി പ്രത്യക്ഷപ്പെട്ട് നിന്റെ ഭാര്യയ്ക്കുവേണ്ടിയെങ്കിലും നീ മാ റണമെന്നും രാജാവിന്റെ കല്പന അനുസരിക്കണമെന്നും പറഞ്ഞു. പരിശുദ്ധ ത്രിത്വത്തിന്റെ ശക്തമാ യ നാമത്തിൽ ആജ്ഞാപിച്ചുകൊ ണ്ട് ദേവസഹായം ആ പിശാചിനെ ഓടിച്ചു. തുടർന്ന് ജ്ഞാനപ്പൂ ദൈ വത്തെ സ്തുതിച്ച് പ്രാർത്ഥിച്ചു. ഒ രു സ്വർഗീയ മാലാഖ അവർക്ക് പ്ര ത്യക്ഷപ്പെട്ട് അവരെ അനുഗ്രഹി ച്ചു. "അവർ കരഞ്ഞുകൊണ്ടിരുന്ന പ്പോൾ നിർമലനായ ഒരു ദൈവ ദൂതൻ അവിടെ പ്രത്യക്ഷപ്പെട്ടു. 'ദൈവത്തിന്റെ അനുഗ്രഹം ലഭിച്ച വനായ നീ കുറച്ചുവേദനകൾക്കു ശേഷം മോക്ഷപദം പ്രാപിക്കും' എന്നുപറഞ്ഞ് അപ്രത്യക്ഷനായി. ഈ സ്വർഗീയ വാക്കുകൾ ശ്രവി ച്ച ദേവസഹായവും ഭാര്യയും സ മാധാനപ്പെട്ടു."**

*(കവി തൊമ്മൻ തിരുമുത്തിന്റെ വിവരണത്തിൽ നിന്ന്)*

തുടർന്ന് വിചാരണയ്ക്കായി തിരുവ നന്തപുരം താലൂക്കിൽ കൊണ്ടുപോ യി. തിരുവനന്തപുരത്ത് കഴിഞ്ഞി രുന്ന ദേവസഹായത്തെ കാണാൻ തീരദേശത്തുനിന്ന് അനേകർ വന്നതു കൊണ്ട് രഹസ്യമായി പാർപ്പിക്കാൻ രാജാവ് ഉത്തരവിട്ടതായി ആത്മീയ ഗുരുവായ ഫാ. ബുട്ടാരി എഴുതിയി ട്ടുണ്ട്.

തിരുവനന്തപുരം താലൂക്ക് അധികാരി ദേവസഹായത്തെ വിചാ രണ ചെയ്തു. കള്ള സാക്ഷ്യങ്ങളു മായി ചില പ്രമാണിമാർ എത്തിയി രുന്നു. പരുഷമായ വാക്കുകൾ ഉപ യോഗിച്ച് സംസാരിച്ച അധികാരി കുരങ്ങുകളെ അടച്ചിരുന്ന കൂട്ടിൽ അടയ്ക്കുവാൻ കല്പിച്ചു. തുടർന്ന് ദുർഗന്ധപൂരിതമായിരുന്ന കുരങ്ങുക ളുടെ കൂട്ടിൽ ഭടന്മാർ അദ്ദേഹത്തെ അടച്ചു. അതിനകത്ത് കുനിയു വാനോ നിവരുവാനോ സാധി ക്കാത്ത ദയനീയ അവസ്ഥയായിരു ന്നു. അതിക്രൂരവും നിന്ദ്യവുമായ ഈ പീഡനങ്ങൾക്ക് സാക്ഷിയാകു വാൻ ധാരാളം ക്രൈസ്തവർ വന്നി രുന്നതായി ഫാ. ബുട്ടാരി എഴുതിയി

ട്ടുണ്ട്. ഇത്രയും നീചവും ക്രൂരവുമായ കഷ്ടതകൾ അനുഭവിച്ചിട്ടും മനസ്സ് പതറാതെ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ അടിയുറച്ച് നിന്ന ദേവസഹായത്തെ എരുമപ്പുറത്ത് ഇരുത്തി പകൽ പല തെരുവുകളിലും കൊണ്ടുപോയശേഷം രാത്രി പൂവരശ് മരത്തിൽ കൊണ്ട് കെട്ടിയിടാൻ അധികാരി ഉത്തരവിട്ടു. എല്ലാ കൊടിയ പീഡനങ്ങളെയും ഓർത്ത് ദൈവതിരുസന്നിധിയിൽ ആഴപ്പെട്ട് പ്രാർത്ഥിച്ചു. 1750 സെപ്തംബർ 1 മുതൽ 30 വരെയാണ് ദേവസഹായം തിരുവനന്തപുരം താലൂക്കിൽ ക്രൂരമായ പീഡനങ്ങൾ അനുഭവിച്ചത് എന്ന് 'വിശ്വാസദീപം' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ദേവസഹായംപിള്ള കാറ്റാടി മലയിൽ വച്ച് രാജകല്പന പ്രകാരം തിരുവിതാംകൂർ ഭടന്മാരുടെ വെടിയേറ്റ് സത്യവിശ്വാസത്തെ പ്രതി വീരമരണം പ്രാപിക്കുമ്പോൾ കോട്ടാറും തിരുവനന്തപുരവും ഉൾപ്പെടുന്ന തിരുവിതാംകൂർ പ്രദേശങ്ങൾ പുരാതനമായ കൊച്ചിരൂപതയുടെ ഭാഗമായിരുന്നു. കൊച്ചിയിലെ ഡച്ച് അധിനിവേശത്തെ തുടർന്ന് അഞ്ചുതെങ്ങിലെ താൽക്കാലിക വൈദിക വസതിയിൽ താമസിച്ചിരുന്ന അന്നത്തെ കൊച്ചി മെത്രാൻ ബിഷപ്പ് ക്ലെമൻസ് ജോസഫ് സി. ലെയ്ത്താവോ എസ്.ജെ., ദേവസഹായം രക്തസാക്ഷിത്വം വരിച്ചത് അറിഞ്ഞയുടൻ തിരുവിതാംകൂർ പ്രദേശങ്ങൾ ഉൾപ്പെടുന്ന വിശാല കൊച്ചി രൂപതയ്ക്ക് ഒരു വേദസാക്ഷിയെ കിട്ടിയതിന്റെ നന്ദി സൂചകമായി തന്റെ അന്നത്തെ കത്തിഡ്രലായ അഞ്ചുതെങ്ങ് സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ വച്ച് സർവശക്തനായ ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് പൊന്തിഫിക്കൽ ദിവ്യബലിയും 'തെദേവും' എന്ന സ്തോത്രഗീതവും അർപ്പിച്ചു. ദിവ്യബലിക്ക് എത്തിയിരുന്ന എല്ലാ വിശ്വാസികളോടും അദ്ദേഹത്തിന്റെ ആഴമായ ദൈവികജ്ഞാനത്തെയും സഹനശക്തിയേയും ക്ഷമശീലത്തേയും പുണ്യപ്രവർത്തികളെയും ശത്രുസ്നേഹത്തേയും ധീരരക്ഷസാക്ഷിത്വത്തെയും വിവരിച്ചുകൊണ്ട് ബിഷപ്പ് സുദീർഘമായൊരു പ്രഭാഷണവും നടത്തി. ധീരമരണത്തെക്കുറിച്ച് അദ്ദേഹം ഇടയലേഖനം വഴി എല്ലാ ഇടവകകളേയും അറിയിക്കുകയും 'തെദേവും' എന്ന സ്തോത്രഗീതം ആലപിക്കാനും മരണാനന്തര ശുശ്രൂഷ ആചരിച്ച് പ്രാർത്ഥിക്കുവാനുമുള്ള കല്പനയും പുറപ്പെടുവിച്ചു. തുടർന്ന് നാലുവർഷങ്ങൾക്ക് ശേഷം 1756 നവംബർ 15 ന് ദേവസഹായത്തിന്റെ വിരോചിതമായ സഹനജീവിതത്തെയും രക്ഷസാക്ഷിത്വത്തെയും സംബന്ധിക്കുന്ന സമ്പൂർണ വിവരങ്ങൾ ആദ്ലിമിന സന്ദർശാവസരത്തിൽ ബനഡിക്ട് 14-ാമൻ പാപ്പയ്ക്ക് ലത്തീൻ ഭാഷയിൽ സമർപ്പിക്കുകയുണ്ടായി. 2005 ൽ വത്തിക്കാനിലെ പുരാരേഖാലയത്തിൽ നിന്ന് കോട്ടാർ രൂപതയിലെ ഫാ. ജോൺ കുളന്തയുടെ പരിശ്രമഫലമായി കണ്ടെത്തിയ ഈ പുരാതന രേഖ നാമകരണ നടപടികൾക്ക് ഏറെ സഹായകമായിത്തീർന്നു.

ദേവസഹായത്തിന്റെ പീഡാനുഭവനാളുകളിൽ നമ്മുടെ അതിരൂപതയിലെ ഏതാനും പ്രദേശങ്ങളും ഉൾപ്പെടുവാനും അതുവഴി ഈ പ്രദേശങ്ങൾ അനുഗൃഹീതമാകാനും ഇടയായതിൽ നമുക്ക് അഭിമാനിക്കാം. "വാഴ്ത്തപ്പെട്ട ദേവസഹായത്തിന്റെ വിശ്വാസ മാതൃകയെക്കുറിച്ച് ആഴമായി ധ്യാനിക്കാനും അദ്ദേഹത്തിന്റെ വിശ്വാസചൈതന്യം ജീവിതത്തിൽ പകർത്താനും മറ്റാരെയുംകാൾ മുന്നോട്ട് വരേണ്ട ചുമതല നമുക്കുണ്ട്" എന്നാണ് ആർച്ച് ബിഷപ്പ് സൂസപാക്യം പിതാവ് അതിരൂപത സമൂഹത്തോട് ആഹ്വാനം ചെയ്തത്. 'ഹൈന്ദവ മാതാപിതാക്കളിൽ നിന്നും ജനിക്കുകയും ആ മതാചാരങ്ങളനുസരിച്ച് 33 കൊല്ലം വളർന്നുവരികയും ചെയ്ത ദേവസഹായത്തിന് വെറും 7 കൊല്ലം മാത്രമേ ക്രിസ്ത്യാനിയായി ജീവിക്കാൻ ഭാഗ്യം ലഭിച്ചുള്ളൂ. എങ്കിലും നൂറ്റാണ്ടുകളായി ക്രൈസ്തവ പാരമ്പര്യമുണ്ടെന്ന് അഭിമാനിക്കുന്ന നമുക്കാർക്കും സാധിക്കാത്ത രീതിയിൽ ചുരുങ്ങിയ സമയം കൊണ്ട് വലിയൊരു വിശുദ്ധനാകുവാൻ ദേവസഹായം പിള്ളയ്ക്ക് സാധിച്ചു." എന്നും വേദസാക്ഷിയെ അനുസ്മരിച്ച് സൂസപാക്യം പിതാവ് രേഖപ്പെടുത്തിയിരിക്കുന്നു. ആ ധീരപുണ്യാത്മാവിന്റെ സ്വർഗീയ മാധ്യസ്ഥം വഴി നമ്മുടെ പ്രാർത്ഥനകൾ ദൈവ തിരുമുമ്പിൽ സമർപ്പിക്കാം. ■


**FOURTH DEATH ANNIVERSARY**

*In Loving Memory of*



**Rev. Fr. Richard D'Cruz**

**Died on 21.12.2018**

*- Sorrowing Family*

കാനൻ ലോ

ഫാ. ജോസ് ജി.
ജുഡീഷ്യൽ വികാർ



# ശിശു ജ്ഞാനസ്നാനം: ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ജ്ഞാനസ്നാനം ക്രൈസ്തവ വിശ്വാസത്തിന്റെ പ്രത്യക്ഷമായ അടയാളമാണ്. ക്രൈസ്തവരുടെ ഇടയിൽ വിശ്വാസം കൈമാറപ്പെടുന്ന സജീവമായ ഒരു വേദിയാണ് കുടുംബം. അതുകൊണ്ടുതന്നെ തങ്ങളുടെ മക്കൾക്ക് എത്രയുംവേഗം ജ്ഞാനസ്നാനം നൽകാൻ ക്രൈസ്തവ കത്തോലിക്ക കുടുംബങ്ങൾ ശ്രദ്ധിക്കാറുണ്ട്.

CIC 97§2 പ്രകാരം, പ്രായപൂർത്തിയാകാത്ത വ്യക്തി ഏഴ് വയസ്സ് തികയുന്നതിനുമുമ്പ് ശിശു എന്ന് വിളിക്കപ്പെടുന്നു. ശിശുവിന് തന്റേതായ ഉത്തരവാദിത്വത്തിന് കഴിവില്ലാത്തതാകുന്നു. CIC 99 പ്രകാരം, ആലോചനാശക്തി യിൽ സ്ഥിരമായി (habitually) ന്യൂനതയുള്ള വ്യക്തിയെ തന്റെ ഉത്തരവാദിത്വത്തിന് കഴിവില്ലാത്തതായി കണക്കാക്കുകയും ശിശുവായി പരിഗണിക്കപ്പെടുകയും ചെയ്യുന്നു. ഇവയനുസരിച്ച് രണ്ടുഗണത്തിൽപ്പെട്ടവരെയാണ് ശിശുക്കളായി പരിഗണിക്കുന്നത്:

(1) ഏഴ് വയസ്സ് പൂർത്തിയാകാത്ത കുട്ടികൾ;

(2) ആലോചനാശക്തിയിൽ സ്ഥിരമായി ന്യൂനതയുള്ളവർ

ശൈശവജ്ഞാനസ്നാനത്തെക്കുറിച്ചും മാതാപിതാക്കളുടെ ചുമതലകളെ ക്കുറിച്ചും ലത്തീൻ സഭയ്ക്കു വേണ്ടിയുള്ള കാനോൻ നിയമം (CIC) പഠിപ്പിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ജ്ഞാനസ്നാനം സ്വീകരിക്കേണ്ട കുട്ടിയുടെ മാതാപിതാക്കൾ ജ്ഞാനസ്നാനം എന്ന കൂദാശയുടെ അർത്ഥവും അതിനോടനുബന്ധിച്ചുള്ള കടമകളും ശരിയാംവണ്ണം ബോധ്യപ്പെടണം (CIC 851, 2°). അതിനായി ജനനത്തിനുശേഷമോ ജനനത്തിനുമുമ്പോ ശിശുവിന് ജ്ഞാനസ്നാനം നല്കണമെന്ന് ഇടവക വികാരിയെ കണ്ട് അപേക്ഷിക്കാനും അതിന് തങ്ങളെത്തന്നെ വേണ്ടവിധം ഒരുക്കാനും മാതാപിതാക്കൾക്ക് കടമയുണ്ട് (CIC. 867§ 1).

2. ക്രിസ്തീയ വിശ്വാസത്തിന് വിരുദ്ധമായ പേര് നല്കാതിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതാണ് (CIC 855).

3. മതിയായ പ്രത്യേക കാരണങ്ങളില്ലെങ്കിൽ മാതാപിതാക്കളുടെ ഇടവക ദൈവാലയത്തിൽ വച്ചായിരിക്കണം കുഞ്ഞിന് ജ്ഞാനസ്നാനം നല്കേണ്ടത് (CIC. 857§ 2).

4. തങ്ങളുടെ ശിശുക്കൾ ആദ്യ ആഴ്ചകളിൽത്തന്നെ ജ്ഞാനസ്നാനം സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള കടമ മാതാപിതാക്കൾക്കുണ്ട് (CIC. 867§ 1).




# ജൂബിലി നിറവിൽ നെയ്യാറ്റിൻകര രൂപത

**തിരുവനന്തപുരം രൂപത വിഭജിച്ച് 25 വർഷം മുൻപ് സ്ഥാപിച്ച നെയ്യാറ്റിൻകര രൂപതയുടെ ചരിത്രവും പ്രവർത്തനവും പ്രതീക്ഷകളും പങ്കുവയ്ക്കുന്ന ലേഖനം**



**റവ. ഡോ. ഗ്രിഗറി ആർബി**
ആലുവാ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്
ദൈവശാസ്ത്രവിഭാഗം തലവൻ

ജൂബിലി ആഘോഷങ്ങളുടെ അടിസ്ഥാനം ബൈബിളിലെ ഉത്പത്തി പുസ്തകത്തിൽ പറയുന്നതനുസരിച്ച്, സൃഷ്ടി കർമത്തിനുശേഷം ദൈവം നടത്തിയ വിശ്രമവുമായി ബന്ധപ്പെട്ടതാണ്. ദൈവം സർവ്വതും ആറുദിവസം കൊണ്ട് സൃഷ്ടിക്കുകയും ഏഴാം ദിവസം വിശ്രമിക്കുകയും ആ ദിവസത്തെ വിശുദ്ധീകരിക്കുകയും ചെയ്തു (ഉത്പത്തി 2:3). സാബത്തുദിവസമെന്ന് അറിയപ്പെടുന്ന ഏഴാം ദിവസം ദൈവത്തെപ്പോലെ ജോലികളിൽനിന്നുമാറി വിശ്രമിക്കുവാനും അവിടുത്തെ അത്ഭുതാവഹമായ പ്രവൃത്തികൾ നോക്കിക്കണ്ട് മഹത്വപ്പെടുത്തി ആരാധിച്ചു വിശുദ്ധീകരിക്കുവാനും ദൈവം ആഹ്വാനം ചെയ്തു. ഈ വിശ്രമം മനുഷ്യർക്കെന്നപോലെ മറ്റെല്ലാസൃഷ്ടികൾക്കും ബാധകമാണെന്നു അവിടുന്ന് പഠിപ്പിച്ചു. ജൂബിലി വർഷം മനുഷ്യർക്കൊപ്പം മൃഗങ്ങൾക്കും ഭൂമിക്കും വിശ്രമിക്കുവാനുള്ള അവസരമായി ദൈവം കല്പിച്ചു (ലേവ്യ 25: 8–15, നിയമാവർത്തനം 15:1–15).

ദൈവത്തിന്റെ വിശ്രമപശ്ചാത്തലത്തിൽ ഏഴാം ദിവസം ശ്രേഷ്ഠമായി മാറിയതുപോലെ ഏഴാം വർഷവും ആനന്ദത്തിന്റെയും അനുഗ്രഹത്തിന്റെയും വർഷമായി പരിണമിച്ചു. ഇപ്രകാരം ഏഴുവർഷങ്ങൾ ചേരുന്ന 49–ാം വർഷം കഴിഞ്ഞുവരുന്ന 50–ാം വർഷം സവിശേഷതയുള്ള വർഷമായതിനാൽ ജൂബിലി വർഷമായി ആഘോഷിക്കുവാൻ ദൈവം ആവശ്യപ്പെട്ടു. ദൈവം നല്കിയ കല്പന പ്രകാരം 50–ാം വർഷമാണ് യഥാർഥ ജൂബിലി വർഷം. എന്നിരുന്നാലും, 50 വർഷം ദീർഘമായ ഒരു കാലഘട്ടമായതിനാലും അതുവരെ ജീവിച്ചിരിക്കുമെന്ന് ഉറപ്പൊന്നുമില്ലാത്തതിനാലും 25–ാം വർഷം സിൽവർജൂബിലിയായി മുൻകൂട്ടി ജൂബിലിയാഘോഷിച്ചു പോരുന്നു.

ബൈബിൾ സന്ദേശത്തിന്റെ വെളിച്ചത്തിൽ ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയുകയും തുടർന്നുള്ളതീർഥാടനത്തിന് ശക്തി സംഭരിക്കുവാൻ പ്രാർഥിക്കുകയും ചെയ്ത പുണ്യദിനമായി മാറി നെയ്യാറ്റിൻകര രൂപതയുടെ ജൂബിലി ആഘോഷം. നെയ്യാറ്റിൻകര രൂപതാസ്ഥാപനത്തിന്റെ 25–ാം വാർഷികവും രൂപതാദ്ധ്യക്ഷനായ റൈ

റ്റ് റവ. ഡോ. വിൻസെന്റ് സാമുവേലിന്റെ മെത്രാഭിഷേകത്തിന്റെ 25-ാം വാർഷികവും സമുചിതം ആഘോഷിച്ചു. രൂപതാ സ്ഥാപന ദിനമായ നവംബർ 1 നു നെയ്യാറ്റിൻകരയിലുള്ള ലോഗോസ് പാസ്റ്ററൽ സെന്ററിലാണ് വർണശബളമായ ഈ ആഘോഷപരിപാടികൾ നടന്നത്. കൃതജ്ഞതാബലിയോടുകൂടി ആരംഭിച്ച ജൂബിലി ആഘോഷങ്ങൾ രൂപതാമക്കളുടെ നന്ദിയുടെയും ആനന്ദത്തിന്റെയും ഒരുമയുടെയും ഉത്സവദിനമായി മാറി. തിരുവനന്തപുരം പ്രോവിൻസിന്റെ കീഴിലുള്ള മെത്രാന്മാരും വ്യത്യസ്ത റീത്തുകളിൽനിന്നുള്ള മെത്രാന്മാരും ഈ കൃതജ്ഞതാബലിക്ക് നേതൃത്വം നല്കി. തുടർന്ന് നടന്ന പൊതുയോഗങ്ങളിൽ സാമൂഹിക രാഷ്ട്രീയനേതാക്കൾ പങ്കെടുത്തതുവഴി രൂപതാ ചരിത്രത്തിന്റെ അവിസ്മരണീയമായ നാഴികക്കല്ലായി ജൂബിലി ആഘോഷം മാറി.

ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ പാപ്പാ 1996 ജൂൺ മാസം 14-ാം തിയതി Ad Aptius provehendum എന്ന അപ്പസ്തോലിക ബുള്ളയിലൂടെയാണു നെയ്യാറ്റിൻകര രൂപത സ്ഥാപിച്ചത്. വി. ഫ്രാൻസിസ് സേവ്യറുടെ പ്രേഷിത പ്രവർത്തനവേളയിൽ ജ്ഞാനസ്നാനം സ്വീകരിച്ച നെയ്യാറ്റിൻകര, വ്ളാത്താങ്കര, അമരവിള, പാറശ്ശാല തുടങ്ങിയ പ്രദേശങ്ങളിൽ അധിവസിച്ചിരുന്നവരുടെ പിൻതലമുറക്കാരാണു രൂപതാ വിശ്വാസികളിൽ ബഹുഭൂരിപക്ഷവും. 1698 ൽ ഈശോ സഭാ വൈദികരുടെ നേതൃത്വത്തിൽ ആരംഭിച്ച നേമം മിഷൻ, രൂപതയുടെ വളർച്ചയിൽ ഒരു നാഴികക്കല്ലായി ഭവിച്ചു. 1775-ൽ അമരവിളയിലാണു ആദ്യ ദേവാലയം സ്ഥാപിതമായത്. പുണ്യശ്ലോകനായ ആർച്ചുബിഷപ്പ് ബൻസിഗർ തിരുമേനിയുടെ പ്രേഷിതപ്രവർത്തനങ്ങളാണ് വിശ്വാസ ജീവിതത്തെ ത്വരിതപ്പെടുത്തുന്നതിനു കാരണമായിമാറിയത്. ഇപ്രകാരം നെയ്യാറ്റിൻകര രൂപതയുടെ ചരിത്രത്തിന്റെ വഴിത്താരകളെ അടുത്തറിഞ്ഞുകൊണ്ട് അതിൽ പങ്കാളികളായവരെ ആദരിക്കുന്ന അവസരമായി ജൂബിലി ദിനം.

തെക്കേ ഇന്ത്യയിൽ സുവിശേഷവൽക്കരണം നടത്തുക എന്ന ലക്ഷ്യത്തോടെയാണു തിരുവനന്തപുരം രൂപത വിഭജിച്ച് നെയ്യാറ്റിൻകര രൂപതയ്ക്ക് രൂപം നല്കിയത്. കർദ്ദിനാൾ ജോസഫ് ടോംകോയാണു പ്രഥമ മെത്രാനായ അഭിവന്ദ്യ വിൻസെന്റ് സാമുവേൽ പിതാവിനെ അഭിഷേകം ചെയ്തത്. പ്രധാനമായും നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകൾ ചേർന്നതാണു നെയ്യാറ്റിൻകര രൂപത. 155769 വിശ്വാസികളും 11 ഫെറോനകളിലായി 89 പ്രധാന ഇടവകകളും 157 സബ് സ്റ്റേഷനുകളും ഉൾപ്പെടെ 246 ദേവാലയങ്ങളും ഈ രൂപതയിലുണ്ട്. 15 പുരുഷസന്യസ്ത ഭവനങ്ങളും, 40-ഓളം സന്യാസിനി ഭവനങ്ങളും 152 വൈദികരും രൂപതയുടെ അജപാലന പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നു. 1587 ബിസിസി യൂണിറ്റുകൾ ഇവിടെ സജീവമായി പ്രവർത്തിച്ചു വരുന്നു. ഇവയെല്ലാം മുൻതലമുറക്കാരുടെ വിയർപ്പിന്റെയും കഠിനമായ അധ്വാനത്തിന്റെയും ത്യാഗോജ്ജ്വലമായ വിശ്വാസസാക്ഷ്യത്തിന്റെയും പരിണിതഫലമാണെന്ന് രൂപത ജൂബിലി ആഘോഷത്തോടുകൂടി തിരിച്ചറിയുകയായിരുന്നു.



കഴിഞ്ഞ 25 വർഷങ്ങൾകൊണ്ട് അത്ഭുതാവഹമായ നേട്ടങ്ങളാണു അഭിവന്ദ്യ വിൻസെന്റ് സാമുവേൽ പിതാവിന്റെ നേതൃത്വത്തിൽ രൂപത കൈവരിച്ചത്. മാതൃരൂപതയായ തിരുവനന്തപുരം അതിരൂപത അതിന് സഹായകമാകുവാൻ പോന്ന രീതിയിൽ അടിസ്ഥാനമേകിക്കൊണ്ട് വളവും വെള്ളവും നല്കിയിരുന്നു. തിരുവനന്തപുരം അതിരൂപതയിൽനിന്ന് ലഭിച്ച ബോധ്യങ്ങളും അനുഭവങ്ങളും വിശ്വാസസ്ഥൈര്യങ്ങളും അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ ധീരമായ നേതൃത്വവും നെയ്യാറ്റിൻകരരൂപതയുടെ വിവിധ മേഖലകളിലുള്ള വളർച്ചയ്ക്ക് വിത്തുപാകി.

**1. വിശ്വാസശാക്തീകരണം:**

വിശ്വാസജീവിതത്തിനു കൂടുതൽ കരുത്തും ഉൻമേഷവും കൈവന്നു. 30-ഓളം പള്ളികൾ പുതിയതായി സ്ഥാപിക്കപ്പെട്ടു. അകത്തോലിക്കാ സഭാവിഭാഗങ്ങളിലേക്കുള്ള പ്രയാണം വളരെ കുറഞ്ഞു. പുതിയതായി ജ്ഞാനസ്നാനം സ്വീകരിച്ചു സഭയിലേക്കു കടന്നുവരുന്നവരുടെ എണ്ണം പതിൻമടങ്ങു വർദ്ധിച്ചു. കൂദാശ സ്വീകരണത്തിനു കൂടുതൽ അവസരങ്ങളുണ്ടായി. രൂപതാ വിഭജനത്തിനു മുൻപു അഞ്ചും ആറും ഉപ ഇടവകകൾ ഒരു വൈദികന്റെ ശുശ്രൂഷയ്ക്കായി ഭരമേല്പ്പിക്കപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ എല്ലാ ഞായറാഴ്ചകളിലും ഉപ ഇടവകകളിൽ ദിവ്യബലി അർപ്പിക്കപ്പെട്ടിരുന്നില്ല. പുതിയ രൂപത വന്നതിനുശേഷം രൂപതയിൽ വൈദികരുടെ എണ്ണം വർദ്ധിച്ചു. അതിന്റെ ഫലമായി ഒരു വൈദികനു പരമാവധി മൂന്നു ദേവാലയംവരെ ഉൾക്കൊള്ളുന്ന രീതിയിൽ ഇടവകകളെ പുനഃക്രമീകരിക്കുകയും പുതിയ ഇടവകകളും വൈദിക മന്ദിരങ്ങളും സ്ഥാപിക്കുകയും ചെയ്തു. ഇതിനു സഹായകമായി ഭവിച്ചത് തിരുവനന്തപുരം രൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാനും ധീരനായ മിഷണറിയുമായിരുന്ന അഭിവന്ദ്യ പീ

**തെക്കേ ഇന്ത്യയിൽ സുവിശേഷവൽക്കരണം നടത്തുക എന്ന ലക്ഷ്യത്തോടെയാണു തിരുവനന്തപുരം രൂപത വിഭജിച്ച് നെയ്യാറ്റിൻകര രൂപതയ്ക്ക് രൂപം നല്കിയത്. കർദ്ദിനാൾ ജോസഫ് ടോംകോയാണു പ്രഥമ മെത്രാനായ അഭിവന്ദ്യ വിൻസെന്റ് സാമുവേൽ പിതാവിനെ അഭിഷേകം ചെയ്തത്. പ്രധാനമായും നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട താലൂക്കുകൾ ചേർന്നതാണു നെയ്യാറ്റിൻകര രൂപത.**

റ്റർ പെരേര തിരുമേനിയുടെയും മറ്റു വിദേശ തദ്ദേശ മിഷണറിമാരുടെയും ക്രാന്തദർശിത്വമാർന്ന പ്രേഷിതപ്രവർത്തന രീതികളാണ്.

**2. അല്മായ പങ്കാളിത്തം വർദ്ധിച്ചു:** ഇടവക പ്രവർത്തനങ്ങളിൽ കൂടുതൽ അല്മായ പങ്കാളിത്തമുണ്ടായി. ബിസിസി പ്രവർത്തനങ്ങൾ സജീവമായതോടെ അല്മായർക്കു കൂടുതൽ പ്രവർത്തന മേഖലകൾ ഇടവകകളിൽ തുറന്നുകിട്ടി. കൂദാശകളുടെ ഒരുക്കങ്ങൾക്കും, മതബോധന പ്രവർത്തനങ്ങൾക്കും, ബൈബിൾ പഠനക്ലാസ്സുകൾക്കും കൂടുതൽ വിശ്വാസികൾ ഉത്സാഹപൂർവം പങ്കുകാരായി. ദിവ്യബലികളും വിവിധതരത്തിലുള്ള മറ്റു ആരാധനക്രമങ്ങളും സജീവമാക്കുവാൻ യൂണിറ്റുകളിൽ നിന്നും കൂടുതൽ ആളുകൾ മുന്നോട്ടുവന്നു. ഇടവക കൗൺസിലും ശുശ്രൂഷാസമിതികളും സജീവമായപ്പോൾ അവയെ പ്രവർത്തന നിരതമാക്കുവാൻ പാരിഷ് പാസ്റ്ററൽ കൗൺസിലുകളുടെയും ധനകാര്യസമിതികളിലൂടെയും വിവിധ ശുശ്രൂഷാ സമിതികളിലൂടെയും പങ്കാളിത്ത പ്രവർത്തനങ്ങൾ വർദ്ധിക്കുകയും ഇടവകസമൂഹം കൂടുതൽ സജീവമാകുകയും ചെയ്തു. ഇതാകട്ടെ അഭിവന്ദ്യസൂസപാക്യം പിതാവിന്റെയും ടീമിന്റെയും അജപാലനശുശ്രൂഷാശൈലിയുടെ ബാക്കിപത്രമായി രൂപതയിൽ വളർന്നുവന്നതാണ്.

3. നേതൃത്വവളർച്ച: കഴിഞ്ഞ ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പുകളിൽ രൂപതയിലെ വിവിധ പ്രദേശങ്ങളിൽ നിന്നു 82 പ്രതിനിധികളെയാണു വിജയിപ്പിച്ചെടുക്കുവാൻ സാധിച്ചത്. ശുശ്രൂഷാ സമിതികളിലെയും ഇടവക ധനകാര്യ സമിതികളിലെയും നേതൃത്വ പ്രവർത്തന പരിചയം രാഷ്ട്രീയ പ്രവർത്തനങ്ങളിൽ അവർക്ക് ഏറെ പ്രചോദനമായി. അവഗണിക്കപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും മുൻനിർത്തിയുള്ള രൂപതാ മക്കളുടെ നേതൃത്വം ഏറെ സ്വീകാര്യമായി മാറി. സാമൂഹിക ശാക്തീകരണത്തിനും കൂട്ടായ്മ വളർച്ചയ്ക്കും സഹായിക്കുന്ന രീതിയിലുള്ള നേതൃത്വശൈലികൾ സാമൂഹിക രാഷ്ട്രീയ പ്രവർത്തനങ്ങളിലും പ്രായോഗികമാക്കാൻ രൂപതയിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട നേതാക്കൾക്കു കഴിഞ്ഞു. ഇതു കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായി രൂപതാനേതാക്കളെ സ്വീകാര്യരാക്കി. കാലിക വിഷയങ്ങളിൽ പ്രതികരിക്കുവാനും സമുദായത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി സംസാരിക്കുവാനും അവകാശങ്ങൾ നേടിക്കൊടുക്കുവാനും നേതൃത്വം മുന്നിട്ടിറങ്ങി. അതാകട്ടെ വികസനത്തിന്റെ പാതയിൽ മുന്നേറുവാൻ രൂപതയെ കൂടുതലായി സഹായിച്ചു. അല്മായപങ്കാളിത്തമെന്നത് തിരുവനന്തപുരം രൂപത ജൂബിലിയോട് അനുബന്ധിച്ചുനടന്ന വൈദികരുടെ ഒത്തുവാസത്തിലൂടെ രൂപപ്പെട്ട ആശയമായിരുന്നു. അത് കൃത്യമായും വ്യക്തമായ ദിശാബോധത്തോടും കൂടെ നടപ്പിലാക്കുവാൻ അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ അജപാലനസമീപനത്തിലൂടെയും നിശ്ചയദാർഢ്യത്തിലൂടെയും സാധ്യമായി.

**4. സാമ്പത്തിക സമാഹരണം:** വികസനപ്രവർത്തനങ്ങൾക്കു വിദേശസഹായം ലഭിക്കാതെ വന്നപ്പോൾ വിശ്വാസികളിൽ നിന്നുതന്നെ സമ്പത്തു സമാഹരിക്കുവാൻ രൂപതാ നേതൃത്വം മുന്നിട്ടിറങ്ങി. രൂപതയിൽ പണികഴിപ്പിച്ച പല പുതിയ ദേവാലയങ്ങൾക്കും വൈദിക മന്ദിരങ്ങൾക്കും, ഇടവക ഹാളുകൾക്കും ആവശ്യമായ സമ്പത്തു കണ്ടെത്തിയത് അതാത് ഇടവകകൾ തന്നെയാണ്. തങ്ങളുടെ സ്ഥാപനങ്ങളും ദേവാലയങ്ങളും സംരക്ഷിച്ചു നിലനിർത്തേണ്ടത് തങ്ങളുടെതന്നെ ഉത്തരവാദിത്വമാണ് എന്ന തിരിച്ചറിവ് രൂപതാ മക്കളിൽ ഉണ്ടായി. അതിന്റെ ഫലമായി സമൂഹത്തിൽ നിന്നുതന്നെ സമ്പത്തു സമാഹരിച്ചു ദേവാലയങ്ങളും പള്ളികളും പണിയാൻ അല്മായർതന്നെ അക്ഷീണം പരിശ്രമിച്ചു. അതോടൊപ്പംതന്നെ പാവപ്പെട്ടവരെ സഹായിക്കുവാൻ പലതരത്തിലുള്ള കാരുണ്യപ്രവർത്തികൾ ബിസിസി കേന്ദ്രീകരിച്ചുകൊണ്ട് നടപ്പാക്കിവരുന്നു. സാമൂഹിക വളർച്ചയ്ക്ക് ബിസിസികൾ വഴി നടത്തുന്ന സാമ്പത്തിക സമാഹരണങ്ങൾക്കു ഹൃദയം തുറന്നു നൽകുവാൻ തയ്യാറാകുന്ന രൂപതാമക്കളുടെ നല്ല മനസ്സു തികച്ചും ശ്ലാഘനീയമാണ്. സാമ്പത്തികസമാഹരണമാർഗങ്ങൾ വിശ്വാസികളിൽനിന്ന് ശേഖരിക്കുന്ന രീതി തദ്ദേശീയരായ മിഷണറിമാരുടെ പ്രവർത്തനഫലമായി രൂപതയിൽ ആരംഭിച്ചുകഴിഞ്ഞിരുന്നു. ബിസിസിയുടെ ആവിർഭാവത്തോടുകൂടി അത് കാര്യക്ഷമമായ രീതിയിൽ വളർത്തിയെടുക്കാൻ രൂപതാസംവിധാനത്തിനും വൈദികർക്കും സാധിച്ചു.

**ജൂബിലിയ്ക്കുശേഷം:**

സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് തിരശ്ശീല വീഴുമ്പോൾ വ്യക്തമായ പദ്ധതികളോടെയാണു വരും വർഷങ്ങളെ സ്വീകരിക്കുവാൻ രൂപത പദ്ധതി ഒരുക്കുന്നത്.

1. നവസുവിശേഷ പ്രഘോഷണത്തിനു



പ്രാധാന്യം കൊടുത്തുകൊണ്ട് തെക്കൻ കേരളത്തെ സുവിശേഷവൽക്കരിക്കാനുള്ള പ്രയത്നം ത്വരിതപ്പെടുത്തുവാനുള്ള ഉത്തരവാദിത്വം ഏറെ വലുതാണെന്ന് രൂപത തിരിച്ചറിഞ്ഞു. കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വിശ്വാസജീവിതത്തിനുണ്ടായ മാന്ദ്യത്തെ അതിജീവിച്ചുകൊണ്ട് സുവിശേഷ ചൈതന്യത്തിൽ ഉണർവുവരുത്തുവാനുള്ള പദ്ധതികളാണു മുന്നിലുള്ളത്. അതിനായി രൂപതയെ മൂന്നുമേഖലകളായി തിരിച്ചു മൂന്നു റീജ്യണൽ കോഡിനേറ്റർമാരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടന്നുവരുന്നുണ്ട്.

വിഭവംകൊണ്ടും മാനവശേഷികൊണ്ടും പിന്നാക്കം നില്ക്കുന്ന നെടുമങ്ങാട് മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി റീജ്യണൽ പാസ്റ്ററൽ സെന്റർ അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഓരോ റീജ്യണിലും കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ അതാതു റീജ്യണുകളിൽ പ്രവർത്തിക്കുന്ന വൈദികരും സന്യസ്തരും അല്മായരും ഒരുമിച്ച് നവസുവിശേഷ പ്രവർത്തനങ്ങളിൽ ഇടപെടുവാൻ സഹായിക്കുന്ന പഠന ക്ലാസ്സുകളും പരിശീലന പരിപാടികളും സംഘടിപ്പിച്ചുകൊണ്ടാണ് ഓരോ റീജ്യണുകളും ശക്തിപ്പെടേണ്ടത്. 'ഹാർട്ട് റ്റു ഹാർട്ട്' പരിപാടിയിലൂടെ നെയ്യാറ്റിൻകര ബന്ധപ്പെട്ടിരിക്കുന്ന ഗ്വാളിയാർ രൂപതയുമായി കൂടുതൽ പ്രേഷിതപ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കും. പ്രേഷിത സെമിനാറുകളും സമ്പർക്കപരിപാടികളും സഹായ പ്രോജക്ടുകളും ഇതിലുൾപ്പെടും. നവസുവിശേഷവൽക്കരണ പരിപാടികളിലൂടെ രൂപതാ മക്കളുടെ വിശ്വാസം കൂടുതൽ ആഴപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾക്കായിരിക്കും കൂടുതൽ ഊന്നൽ നല്കുന്നത്.

2. രൂപതയുടെ വിശദമായ ചരിത്ര പുസ്തകം പുനർ പ്രകാശനം ചെയ്തു. പത്തുവർഷങ്ങൾക്കു മുൻപു പ്രസിദ്ധീകരിച്ച രൂപതാ ചരിത്രത്തിൽവന്ന കുറവുകൾ പരിഹരിച്ചു ജൂബിലി സമാപനത്തിൽ അത് പുനഃപ്രസിദ്ധീകരിച്ചപ്പോൾ വരുംതലമുറയ്ക്ക് വെളിച്ചമേകുവാൻ പോന്ന രീതിയിൽ മുതൽക്കൂട്ടായി മാറി. ജൂബിലിയോടനുബന്ധിച്ച് പ്രകാശനം ചെയ്ത രൂപതാ പാസ്റ്ററൽ ഗൈഡ് ഭാവി തലമുറയ്ക്ക് ഏറെ സഹായകമാകുവാൻ പോന്ന വ്യക്തമായ ഒരു മാർഗരേഖയാകുകയാണ്. വിശ്വാസവളർച്ചയുടെ വഴികളെ തിരിച്ചറിയുവാൻ സഹായിക്കുന്ന രീതിയിൽ രൂപതയിലെ പണ്ഡിതരായ അല്മായരും സന്യസ്തരും വൈദികരും ചേർന്നൊരുക്കിയ തീർത്ഥാടനവഴിയെന്ന പുസ്തകവും ജൂബിലി ആഘോഷത്തോടനുബന്ധിച്ച് പ്രകാശനം ചെയ്തു.

3. **നെടുമങ്ങാട്** മേഖല ശാക്തീകരണപ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു പ്രവർത്തിക്കുവാനുള്ള വിവിധ പരിപാടികൾ ഇതിനോടകംതന്നെ രൂപതയിൽ ആരംഭിച്ചുകഴിഞ്ഞു. റീജ്യണൽ കേന്ദ്രത്തിന്റെ ഉദ്ഘാടനവും നെടുമങ്ങാടുള്ള റീജ്യണൽ കേന്ദ്രദേവാലയത്തിന്റെ ആശിർവാദകർമ്മവും നടത്തുവാൻ കഴിഞ്ഞത് ഇതിനൊരു ഉദാഹരണമാണ്. റീജ്യണൽ പാസ്റ്ററൽ സെന്റർ കേന്ദ്രീകരിച്ചുകൊണ്ട് അജപാലന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനാകും. മാസത്തിലൊരിക്കൽ അഭിവന്ദ്യ പിതാവ് ഇവിടെ സന്നിഹിതനായി അജപാലനപ്രവർത്തനങ്ങൾക്കും മറ്റു വികസന പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കും.

4. ബിസിസികളും കുടുംബങ്ങളും കേന്ദ്രീകരിച്ചുള്ള അജപാലനപ്രവർത്തനങ്ങൾക്കു മുൻതൂക്കം കൊടുത്തുകൊണ്ടുള്ളതായിരിക്കും തുടർപരിപാടികൾ. ജൂബിലിയുടെ പ്രധാനമായ സന്ദേശം പരസ്പരമുള്ള അനുരഞ്ജനം എന്നതാണ്. രൂപത മക്കൾ പരസ്പരമായും നേതൃത്വത്തിലുള്ളവരുമായും അനുരഞ്ജനപ്പെട്ടു മുന്നോട്ടു പോയാൽ മാത്രമേ വളർച്ച സാധ്യമാകൂ എന്ന തിരിച്ചറിവ് രൂപതയ്ക്ക് കൈവന്നു കഴിഞ്ഞു. അതിനുതകുന്ന രീതിയിൽ രമ്യതയുടെയും ഐകൃത്തിന്റെയും അരൂപിയിൽ കുടുംബങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടും ബിസിസിയുടെ ശുശ്രൂഷ സമിതികളെ പ്രവർത്തന നിരതമാക്കികൊണ്ടും അല്മായ സഹോദരങ്ങളുടെ പൂർണ്ണ സഹകരണത്തോടെ അടിസ്ഥാന ശക്തീകരണ പ്രോജക്ട് രൂപപ്പെട്ടുവരുന്നു. വിവിധ ശുശ്രൂഷ മേഖലകളെ കേന്ദ്രീകരിച്ചുകൊണ്ട് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ രൂപതാ ശുശ്രൂഷാ കോർഡിനേറ്റർമാർ അടിസ്ഥാന ശക്തീകരണ പരിപാടികൾ നടപ്പാക്കി തുടങ്ങിയത് രൂപതയുടെ മുന്നോട്ടുള്ള തീർത്ഥാടനത്തിന് വ്യക്തമായ ഒരു ദിശാബോധം നല്കുന്നു. ■

## കഥ

*(ഓഖി പ്രമേയമാക്കി രചിക്കപ്പെട്ടത്)*

# കടലെഴുത്ത്

എന്തുകൊണ്ടാണ് അവിടുന്ന് ഞങ്ങളെ എന്നേക്കുമായി മറന്നത്? എന്തുകൊണ്ടാണ് ഇത്രയേറെ നാൾ ഞങ്ങളെ പരിത്യജിച്ചത്?
വിലാപങ്ങൾ 6:31

‘ആളുകളൊക്കേം നമ്മളെ കളഞ്ഞിട്ട് പോയാ?”
‘എപ്പളേ പോയി.”
‘അവരൊക്കേം നമ്മളെ മറന്നുപോയാ?”
‘മറന്നില്ലെങ്കില് പിന്നെ എന്ത് ആളുകള്.”
‘മരിയാ...”
‘അയ്യാ...”
‘കണ്ടാ മാനത്ത്, യീ വെളുപ്പാങ്കാലത്തും ഒരു വിടിയവെള്ളി[2] കെടാതെ...”
‘നമ്മള മാതിരി ഉറക്കച്ചടവോടെ നിക്കണ്.”
‘നിക്കട്ട്. നമ്മക്കൊരു കൂട്ട്. വാ, പെരേടെ മുറ്റത്തിരിക്കാം. കടലിനെത്തന്നെ നോക്കീരിക്കാം.”
‘കടലിനെ നോക്കി പെര വച്ചതോണ്ട് നോക്കാനും കേക്കാനും എളുപ്പം ആയി.”
‘പെരേന്ന് കാലെടുത്തുവച്ചാ കടല്.”
‘കടലീന്ന് ഒരു വിളിപ്പാട് തൂരം പെര.”
‘ഇവിടിരുന്ന് നമ്മളവനെ വിളിക്കുമ്പം അവൻ കേക്കും.”
‘കടലീന്ന് അവൻ വിളിക്കുമ്പം നമ്മളും കേക്കും.”
‘തേ, ഒരു ചെത്തം കേക്കണ്. പണ്ട്, ഞാന് കടലീപ്പോയിവന്ന് മരം അണക്കുമ്പം കരേല് നിന്ന് ’അപ്പാാ’ന്ന് ആർത്ത് വിളിക്കണപോലെ.”
‘ഞാനും കേക്കണ്. പണ്ട്, യീ മുറ്റത്തൂടെ തുമ്പിയെപ്പിടിക്കാൻ തത്തിത്തത്തിയോടി കാല്തെറ്റി വീഴുമ്പം ’അമ്മാാ’ന്ന് വിളിക്കണപോലെ.”
‘രായാ...”
‘മോനേ...”
‘അവൻ ഒളിച്ചിരിക്കണതാവും.”
‘ആവും, പണ്ട് വേളാങ്കണ്ണീലെ മാതിരി.”
‘നേർന്നൊണ്ടായ മോൻ. നേർച്ചക്കടംതീർക്കാന് ചെറുപ്പത്തില് നമ്മള് അവനേങ്കൊണ്ട് വേളാങ്കണ്ണീല് പോയി.”
‘പള്ളീടെ മുറ്റത്ത്, മാതാവിന്റെ സൊരൂപത്തെ മുത്തിക്കൊണ്ട് തിരിഞ്ഞുനോക്കീതും അവനെ കണ്ടില്ല.”
‘നോക്കുമ്പം, കടപ്പെറത്ത് കടലിന്റ വക്കില് ഒരു കണ്ണമ്പക്കീടെ[3] ചുറ്റും വട്ടം കറങ്ങണ്.”
‘നിങ്ങ ഇവിടെല്ലാം ഒന്നുങ്കൂടി നോക്കിന്. ഇപ്പളും അവൻ നമ്മളെ പറ്റിക്കണതാവും.”
‘നോക്കി. കിട്ടി. നമ്മള് കേട്ട ചെത്തം അപ്പറത്തെ പറങ്കിമാവിന്റെ കൊപ്പിലിരിക്കണ്[4] ഒരു കിളീടെ പേച്ചാണ്.[5] ഒറങ്ങാതെ തൂങ്ങിത്തൂങ്ങീരുന്ന് എന്തോ കുറുകുറുക്കണ്.”
‘കിളിയെന്തീ വെളുപ്പാങ്കാലത്ത് കുറുകുറക്കണ്?”
‘നമ്മളപ്പോലെ അതും ആരേങ്കിലും കാത്തിരിക്കണതാവും.”
‘ആവും. പാവം അത് അവിടെ ഇരിക്കട്ട്. നമ്മക്ക് കടലിലേക്ക്തന്നെ നോക്കാം.”
‘മരിയാ...”
‘അയ്യാ...”
‘നോക്കിനോക്കി കണ്ണ് കഴക്കണ്.”
‘എന്റെ കണ്ണും കഴക്കണ്. എന്നാ



ബർഗ്മാൻ തോമസ്



ലും നോക്കാതിരിക്കാമ്പറ്റോ?"
'കടലിന്റ ഉള്ളീന്ന് സൂരിയൻ പൊങ്ങി വരണ്."
'വെയിലും ഉതിച്ച് വരണ്."
'ഞാന് കടലിന്റെ വിളുമ്പിലേക്ക് നടക്കണ്."
'ഞാനും പെറകേ വരണ്."
'നോക്ക്, മരിയാ കാല്പാട്. നമ്മട മോന്റെയല്ലേ ഇത്."
'തന്നല്ല്. യീ കടമണ്ണില് കളിച്ചല്ല് അവന്റെ കാല് ഒറച്ചെ. ഒന്ന്... രണ്ട്... മൂന്ന്... കാല്പാട് പോയിപ്പോയി കടലിലേക്കല്ലേ ചെല്ലണ്."
'അവൻ ഒടുക്കം പോയതും കടലിലേക്ക് തന്നല്ല്."
'അവൻ പോയട്ടും ഇപ്പളും പാട് മായാതെ മണ്ണില് കെടക്കണ്."
'രായാ..."
'മോനേ..."
'നീ മൂക്കു പിരിച്ചേ, കൊണ്ടക്കാറ്റ്[6] കൊണ്ടു വരണ് ഒരു മണം. നിനക്ക് കിട്ടണാ?"
'കിട്ടണ്. ഒരു ഉപ്പറ മണം. ഞാമ്പറയും ഇതു നമ്മട രായന്റെ മണാണ്."
'ഇത്ര കണിശം എങ്ങന നീ അറിഞ്ഞ്?"
'മോന്റെ ചൂര് അമ്മയല്ലാതെ വേറാര് അറിയും."
'നീ ഇപ്പളും അവനെ നിന്റെ മാറില് ഇട്ടിരിക്കണ്."
'ഞാന് ചാവുംവരേം യീ നെഞ്ചില് ഒണ്ടാവും."
'നിന്റെ നെഞ്ചിലെങ്കി എന്റെ ശോസത്തിലാണ് അവൻ. മരിയാ നീ ഓർക്കണാ, പണ്ടൊരു ആനിയാടീല്.[7] പെരുമഴ തിമിർത്ത്പെയ്ത് തോർന്ന വെളുപ്പാങ്കാലം. കടൽക്കോള് നോക്കി കടപ്പെറത്ത് ഇരിക്കണ് ഞാൻ. കടൽക്കരേല് മണ്ണുവാരിക്കളിച്ചുംകൊണ്ട് രായനും. മൺകുഴിയിൽനിന്നും പുറത്തേക്കുവന്ന കരഞ്ഞണ്ടിനെപ്പിടിക്കാൻ അവൻ ഓടിയപ്പം ഞണ്ട് അവനെ പറ്റിച്ച് കടലിലേക്കുപോയി. പിന്നാലെ അവനും കടലിലേക്കുപോയി. തെരേല്പ്പെട്ട് മുങ്ങിപ്പോയി. ഓടിപ്പോയി ഞാന് അവനെ എടുത്ത് കരയിലേക്കു കൊണ്ടുവന്ന്. അപ്പളേക്കും അവന്റെ ശോസം പോയി. ഞാന് വായിക്കൂട ശോസം കൊടുത്ത്. അവൻ കുടിച്ച കടല്വെള്ളം വായിലൂടെ ഊതിയൂതി പുറത്തേക്കു കളഞ്ഞ്. ഇപ്പളും ഓർക്കണ് അന്ന് കരയിലിരുന്ന് നീയ് വെപ്രാളപ്പെട്ട്, നിറുത്താതെ കരഞ്ഞ്."
'അന്നെന്റെ ചങ്ക് പെടച്ചത് ഇപ്പളും കേൾക്കാം. രായന് കടലിനോട് പണ്ടേ ഒര് ഇമ്പം ഉണ്ട്. പണ്ട് അവന്റെ കൊച്ചില് നിങ്ങ കടലീ പോവുമ്പം കരേല് നിങ്ങ തിരിച്ചുവരണതും കാത്തിരിക്കും ഞാന്. കടപ്പെറത്ത്, നിങ്ങ കൊതുമ്പുകൊണ്ട് ഉണ്ടാക്കിക്കൊടുത്ത കളിവള്ളത്തീക്കേറി കടലിലേക്കെന്നപോലെ തൊഴഞ്ഞ് തൊഴഞ്ഞ് രായനും."
'അങ്ങന കരേലും കടലിലും തൊഴഞ്ഞുതൊഴഞ്ഞ് രായൻ വളർന്ന്. ഒടുക്കത്തെ ആനിയാടീല് തീരക്കടലില് ഒരു വമ്പത്തെരേല്പ്പെട്ട് എന്റെ നടുവൊടിഞ്ഞ്. എന്നേം തൂക്കിയെടുത്ത് തോളിലിട്ട് കൊച്ചപ്പിയാശാന്റെ വയ്ത്ത്യശാലേൽ കൊണ്ടുപോയി. ഒരുമാ

സം കൂട്ടിരുന്ന്. അവൻ അൻപൊള്ള പുള്ള.”
‘നടുവൊടിഞ്ഞ് നിങ്ങ പെരേല് കെടന്നപ്പം, അങ്ങന നമ്മട അന്നം മുട്ടിയപ്പം അന്ന് അവൻ തൊളവ[8] എടുത്ത്. രായന് അന്ന് വയത് പതിനാറ്. പത്താങ്ക്ലാസില് പരീശ്ശേം എഴുതി നിക്കണ സമയൊം. അപ്പനിനി വേലക്ക് പോണ്ടാ. ഞാമ്പോവാം. അവൻ പറഞ്ഞ്. തന്നെ, അവൻ അൻപൊള്ള പുള്ള.”
‘രായാ...”
‘മോനേ...”
‘മരിയാ നീ ഓർക്കണാ അവൻ ആത്യം പടുത്തുകൊണ്ടുവന്ന മീന്...”
‘ഓർക്കണ്, ഒരു വങ്കാള[9] വേളാവ്.”
‘തൊറേലെ എല്ലാരും ഓടിക്കൂടി. വേളാവ് പട്ടാ വേളം കേക്കും എന്നല്ല്.”
‘അപ്പൊ രായന്റെ ഒര് നിപ്പ് കാണണം. വൊണ്ട”
‘ഇനിതൊട്ട് എന്റെ പടിപ്പ് കടലില് എന്നപോലെ.”
‘ശെര്യന്നെ. അവന് കടലിനോട് പണ്ടേ ഒര് ഇമ്പം ഉണ്ട്.”
‘കടലിനോട് മാത്രോല്ല നമ്മളോടും. അതുകൊണ്ടല്ല് അവൻ യീ പ്രായത്തിലേ വേലക്കു പോയത്.”
‘അതുകൊണ്ടാവും അവൻ കടലീത്തന്നെ കെടക്കണ്.”
‘തെരേടെ ചായല് നോക്കി കെടക്കണതാണ്.”
‘അയ്യാ നോക്ക്, തെര കെളരംവച്ച് വരണ്.”
‘ഉച്ചയാവുമ്പം തെര അങ്ങനാണല്ല്. വെയിലുവെറികൊണ്ട് കടല് വേവും. അപ്പം തെര പൊളയും പൊങ്ങും, അതാണ്.”
‘എന്റെ പൊറോം വേവണ്.”
‘എന്റേം. വാ, പെരേടെ മുറ്റത്തെ തണലില് പോയി ഇരിക്കാം.”
‘ഓ, വെക്കം വരീൻ.”
‘മരിയാ നോക്ക്, പൊറങ്കടലീന്ന് എന്തോ പറന്ന് വരണ്.”
‘ഉച്ചവെയ്‌ലും പിശറൻകാറ്റും മുറിച്ച് വരണ്.”
‘കടൽക്കാക്കയാണ്. വന്ന് നമ്മട തലക്ക മേളിൽത്തന്നെ വട്ടം ചുറ്റണ്.”
‘ചോതിക്കിൻ രായന്റെ വെവരം വല്ലതും.”
‘പറയ് കാക്കേ നീ കണ്ടാ ഞങ്ങട രായനെ.”
‘കാക്കേ, നീ കരയാതെ കാരിയം പറ.”
‘മരിയാ തേ, കാക്ക കടലിലേക്കു തന്നെ തിരിച്ച് പറക്കണ്.”
‘എനക്ക് തോന്നണ്, നമ്മളിരുവരും ഇവടത്തന്നെ ഉണ്ടോന്ന് നോക്കാൻ രായൻ പറഞ്ഞുവിട്ടതാവും.”
‘ആവും. അത്യന്നെ ഇത്ര തുരിശത്തില് തിരിച്ച് പറക്കണ്. നമ്മളെ കണ്ട കാരിയം പറയാന്.”
‘നമ്മളിവിടെ ഇപ്പളും ഇരിക്കണ വെവരം അറിഞ്ഞാ രായൻ വേകം വരും ഇല്ലേ?”
‘അവൻ വരുമ്പം നമ്മളെ കാണുമ്പം എന്തു പറയും?”
‘ഞാൻ പറയട്ടെ. അവൻ പറയും, എനക്കറിയാം നിങ്ങ എന്നേം കാത്ത് ഇവട ഇരിക്കും.”
‘നമ്മട മോനല്ല് അവൻ അങ്ങനത്തന്നെ പറയും.”
‘അപ്പൊ, കണ്ണുപൂട്ടാതെ നമ്മക്ക് നോക്കീരിക്കാം.”
‘നോക്കിനോക്കീര്ന്ന് നേരം പോണ്. വെയിലും മങ്ങി വരണ്.”
‘പൊഴുതാച്ച്.”[21]
‘സൂരിയൻ തേ, അണയാമ്പോണ്.”
‘മാനം കറുക്കണ്.”
‘മരിയാ നീ കേട്ടാ, കരോൾപാട്ട്.”
‘കേട്ട്. പള്ളീന്ന് കരോളുകാർ കൊട്ടുംപാട്ടുമായി വരണ്.”
‘ഞാന് ഇപ്പളാ ഓർത്ത്. നാളെ ക്രിസ്മസാണ്.”
‘നോക്കിന്, മുറ്റത്തെ നശ്ശെത്രം, കാറ്റിലാടി അങ്ങനെ നിക്കണ്.”
‘രായൻ കെട്ടിത്തൂക്കീട്ട് പോയതല്ലേണ്ട”
‘കടലീപ്പോയി വന്നിട്ട് നശ്ശെത്രം കത്തിക്കാം എന്നുമ്പറഞ്ഞ് പോയതാണ്.”
‘രായാ...”
‘മോനേ...”
‘ഇരുട്ട് തൊടങ്ങണ്. എണീക്ക് വാ പോവാം. വെളുപ്പിനേ തൊടങ്ങീതാ നമ്മട യീ ഇരുപ്പ്.”
‘നിങ്ങ എന്ത് പറഞ്ഞ്? നിങ്ങള് മറന്നാ? ഒര് കൊല്ലായി നമ്മള് യീ ഇരുപ്പ് തൊടങ്ങീട്ട്.”
‘തന്നെതന്നെ. പോയാണ്ടിലെ ക്രിസ്മസിന്റെ ഒരു തെവസം മുന്ന്.”
‘അയ്യാ, ഒരു ഇരമ്പം കേക്കാമോ? കടലിന്റെ ഉള്ളീന്നാണ്.”
‘എണീറ്റ് പോകല്ലേ പോകല്ലേന്ന് ഒരു പ്രാണൻ നെലോളിക്കണപോലെ.”
‘എനക്ക് പെരുത്തും സങ്കടം വരണ്. കടക്കരയിലെ കല്ലില്വന്ന് തെര തലതല്ലിക്കരയുമ്പോലെ.”
‘കരേരുത്. നമ്മക്ക് പ്രാർത്തിക്കാം.”
‘എണീക്കിൻ, പ്രാർത്തിക്കാം.”
‘സൊർക്കസ്തനായ പിതാവേണ്ട”
‘നന്മനെറഞ്ഞ മറിയമേണ്ട”
‘വിളിക്ക് സങ്കടം പോരാ.”
‘വേതനേം പോരാ.”
‘തെയ്‌വേേവേ...”
‘...............”
‘ആര്?”
‘ദൈവം.”
‘മരിയാ നീ കണ്ണുതൊറന്ന് നോക്ക്, തെയ്‌വല്ലേ ആ നിക്കണ്.”
‘തന്നെ. ഒടുക്കം നമ്മട വിളികേട്ട്.”
‘തെയ്‌വേ, ഞങ്ങട മോൻ രായൻ...”
‘രാജൻ?”
‘കടലീപ്പോയി...”
‘എന്നിട്ട്?”
‘പകൽപ്പണിയാണെങ്കി രാവിലെ പോയാ ഉച്ചക്ക് വരും. രാപ്പണിയാണെങ്കി മോന്തിക്കുപോയാ രാവിലെ വരും.”
‘അന്ന് കടലെളകി. കീഴാ തെകപ്പല്[22] വന്ന്.”
‘പോരാത്തേന് ഇടിവെട്ടി. കൊടും മഴേം പെയ്ത്.”
‘കട്ടമരം മാത്രം വന്ന്. രായൻ തിരിയെ വന്നില്ല. ഇപ്പം കൊല്ലം ഒന്നായി.”
‘അവൻ പോയേപ്പിന്നെ ഞങ്ങട അന്നോം[23] മുട്ടി.”
‘...............”
‘വൊണ്ട നമ്മട വേതന നെറഞ്ഞ മൊകത്തേക്കുതന്നെ നോക്കി നിക്കണ് തെയ്‌വം.”
‘നമ്മട ആതി നെറഞ്ഞ മൊക

ത്തേക്കുതന്നെ നോക്കി നിക്കണ് തെയ്‌വം.”
‘മരിയാ...”
‘അയ്യാ...”
‘രായൻ കടലിലൊണ്ട് എന്നല്ല് തെയ്‌വം പറഞ്ഞേ.”
‘തെയ്‌വം നല്ലവനാണ്, അവന്റെ കാരുണ്ണിയം അനന്തമാണ് എന്നല്ലേ നമ്മള് എന്നും പള്ളീല് കേക്കണ്.”
‘ഞാന് കടൽക്കരയിലേക്കു നടക്കണ്. എനക്കൊപ്പം വാ...”
‘നിങ്ങട പിന്നാലെ ഞാൻ വരണ്.”
‘രണ്ടാളും ചേർന്ന് കട്ടമരം കടലിന്റെ വിളുമ്പിലേക്ക് തള്ളിവക്കാം.”
‘ഓ...”
‘നീ ഓർക്കണാ മരിയാ, നിന്നെ കെട്ടിയ അന്ന് നിന്നേംകൊണ്ട് ഞാന് കടലീപ്പോയത്.”
‘ഓ ഓർക്കണ്, ഇതുപോലെ ഒരു പാതിരാവ്. ഇപ്പം മാതിരി ഇരിക്കണ്...”
‘കേറ്, ഒരിക്കക്കൂടി പോവാം.”
‘ഞാങ്കേറി.”
‘ഞാന് കടലിലേക്കു തൊഴയുമ്പം നീ മരത്തില് പിടിച്ചിരിക്ക്.”
‘പിടിച്ചിരിക്കണ്.”
‘നമ്മളിപ്പം ചിപ്പിപൂക്കണ കല്ല്, ചിപ്പിക്കല്ലില്24 എത്തി.”
‘നല്ല നെലവ്. വൊണ്ട നെലവിന് എന്തൊരു ചന്തം.”
‘അന്നും നല്ല നെലവായിരുന്ന്. നല്ല ചന്തമായിരുന്ന്. നിയ്യ് ഓർക്കണാ, ഇതേ എടത്തില് യീ മരത്തില് വച്ചായിരുന്ന് നമ്മള് രണ്ടും ഒന്നായത്.”
‘അപ്പൊത്തന്നല്ല് നമ്മട മോൻ രായനും വയറ്റിലൊണ്ടായത്.”
‘നീ കണ്ടാ നമ്മട തലക്ക മേളില് മാനത്ത് ഒരു ഒറ്റ നശ്ശെത്രം...”
‘നമ്മട മുറ്റത്ത് തൂങ്ങണ അതേ നശ്ശെത്രം.”
‘മരിയാ, ഒരു ഏക്കം കേക്കണ്. കടലിന്റെ ഉള്ളീന്നാണ്.”
‘കേക്കണ്. അത് നമ്മട മോന്റെ ഏക്കം അല്ലേ.”
‘വാ, നമ്മക്ക് കടലിലേക്ക് എറങ്ങാം.”
‘ഓ, എറങ്ങാം.”
‘മരിയാ, ഇന്നാ നീ എന്റ കയ്യ് പിടിക്ക്.”
‘കയ്യ് പിടിച്ച്. അയ്യാ, യീ കടലിന് എത്ര താവ്25 വരും?”
‘രായനോളം താവ്.”
‘അപ്പൊ നമ്മള് വെക്കം26 എത്തും ഇല്ലേ.”
‘പതിയെ പതിയെ ഞാന് താവിലേക്ക്.”
‘താണ് താണ് ഞാന് രായന്റടുത്തേക്ക്.”
‘രായാാാാ...”
‘അപ്പാാാാ...”
‘മോഭേഭേനേ...”
‘അമ്മാാാാ...”

------------------------------

*2. വിടിയവെള്ളി : പുലർകാല നക്ഷത്രം 3. കണ്ണമ്പക്കി : ചിത്രശലഭം 4. കൊപ്പ് : കൊമ്പ് 5. പേച്ച് : സംസാരം 6. കൊണ്ടൽക്കാറ്റ് : കടലിൽ നിന്നും കരയിലേക്കു വീശുന്ന നേർകാറ്റ് 7. ആനിയാടി : തമിഴ്മാസമായ ആനി, ആടി (ജൂൺ ജൂലൈ-ജൂലൈ ഓഗസ്റ്റ്) കടൽക്ഷോഭകാലം 8. തൊളവ : തുഴ 9. വങ്കാള : വലിപ്പമുള്ളത് 0. കെളരം : ഉയരം 21. പൊഴുത് : സമയം 22. തെകപ്പല് : കടൽക്കലി അഥവാ തിരയിളക്കം. ഓഖി എന്നു ഭാഷ്യം 23. അന്നം : ആഹാരം 24. ചിപ്പിക്കല്ല് : കടലിൽ ചിപ്പികൾ പൂക്കുന്ന കല്ലുകളിൽ ഒന്നിന്റെ പേര് 25. താവ് : ആഴം 26. വെക്കം : വേഗം*



# ചരിത്രപഥം

ഇഗ്നേഷ്യസ് തോമസ്




# ശാസ്ത്രവും ആത്മീയതയും കൈകോർത്തപ്പോൾ

**ഭാരത ശാസ്ത്ര ചരിത്രത്തിൽ സമാനതകളില്ലാത്ത ത്യാഗമനോഭാവത്തോടെ പ്രവർത്തിച്ചുകൊണ്ട് ചരിത്രത്തിൽ ഇടംനേടിയ നാടിനെയും ബിഷപ്പിനെയും സ്മരിക്കുകയാണ് ചരിത്രപഥത്തിൽ**

ഇന്ത്യൻ ബഹിരാകാശ ശാസ്ത്രത്തിന്റെ പിതാവായ പ്രൊഫ. വിക്രം സാരാഭായി അനുയോജ്യമായ സ്ഥലത്ത് ബഹിരാകാശ നിലയം സ്ഥാപിക്കാനുള്ള അന്വേഷണത്തിലേർപ്പെട്ടിരുന്ന കാലയളവ്! ഭൂകാന്തികരേഖയ്ക്ക് സമീപം സ്ഥിതിചെയ്യുന്ന സ്ഥലങ്ങളാണ് തെരഞ്ഞത്; തെരച്ചിലിന്റെ അവസാനം ചെന്നെത്തിയത് തിരുവനന്തപുരം ജില്ലയിലെ തീരദേശ ഗ്രാമമായ പള്ളിത്തുറയിലായിരുന്നു. ഭൂമധ്യരേഖയോടടുത്ത് സ്ഥിതിചെയ്യുന്ന സവിശേഷതയാർന്ന ഇടം. 900 ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന ഈ സ്ഥലം തന്നെയാണ് ബഹിരാകാശ കേന്ദ്രത്തിന് അനുയോജ്യമെന്ന് സാരാഭായ് കണ്ടെത്തി. എന്നാൽ ഈ സ്ഥലം ലഭിക്കുക ഏറ്റവും ദുഷ്കരമാണെന്ന് രാഷ്ട്രീയ ഭരണകൂടങ്ങൾ വ്യക്തമാക്കി. 600 ഓളം മത്സ്യത്തൊഴിലാളികളുടെ വാസസ്ഥലം, മേരിമഗ്ദലിൻ പള്ളി, വൈദിക വസതി, സെമിത്തേരി ഇവയെല്ലാം സ്ഥിതിചെയ്യുന്നത് ഇവിടെയാണ്. ഇന്ത്യയുടെ ബഹിരാകാശ കേന്ദ്രം സ്ഥാപിക്കുക എന്ന സ്വപ്നപദ്ധതി ഒരുനാളും യാഥാർത്ഥ്യമായി തീരില്ല എന്നുതന്നെ എല്ലാവരും കരുതി.

അന്നത്തെ തിരുവനന്തപുരം കളക്ടർ മാധവൻനായർ ഇങ്ങനെ ഓർമിക്കുന്നു "സമയബന്ധിതമായി സ്ഥലം ഏറ്റെടുത്ത് നൽകാനുള്ള സർക്കാർ ഉത്തരവ് എങ്ങനെ നടപ്പിലാക്കും എന്ന് ചിന്തിച്ചുവരികയായി



രുന്നു.” മറ്റൊരു ഭാഗത്ത് ഇന്ത്യയുടെ ശത്രുരാജ്യമായ പാകിസ്ഥാൻ 1961 ൽ നാസയുമായി കരാറിലേർപ്പെടുകയും ‘നൈക്ക്ക്ജൂൺ’ റോക്കറ്റുകൾ വടക്ക് പടിഞ്ഞാറൻ കറാച്ചിയിലെ മെക്രാൻ തീരത്ത് നിന്ന് വിക്ഷേപണം ചെയ്തുതുടങ്ങുകയും ചെയ്തിരുന്നു. ഈ അവസരത്തിലാണ് എത്രയും വേഗം വിക്ഷേപണത്തറ സജ്ജമാക്കാൻ തുമ്പയിൽ ഒരുക്കങ്ങൾ തുടങ്ങിയത്.

ഡോ. വിക്രം സാരാഭായ് നിരവധി രാഷ്ട്രീയ ഉദ്യോഗസ്ഥ പ്രമുഖരെ കണ്ടെങ്കിലും അവരുടെ നിസ്സഹായത അവർ പ്രകടിപ്പിച്ചു. ഒരു ശനിയാഴ്ച അദ്ദേഹം വെള്ളയമ്പലം ബിഷപ്പ്സ്ഹൗസിൽ എത്തി ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരയെ കണ്ട് തന്റെ ആവശ്യം ഉന്നയിച്ചു. ചർച്ചകൾക്കുശേഷം കൂടുതലൊന്നും പറയാതെ, ഞായറാഴ്ച ദിവ്യബലിസമയത്ത് ദേവലയത്തിലെത്താൻ അദ്ദേഹത്തോട് പെരേരാ പിതാവ് ആവശ്യപ്പെട്ടു.



ഞായറാഴ്ചത്തെ ദിവ്യബലി പെരേരാ പിതാവ് തന്നെ ഇടവകജനങ്ങൾക്കായി അർപ്പിച്ചു. തുടർന്ന് സാരാഭായിയെ അൾത്താരക്കരികിലേക്ക് വിളുച്ചുവരുത്തിയശേഷം ജനങ്ങളോട് ഇങ്ങനെ പറഞ്ഞു: “എന്റെ മക്കളെ, എന്നോടൊപ്പമുള്ളത് പ്രശസ്തനായ ഒരു ശാസ്ത്രജ്ഞനാണ്. നമ്മുടെ പള്ളിയും വൈദികവസതിയും ബഹിരാകാശ ശാസ്ത്രഗവേഷണത്തിനുവേണ്ടി ഇദ്ദേഹം ആവശ്യപ്പെടുകയാണ്. പ്രിയപ്പെട്ടവരെ ശാസ്ത്രം യുക്തിപൂർവം സത്യത്തെ അന്വേഷിക്കുകയാണ്! ഒരുതരത്തിൽ പറഞ്ഞാൽ ശാസ്ത്രവും ആത്മീയതയും ഒന്നുതന്നെയാണ്. അതായത് നന്മ ചെയ്യാനുള്ള ദൈവികമായ കൃപാവരത്തെയാണ് അത് തേടുന്നത്. പ്രിയപ്പെട്ടവരെ ദൈവത്തിന്റെ ഈ ആലയം നമുക്ക് ശാസ്ത്രദൗത്യങ്ങൾക്കുവേണ്ടി നൽകിക്കൂടേ?”

ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരയുടെ ഈ ചോദ്യത്തിന് ഇടവക സമൂഹം നൽകിയ മറുപടിയെ ഇന്ത്യയുടെ ‘മിസൈൽ മാൻ’ എന്നറിയപ്പെടുന്ന മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം ഇങ്ങനെയാണ് വിശേഷിപ്പിക്കുന്നത്, “ഇടവക സമൂഹത്തിൽ നിന്നും ‘ആമേൻ’ എന്ന ശബ്ദം സംഗീതമായി പള്ളിയിൽ മാറ്റൊലി കൊണ്ടു. ഐഎസ്ആർഒ സ്ഥാപിക്കുക എന്ന ഭാരതത്തിന്റെ ദേശീയലക്ഷ്യം നിറവേറ്റാനായി പള്ളി വിട്ടുകൊടുത്തുകൊണ്ടുള്ള കുലീനമായ തീരുമാനം അദ്ദേഹം എടുത്തു.”

തുമ്പ, Equatorial Rocket Launching Station (TERLS) ആയി സെന്റ് മഗ്ദലിൻ ദേവാലയം മാറി. വിക്രം സാരാഭായി സ്പേസ് സെന്റർ എന്ന് പിൽക്കാലത്ത് ഈ സ്ഥാപനം അറിയപ്പെട്ടു. അബ്ദുൽ കലാം വിവരിക്കുന്നത് ഇപ്രകാരമാണ് ‘തുമ്പ ബഹിരാകാശകേന്ദ്രത്തിന്റെ ആദ്യഓഫീസായി പള്ളിമേടയും പ്രാർത്ഥനാമുറി ആദ്യ ലബോറട്ടറിയായും വൈദിക വസതി നിർമാണ ഡിസൈനിംഗ് മുറിയുമായിത്തീർന്നു.” കലാം രാഷ്ട്രപതിയായി തീർന്നശേഷം ഇവിടം സന്ദർശിക്കുകയും അദ്ദേഹം ഉപയോഗിച്ചിരുന്ന മുറിയിൽ എത്തി തന്റെ ഓർമകൾ പുതുക്കുകയുമുണ്ടായി.

ബഹിരാകാശഗവേഷണകേന്ദ്രത്തിനായി പള്ളിത്തുറയിൽ നിന്നും വലിയവേളിയിൽ നിന്നും കുടിയിറക്കപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനഃരധിവാസ പ്രവർത്തനങ്ങൾ നടന്നു. ദേവാലയവും വൈദികവസതിയും സെമിത്തേരിയും വിദ്യാലയവുമൊക്കെ പുതിയതായി നിർമിച്ചു നൽകി. വർഷങ്ങൾ ഇത്ര പിന്നിട്ടിട്ടും ഇനിയും പൂർത്തിയാക്കാത്ത വാഗ്ദാനങ്ങൾ അവശേഷിക്കുന്നുവെങ്കിലും ഭാരത്തിന്റെ ബഹിരാകാശ കുതിപ്പിന് അടിത്തറ പാകിയ ബിഷപ്പ് പീറ്റർ ബർണാർഡ് പെരേരയെയും പള്ളിത്തുറ ഇടവക ജനങ്ങളെയും ഭാരതശാസ്ത്ര ചരിത്രം എന്നും നന്ദിപൂർവം സ്മരിക്കും. ■

ലേഖനം

# ഒരുമിച്ചുള്ള യാത്ര: ഒരാത്മീയ പ്രക്രിയ

ഒരു വലിയ ഒരുക്ക പ്രക്രിയയിലാണ് ഇന്ന് കത്തോലിക്കാസഭ. ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച 2023 ൽ റോമിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന് വേണ്ടിയുള്ളതാണ് ഈ ഒരുക്കം. "സിനഡാത്മക സഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം" എന്ന മുഖ്യവിഷയത്തെ ആസ്പദമാക്കി ഓരോ പ്രാദേശികസഭയിലും വിപുലമായൊരു കൂടിയാലോചനയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലൂടെ, സിനഡിനുള്ള ചർച്ചാരേഖ തയ്യാറാക്കുന്നതിൽ നമ്മുടെ എല്ലാവരുടെയും പങ്കാളിത്തവും ഒപ്പം നമ്മുടെ അനുഭവങ്ങളും അഭിപ്രായങ്ങളും സമാഹരിക്കുകയുമാണ് ലക്ഷ്യം. ഈ സന്ദർഭത്തിൽ നൽകപ്പെട്ട മാർഗരേഖകളുടെ വെളിച്ചത്തിൽ സിനഡൽ പ്രക്രിയയുടെ തത്ത്വങ്ങളും സവിശേഷതകളും ഇതിൽ പങ്കെടുക്കുന്നവർക്കുണ്ടായിരിക്കേണ്ട മനോഭാവങ്ങളും മനസ്സിലാക്കുന്നത് ഉപകാരപ്രദമായിരിക്കും.

## സിനഡൽ പ്രക്രിയ ഒരു ആത്മീയ പ്രക്രിയ

ഒരുമിച്ചുള്ള യാത്ര അഥവാ സിനഡൽ പ്രക്രിയ, സർവോപരി ഒരു ആത്മീയ പ്രക്രിയയാണ്. പരസ്പരം ശ്രവിക്കലും, വിവേചിച്ചറിയലും, പങ്കാളിത്തവുമാണ് ഇതിന്റെ മുഖമുദ്ര. "പരിശുദ്ധാത്മാവേ, ഞങ്ങൾ അങ്ങയുടെ മുന്നിൽ നിൽക്കുന്നു" എന്നുതുടങ്ങുന്ന സിനഡിന്റെ ഔദ്യോഗിക പ്രാർത്ഥന സിനഡൽ പ്രക്രിയയുടെ ആത്മീയ സ്വഭാവത്തെ വിളിച്ചോതുന്നു. സിനഡ് സമ്മേളനങ്ങളിൽ പണ്ടുമുതലേ ഉപയോഗിച്ചുവരുന്ന ഈ പ്രാർത്ഥന നമ്മൾ ഏവരും ഒരു സമൂഹവും ദൈവകൃപ നിറഞ്ഞ വ്യക്തികളുമായിതീരാനും ആത്മാവ് നമ്മിലോരോരുത്തരിലും പ്രവർത്തനനിരതമാകാനും പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കുന്നു.

സിനഡൽ പ്രക്രിയ ചില ചോദ്യങ്ങളുടെ അടിസ്ഥാനത്തിലുള്ള കേവലമൊരു വിവര ശേഖരണ പരിപാടിയല്ല; അതിനുവേണ്ടിയുള്ള വെറും യോഗങ്ങളോ സംവാദങ്ങളോ അല്ല. പരസ്പരം ശ്രവിക്കുന്ന (Listening) ഒരു പ്രക്രിയയാണിത്. ശ്രദ്ധയോടെ പരസ്പരം ശ്രവിക്കുന്നതിനോടൊപ്പം നാം നമ്മുടെ വിശ്വാസ പൈതൃകത്തെയും കാലത്തിന്റെ അടയാളങ്ങളെയും ശ്രവിക്കുന്നു. ഇങ്ങനെ ശ്രവിക്കുന്നതിന് ഒരു ലക്ഷ്യമുണ്ട്. അതാകട്ടെ, ദൈവാത്മാവിന്റെ സ്വരം വിവേചിച്ചറിയുന്നതിനാണ് (Discernment); ആത്മാവ് സഭകളോട് എന്താണ് ഇന്ന് പറയുന്നത് എന്ന് തിരിച്ചറിയുന്നതിനാണ്.

വിവേചിച്ചറിയൽ ദൈവത്തിൽ നിന്നു




**വെരി. റവ. മോൺ. തോമസ് ജെ. നെറ്റോ**
മിനിസ്ട്രി കോർഡിനേറ്റർ



വരുന്ന ഒരു കൃപയാണ്. അതേസമയം വ്യക്തികളുടെ പങ്കാളിത്തവും പരിശ്രമവും ഇതിന് കൂടിയേ തീരൂ. അരൂപിയാൽ നിറഞ്ഞ് പ്രാർത്ഥനയിലൂടെയും വചന വിചിന്തനത്തിലൂടെയും പരസ്പരം ശ്രവിക്കുന്നതിലൂടെയും ഇത് നാം പ്രകടമാക്കുന്നു. ഈ ആത്മീയ പ്രക്രിയ ദൈവഹിതം തിരിച്ചറിയുന്നതിനും അതനുസരിച്ച് സഭാജീവിതത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലേക്കും നീങ്ങുന്നു. ചുരുക്കത്തിൽ, സിനഡൽ പ്രക്രിയയുടെ രീതി പരസ്പരം ശ്രവിക്കുക എന്നതാണെങ്കിൽ, അതിന്റെ ലക്ഷ്യം ദൈവീക സ്വരം തിരിച്ചറിയുകയാണ്; അതിനുള്ള മാർഗം എല്ലാവരുടെയും പങ്കാളിത്തമാണ്.

വ്യത്യസ്തമായ അനുഭവങ്ങളും കാഴ്ചപ്പാടുകളുമുള്ളവരെ ശ്രവിക്കുമ്പോഴാണ് നമ്മുടെ ചിന്തകൾക്കും തീരുമാനങ്ങൾക്കും ആഴവും വിശാലതയും കൈവരിക. എല്ലാ തരത്തിലുമുള്ളവരുടെ പങ്കാളിത്തത്തിന്റെ പ്രാധാന്യമാണിത് സൂചിപ്പിക്കുക. ഒരു പക്ഷേ നമ്മൾ നിസാരരെന്ന് കരുതുന്നവരിലൂടെയാകും ദൈവം നമ്മോട് ഇന്ന് സംസാരിക്കുക.

സിനഡൽ പ്രക്രിയയിൽ സംഭവിക്കേണ്ടതും നമുക്ക് ലഭിക്കേണ്ടതുമായ പ്രധാനകാര്യം ഒരു സിനഡൽ അനുഭവമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതിലൂടെയും പരസ്പരം ഉള്ളു തുറന്ന് സംസാരിച്ചും ശ്രവിച്ചും ഒരുമിച്ച് മുന്നോട്ട് നീങ്ങുന്നതിലൂടെയുമാണ് ഇത് സാധ്യമാകുന്നത്. സിനഡൽ അനുഭവത്തിന്റെ ഹൃദയം കുടികൊള്ളുന്നത് ദൈവവചനത്തിന്റെ വെളിച്ചത്തിലും അരൂപിയുടെ പ്രചോദനത്തിലും മറ്റുള്ളവരെ ശ്രവിക്കുന്നതിലൂടെ ദൈവത്തെ ശ്രവിക്കുന്നതിലാണ്.

## സിനഡൽ പ്രക്രിയയിൽ പങ്കെടുക്കേണ്ടവർ

ആരൊക്കെ സിനഡൽ പ്രക്രിയയിൽ പങ്കെടുക്കണമെന്നതിന് ഒരുത്തരമേ ഉള്ളൂ, എല്ലാവരും. ഇതുതന്നെയാണ് സുവിശേഷങ്ങളിൽ യേശു കാണിച്ചുതരുന്ന മാതൃകയും. ആരെയും ഒഴിവാക്കാതെ എല്ലാവരിലും എത്തിച്ചേർന്ന് അവരെ ശ്രദ്ധയോടെ ശ്രവിക്കുകയും അവരോട് ഹൃദയപൂർവം സംസാരിക്കുകയും ചെയ്യുന്നവനാണ് യേശു. സിനഡൽ പ്രക്രിയയിൽ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരുമായും കൂടിയാലോചനകൾ നടക്കണം. പരിശുദ്ധാത്മാവ് എല്ലാവരിലും പ്രവർത്തനനിരതനാണ്. അതിനാൽ എല്ലാവരേയും ഓരോരുത്തരേയും ശ്രവിക്കണം. ഇതിൽ പ്രത്യേകം പരിഗണിക്കപ്പെടേണ്ടവരാണ് സ്ത്രീകൾ, അംഗവൈകല്യമുള്ളവർ, കുടിയേറ്റക്കാർ, അഭയാർത്ഥികൾ, വയോധികർ, ദരിദ്രർ, കുട്ടികൾ, യുവജനങ്ങൾ വിശ്വാസ ജീവിതത്തിൽ നിന്ന് അകന്ന് കഴിയുന്നവർ, സഭയെ നിരന്തരം വിമർശിക്കുന്നവർ. സഭാ സ്ഥാപനങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന ഇതരമതസ്ഥരെയും ഇതര ക്രൈസ്തവ വിശ്വാസികളെയും കേൾക്കുവാൻ അവസരമുണ്ടാകണം.

കുടുംബം, ബിസിസി, ഇടവക എന്നിവയ്ക്കുപുറമെ ഫൊറോനാ-അതിരൂപതാ തലങ്ങളിലുള്ള പങ്കാളിത്തഘടനകളിലും ശുശ്രൂഷാ സംവിധാനങ്ങളിലും പ്രവർത്തിക്കുന്നവരും സിനഡൽ പ്രക്രിയയിൽ പങ്കാളികളാകണം. കൽപ്പിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്ന സഭയിൽ നിന്ന് ഏവരെയും ശ്രവിക്കുകയും എല്ലാവരെയും ഉൾക്കൊള്ളുകയും ചെയ്യുന്ന സഭയിലേക്കുള്ള പരിണാമം സിനഡൽ പ്രക്രിയയുടെ സവിശേഷതയാണ്.

## പങ്കെടുക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട മനോഭാവങ്ങൾ

സിനഡൽ പ്രക്രിയ ലക്ഷ്യംവയ്ക്കുന്ന ഫലം ഉളവാക്കാൻ സിനഡൽ പ്രക്രിയയിൽ പങ്കെടുക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട മനോഭാവങ്ങൾ മാർഗരേഖ സംബന്ധിച്ച ചുവടെ ചേർക്കുന്നു:

- **പങ്കുവയ്ക്കലിന് സമയം വേണം:** എളിമയോടെ ശ്രവിക്കുവാനും ധൈര്യത്തോടെ സംസാരിക്കുവാനുമുള്ള സമയവും സാവകാശവും.
- മറ്റുള്ളവരെ ശ്രവിക്കുന്നതിലൂടെ **പുതിയവയിലേക്ക് തുറവി**യും മാറ്റത്തിനുള്ള സന്നദ്ധതയും.
- സിനഡ് എന്നത് വിവേചിച്ചറിയലിനുള്ള **സഭാത്മകമായൊരു അഭ്യാസമാകയാൽ** എല്ലാവരിലും എല്ലായിടത്തും പ്രവർത്തിക്കുന്ന ആത്മാ

വിന്റെ സ്വരത്തിന് കാതോർക്കണം.

- ഒന്നിനെക്കുറിച്ചും **മുൻകൂട്ടിയുള്ള തീർപ്പുകളില്ലാതെ**, ശ്രവിക്കുകയും ഒരുമിച്ച് യാത്രചെയ്യുകയും ചെയ്യുന്ന സഭയുടെ അടയാളമാണെന്ന ഭാവം.
- **മുൻവിധികളും സ്ഥിരസങ്കല്പങ്ങളും മേൽക്കോയ്മകളും വെടിഞ്ഞ്** സഭാകൂട്ടായ്മയിൽ ഓരോരുത്തർക്കും ഓരോ പങ്ക് നിർവഹിക്കാനുണ്ട്, വരങ്ങളും ദാനങ്ങളും പൊതുനന്മയ്ക്കാണ് എന്ന മനോഭാവം.
- **'സ്വയംപര്യാപ്തയുടെ' വൈറസിന്** ഇരയാകാതെ ഒരുമിച്ചുള്ള യാത്രയിൽ പരസ്പരം പഠിക്കാനും സ്വീകരിക്കാനും സേവിക്കാനും വളരാനും ഇനിയും ഉണ്ട് എന്ന വിചാരം.
- പ്രത്യയശാസ്ത്രങ്ങളെയും, ആശയങ്ങളെയുംകാൾ ആളുകളുടെ **വിശ്വാസ ജീവിതാനുഭവങ്ങൾക്കും യാഥാർത്ഥ്യങ്ങൾക്കും** കൂടുതൽ പരിഗണന നൽകൽ.
- നാശത്തിന്റെ പ്രവാചകരെക്കാൾ, **പ്രത്യാശയുടെ പ്രവാചകരും** അടയാളങ്ങളും ആകേണ്ടവരാണെന്ന ചിന്തയും ഭാവവും.
- **ഭാവിയെ സംബന്ധിച്ച് സ്വപ്നങ്ങൾ** കാണുന്നതിനുള്ള സമയമാണ് സിനഡ് വേള. സുവിശേഷത്തിന്റെ ആനന്ദം ഉളവാക്കാനും എല്ലാവരെയും പ്രചോദിപ്പിക്കാനും ഉതകുന്ന പ്രക്രിയ തുടങ്ങണമെന്ന ചിന്ത.
- **ക്രിയാത്മകവും നവീനവുമായ ഒരു കാഴ്ചപ്പാട്**

  പങ്കാളിത്തവും കൂട്ടുത്തരവാദിത്വവുമുള്ള സഭയിൽ എല്ലാവരെയും ഉൾക്കൊള്ളുന്നതിനുള്ള ഒരു തുറന്ന മനസ്സ് ഉണ്ടായിരിക്കുക.
- സഭ സഞ്ചരിക്കണമെന്ന് ദൈവമാഗ്രഹിക്കുന്ന പാത തിരിച്ചറിയുന്ന പ്രക്രിയയിൽ **ഓരോ സഭാംഗത്തിന്റെയും മൂല്യവും പങ്കും** അംഗീകരിക്കുന്ന മനോഭാവവും സമീപനവും.
- ഇതര ക്രൈസ്തവ സഹോദരങ്ങളിലേക്കും മതവിശ്വാസികളിലേക്കും **എത്തിച്ചേരുവാനുള്ള മനോഭാവം.**

## ഒഴിവാക്കേണ്ട പ്രലോഭനങ്ങൾ, പ്രവണതകൾ

സിനഡൽ പ്രക്രിയ ശരിയായ ദിശയിലൂടെ മുന്നേറുന്നതിന് തടസമായേക്കാവുന്ന പ്രലോഭനങ്ങളും പ്രവണതകളും മുൻകൂട്ടി കണ്ട് അവ വർജിക്കുന്നതിന് മാർഗരേഖ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

- **നയിക്കപ്പെടുന്നതിനേക്കാൾ നയിക്കുവാനുള്ള പ്രവണത...**

  ദൈവത്താൽ നയിക്കപ്പെടുവാൻ അനുവദിക്കാതെ നാം നമ്മളാൽ തന്നെ നയിക്കുവാനുള്ള പ്രലോഭനം. നാം നമ്മുടെ പങ്കുവഹിക്കുമ്പോഴും ദൈവീക കുശവന്റെ കരങ്ങളിലെ കളിമണ്ണാണ് നാം എന്ന് മറക്കാതിരിക്കുക. സിനഡൽ പ്രക്രിയ ഒരാത്മീയ പ്രക്രിയയാണ്. അതിനാൽ പരിശുദ്ധാത്മാവിന് പ്രവർത്തിക്കാൻ ഇടം നൽകുക.
- **വ്യക്തിതാല്പര്യങ്ങൾക്കും ഹ്രസ്വകാല കാര്യങ്ങൾക്കുമുള്ള അമിതശ്രദ്ധ**, ചുറ്റുപാടും ശ്രവിക്കുന്നതിനും പ്രേഷിതത്വത്തിന് വേണ്ട ദീർഘകാല പദ്ധതി രൂപപ്പെടുത്തുന്നതിനെയുംകാൾ.
- **'പ്രശ്നങ്ങൾ' മാത്രം കാണുന്ന പ്രവണത**

  നല്ലതല്ലാത്ത കാര്യങ്ങളിൽമാത്രം ശ്രദ്ധാലുക്കളാകാതെ ദൈവാത്മാവ് നമ്മെ നയിക്കാൻ ഉദ്ദേശിക്കുന്നതിലേക്ക് ശ്രദ്ധതിരിക്കുക.
- **ചട്ടക്കൂടുകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രലോഭനം**

  സിനഡൽ പ്രക്രിയ ചട്ടക്കൂടുകളുടെ നവീകരണത്തിന് ഇടയാക്കുമെങ്കിലും പ്രഥമ പരിഗണന സിനഡൽ അനുഭവത്തിനാകണം. സഭാംഗങ്ങളിൽ ഉളവാകുന്ന മാനസാന്തരവും നവീകരണവും ഘടനകളുടെ നവീകരണത്തിന് ഇടയാക്കും.
- **സഭയുടെ ദൃശ്യവരമ്പുകൾക്കപ്പുറം കാണാനാകാത്ത പ്രവണത** സിനഡൽ പ്രക്രിയ സമൂഹത്തിന്റെ വിവിധ മേഖലകളിൽ (സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക മേഖലകൾ) ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുമായി സംഭാഷണത്തിനുള്ള അവസരമാണ്.
- സിനഡൽ പ്രക്രിയയുടെ **യഥാർത്ഥ ലക്ഷ്യങ്ങളിൽ നിന്ന് ശ്രദ്ധ മാറാനുള്ള പ്രലോഭനം.**

  സഭ സഞ്ചരിക്കേണ്ട പാത ഏതെന്നാണ് ദൈവം നമ്മോടെ ഇന്ന് പറയുന്നത് എന്ന് തിരിച്ചറിയുകയാണ് പ്രധാനം.
- **വിഭാഗീകതയ്ക്കും വിഭജനത്തിനുമുള്ള പ്രലോഭനം:**

  ഐക്യത്തിനും കൂട്ടായ്മയ്ക്കും ഭംഗം വരുത്തുന്ന ആശയങ്ങളും അഭിപ്രായങ്ങളും മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കാതിരിക്കുക.
- **സിനഡിനെ ഒരു പാർലമെന്റായി കാണാനുള്ള പ്രലോഭനം:**

  ഭരിക്കുന്നതിന് ഒരുകൂട്ടർ മറ്റൊരു കൂട്ടരെ പരാജയപ്പെടുത്തുന്നതും വിഷയങ്ങളിൽ ഭൂരിപക്ഷ വോട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ എടുക്കുന്ന രീതിയാണ് പാർലമെന്റുകളിലുള്ളത്. ഇത് സിനഡാത്മകതയുടെ ചൈതന്യത്തിന് ചേർന്നതല്ല. എതിരാളികളാക്കുന്നതും വിഘടിപ്പിക്കുന്നതുമായ ശൈലിയല്ല പരിശുദ്ധാത്മാവാൽ നയിക്കപ്പെടുന്നവരിലുള്ളത്.

***സഭയിലെ സ്ഥിരം പ്രവർത്തകരെ മാത്രം കേൾക്കാനുള്ള പ്രലോഭനം:**

അങ്ങനെയായാൽ സഭയിലെ ബഹുഭൂരിപക്ഷം പേരും അവഗണിക്കപ്പെടും.

## ഉപസംഹാരം

സിനഡിനെ സംബന്ധിച്ച് കഴിഞ്ഞ ലക്കത്തിലും ഈ ലക്കത്തിലും പങ്കുവച്ച ആശയങ്ങളുടെ വെളിച്ചത്തിൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ കൂടിയാലോചനാപ്രക്രിയയ്ക്ക് നേതൃത്വം കൊടുക്കാൻ അതിരൂപതാ സിനഡൽ ടീം രൂപീകരിച്ച് അവർക്ക് പ്രഥമ പരിശീലനം നൽകി. കൂടാതെ വൈദിക സമ്മേളനത്തിലും ഇക്കാര്യങ്ങൾ അവതരിപ്പിച്ചു. അടുത്ത ആറുമാസത്തേക്കുള്ള തുടർ പരിപാടികൾ ആസൂത്രണം ചെയ്തു. അവയെക്കുറിച്ച് അടുത്തലക്കത്തിൽ വായിക്കാം.

# ചലനാത്മക പങ്കാളിത്ത സഭ: സംഭവിക്കുന്നതും സംഭവിക്കേണ്ടതും




ഐക്യത്തിലും കൂട്ടായ്മയിലും അധിഷ്ഠിതമായ ക്രൈസ്തവസഭയെന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ, പ്രവർത്തനങ്ങളിലും ചിന്തകളിലും പങ്കാളിത്തത്തിലും ഒരുമിച്ച് യാത്രചെയ്യാനുള്ള ഫ്രാൻസീസ് പാപ്പയുടെ ആഹ്വാനത്തോട് തിരുവനന്തപുരം അതിരൂപത അത്യാഹ്ലാദപൂർവ്വം പ്രത്യുത്തരിക്കുകയാണ്. ഈ ഭൂമിയിൽ ദൈവരാജ്യസ്ഥാപനത്തിനായുള്ള 'സഹയാനം' അഥവാ കൂട്ടായ യാത്ര. യാത്രയിൽ കൂട്ടായ്മയുണ്ട് (Communion) ആബാലവൃദ്ധം ജനങ്ങളുടെയും പുരോഹിത സന്യസ്തരുടെയും പങ്കാളിത്തമുണ്ട് (Participation), യാത്രയ്ക്കൊരു പ്രേഷിതദൗത്യമുണ്ട് (Mission), ഈ യാത്ര മൂന്നു കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നതാകണം. മറ്റുള്ളവരെ കേൾക്കുക, വിവേചിച്ചറിയുക, ഫലപ്രദമായ തീരുമാനമെടുക്കുക, കാലത്തിന്റെ അടയാളങ്ങളും സൂചനകളും വിവേചിച്ചറിഞ്ഞുകൊണ്ടുള്ള ഒരു യാത്ര. ഇസ്രയേൽ ജനം നടത്തിയ മരുഭൂമിയാത്ര പോലെ, മോശയുടെ നായകസ്ഥാനം ഇന്ന് ഫ്രാൻസിസ് പാപ്പയ്ക്കാണ്. മോശയെപ്പോലെ പരിശുദ്ധ പിതാവും ജനങ്ങളുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും തിരിച്ചറിഞ്ഞ് സഭാദൗത്യങ്ങൾ സഹയാത്രികർക്ക് പങ്കുവച്ചുനൽകുന്നു.

ആഗോളസഭ ആരംഭിച്ച ഈ മഹായാനത്തോടൊപ്പം ചേർന്ന് പ്രയാണം ചെയ്യുന്ന തിരുവനന്തപുരം അതിരൂപതയിലെ വിവിധ ശുശ്രൂഷകളായ അൽമായ, അജപാലന, ബിസിസി സാമൂഹ്യ ശുശ്രൂഷ എന്നിവ തങ്ങളുടെ യാത്രാനുഭവങ്ങളും നൊമ്പരങ്ങളും ആശങ്കകളും ആകുലതകളും ഒപ്പം പ്രതീക്ഷകളും സ്വപ്നങ്ങളും സിനഡ് പ്രക്രിയയ്ക്ക് മുന്നോടിയായി ജീവനും വെളിച്ചവും വായനക്കാർക്കായി പങ്കുവയ്ക്കുന്നു.

# സിനഡ് പ്രക്രിയകളിൽ അല്മായ ശുശ്രൂഷ



അഡ്വ. എം.എ. ഫ്രാൻസിസ്

1939 മാർച്ച് 2 മുതൽ 1958 ഒക്ടോബർ 9 വരെ സഭയെ നയിച്ച 12-ാം പീയുസ് പാപ്പ പറഞ്ഞിരുന്നു: "അല്മായർ സഭയുടേത് എന്നല്ല, അവർ തന്നെ സഭയാണെന്ന ബോധം അല്മായർക്കുണ്ടാവണം" എന്ന്.

അരാണ് അല്മായർ എന്ന ചോദ്യത്തിന് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖ ഇങ്ങിനെ പറയുന്നു: 'തിരുപ്പട്ടം സ്വീകരിക്കാത്തവരോ സഭ അംഗീകരിച്ചിട്ടുള്ള സന്യാസ സഭകളിൽ പെടാത്തവരോ ആയ എല്ലാ വിശ്വാസികളേയുമാണ് അല്മായർ എന്ന നാമത്തിൽ വിവക്ഷിക്കുന്നത്. ലോകത്തിലെ എല്ലാ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യുന്നു എന്നതാണ് അല്മായരുടെ പ്രത്യേകത. അവർ ആയിരിക്കുന്ന മേഖലകളിൽ സുവിശേഷ ചൈതന്യത്താൽ പ്രേരിതരായി സ്വകർത്തവ്യങ്ങൾ നിർവഹിച്ചുകൊണ്ട് ലോക വിശുദ്ധീകരണാർത്ഥം അതിലെ പുളിമാവായി വർത്തിക്കാൻ ദൈവം ഓരോരുത്തർക്കും അവസരമൊരുക്കുന്നു. സഭയുടെ രക്ഷാകര ദൗത്യത്തിലുള്ള ഈ ഭാഗഭാഗിത്വമാണ് അല്മായരുടെ പ്രേഷിതത്വം.

സഭയുടെ നവമായ ഈ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിലാണ് എല്ലാ തലങ്ങളിലും അല്മായരുടെ പങ്കാളിത്തം ഉറപ്പിക്കുന്നതിനും അല്മായ നേതൃത്വത്തെ വളർത്തുന്നതിനുമായി കേരള സഭയിൽ ആദ്യമായി തിരുവനന്തപുരം രൂപതയിൽ 1990-91 കാലഘട്ടത്തിൽ കുടുംബകൂട്ടായ്മകൾക്ക് (ബിസിസി) രൂപം നൽകിയത്. ബിസിസി പ്രവർത്തനങ്ങളിലൂടെ കുറെയൊക്കെ വളർച്ച നമുക്ക് കൈവരിക്കാനായി എന്നത് ഒരു വസ്തുതയാണ്. എന്നാൽ വളർച്ച പ്രതീ

> **ഓരോ അല്മായനും തനിക്ക് ലഭിച്ച ദാനങ്ങൾക്കനുസരിച്ചും ക്രിസ്തുവിന്റെ ദാനങ്ങളുടെ അളവനുസരിച്ചും സഭാദൗത്യത്തിന്റെ ഉപകരണമായിത്തീരണം. കുടുംബം, വിദ്യാലയം, യുജവനരംഗം, തൊഴിൽരംഗം, സമുദായരംഗം, രാഷ്ട്രീയരംഗം എന്നീ മണ്ഡലങ്ങളിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളും സഭയുടെ ചിന്തക്ക് വിഷയീഭവിക്കണം. ഇവയിൽ ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർക്കുണ്ടാകണം.**

ക്ഷിച്ച തരത്തിൽ മുന്നോട്ട് കൊണ്ടുപോകാൻ നമുക്ക് കഴിഞ്ഞില്ല.

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് 2012 മേയ് മാസം 20 മുതൽ 25 വരെ നടന്ന അതിരൂപത സിനഡ് തീരുമാനമനുസരിച്ച്, സഭാ പ്രവർത്തനങ്ങളിൽ അല്മായരുടെ പങ്കാളിത്തം പരമാവധി ഉറപ്പാക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും വേണ്ടിയാണ് അതിരൂപതയിൽ ആദ്യമായി അല്മായ ശുശ്രൂഷയ്ക്ക് രൂപം നൽകിയതും ഒരു അല്മായനെ തന്നെ ഡയറക്ടറായി നിയമിച്ചതും. ആറു വർഷങ്ങൾക്കുശേഷം അദ്ദേഹം സ്ഥാനമൊഴിഞ്ഞപ്പോൾ മറ്റൊരു അല്മായനെ ആ സ്ഥാനത്തേക്ക് വളർത്തിക്കൊണ്ടുവരാൻ നമുക്കായില്ല. അല്മായ ശുശ്രൂഷയുടെ നയങ്ങളിൽ ഒന്നായിരുന്നു കഴിവും പ്രാപ്തിയുമുള്ള അല്മായരെ വിവിധ ശുശ്രൂഷ സമിതികളുടെ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുക എന്നത്.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നിവയെ അടിസ്ഥാനമാക്കി സിനഡാത്മക സഭാപ്രക്രിയകളിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത അല്മായ ശുശ്രൂഷയ്ക്ക് എന്താണ് ചെയ്യാൻ കഴിയുക എന്ന് ചിന്തിക്കേണ്ടത്.

നാമെല്ലാം സഹയാത്രികരാണ്. പിതാവിന്റെ പൂർണത ലക്ഷ്യമാക്കിയുള്ള ഈ പ്രയാണത്തിൽ പിന്നിട്ട വഴിത്താരകളിലേക്ക് തിരിഞ്ഞുനോക്കി അവിടെ നമുക്കുണ്ടായ വീഴ്ചകളും പോരായ്മകളും മനസ്സിലാക്കി അവ പരിഹരിച്ച് വർധിത ഉർജത്തോടെ, സുവിശേഷാധിഷ്ഠിതമായ കൂട്ടായ്മയിൽ മുന്നേറാനുള്ള അസുലഭ അവസരമായി വേണം ഈ സിനഡ് പ്രക്രിയയെ കാണാൻ.

അല്മായ ശുശ്രൂഷ പ്രതിനിധികളെ പാരീഷ് കൗൺസിൽ അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തങ്ങളുടെ പ്രവർത്തന മേഖലകളെക്കുറിച്ചോ, സാധ്യതകളെക്കുറിച്ചോ ശരിയായ അവബോധം അവർക്ക് ലഭിച്ചിട്ടില്ല. പ്രശംസനീയവും മാതൃകാപരവുമായി സേവനം ചെയ്യുന്ന, സഭയോടും സമുദായത്തോടും പ്രതിബദ്ധതയുള്ള, അല്മായരെ അർഹിക്കുന്ന രീതിയിൽ ആദരിക്കണം.

അതിരൂപതയിലെ അല്മായരുടെ വിഭവശേഷി കണ്ടെത്തി വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കണം. കഴിവുള്ളവരെ മാറ്റിനിർത്തുകയോ, തഴയുകയോ ചെയ്യുന്ന ഒരു പ്രവണത ഇന്ന് നിലനിൽക്കുന്നു. അവൻ വന്നാൽ ഞാൻ ചെറുതായി പോകുമോ എന്ന ചിന്ത വെടിഞ്ഞ്, നമുക്ക് ഒന്നിച്ച് വളരാം എന്ന മനോഭാവം സ്വീകരിക്കാനാകണം. ബിസിസി യോഗങ്ങളിൽ പ്രാദേശിക സാമൂഹിക-രാഷ്ട്രീയ വിഷയങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കാൻ അല്മായ ശുശ്രൂഷ പ്രതിനിധികൾ മുൻകൈ എടുക്കണം. ഇടപെടലുകളിലൂടെയും കൂട്ടായ്മയിലൂടെയും മാത്രമേ സഭയ്ക്ക് വളരാനാകൂ.

സഭാ വിശ്വാസികളുടെ ആദ്ധ്യാത്മിക വളർച്ചയോടൊപ്പം തന്നെ പ്രധാനപ്പെട്ട ഒന്നാണ് വിദ്യാഭ്യാസ സാമൂഹിക-സാമ്പത്തിക പുരോഗതിയും. ഒരു പിന്നാക്ക സമുദായമായ ലത്തീൻ ജനവിഭാഗത്തെ മുഖ്യധാരയിലേക്ക് വളർത്തുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ട വലിയ ഉത്തരവാദിത്വമാണ് അല്മായ ശുശ്രൂഷക്ക് നിർവഹിക്കാനുള്ളത്. സാമൂഹിക ശുശ്രൂഷയോട് കൈകോർത്തുകൊണ്ട് മനുഷ്യവിഭവശേഷി പരമാവധി സമാഹരിച്ച് ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ സമഗ്രവളർച്ചയ്ക്ക് ഉതകുന്ന കർമ്മപരിപാടികൾ തയ്യാറാക്കി നടപ്പിലാക്കുവാൻ ഈ കാലഘട്ടത്തിൽ കഴിയണം.

ഓരോ അല്മായനും തനിക്ക് ക്രിസ്തവിൽ നിന്ന് ലഭിച്ച ദാനങ്ങൾക്കനുസരിച്ച് സഭാദൗത്യത്തിന്റെ ഉപകരണമായിത്തീരണം. കുടുംബം, വിദ്യാഭ്യാസം, യുജവനരംഗം, തൊഴിൽരംഗം, സമുദായരംഗം, രാഷ്ട്രീയരംഗം എന്നീ മണ്ഡലങ്ങളിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളും സഭയുടെ ചിന്തക്ക് വിഷയീഭവിക്കണം. ഇതിന് ശുശ്രൂഷ പ്രവർത്തകർക്ക് വലിയ പങ്കുവഹിക്കാനാകും.

കോവിഡ്-19 എന്ന മഹാമാരിയുടെ ഈ കാലഘട്ടത്തിൽ സഭാപ്രവർത്തനങ്ങളിൽ നിന്ന് അകന്നുനിൽക്കുന്നവരെ തേടി കണ്ടെത്തി തുറന്ന സംവാദങ്ങളിലൂടെ അകൽച്ചകളും വിയോജിപ്പുകളും പരിഹരിച്ച് അവരെയും ഈ യാത്രയിൽ കൂടെ കൂട്ടുവാൻ നമുക്ക് കഴിയണം. നമുക്ക് ദാനമായി ലഭിച്ചത് ആവശ്യമായിരിക്കുന്നവന് പങ്കുവച്ച് നൽകിക്കൊണ്ട്, സഹോദരർക്കും അയൽക്കാർക്കും ജീവൻ നൽകുക എന്ന ക്രിസ്തീയ ദൗത്യം നിറവേറ്റാം. ശരീരത്തിന് ആത്മാവ് എങ്ങിനെയാണോ അങ്ങിനെയായിരിക്കണം അല്മായർ തങ്ങളുടെ സമൂഹത്തിൽ വർത്തിക്കേണ്ടത്. ഈ സിനഡ് പ്രക്രിയകളിലൂടെ അത്തരത്തിലുള്ള വളർച്ചയ്ക്കായി നമുക്ക് പരിശ്രമിക്കാം. ■

# സിനഡ് പശ്ചാത്തലത്തിൽ അടിസ്ഥാന ക്രൈസ്തവ സമൂഹം

സ്വഭാവത്തിൽ തന്നെ പ്രേഷിതയായ സഭയുടെ പ്രേഷിതദൗത്യം കാര്യക്ഷമമായി പ്രാവർത്തികമാകേണ്ടത് പ്രാദേശിക സഭകളിലാണ്. കാരണം, സുവിശേഷ പ്രഘോഷണം, പങ്കുവയ്ക്കൽ, ജീവിക്കുന്ന അനുഭവസാക്ഷ്യം എന്നിവ സാക്ഷാത്ക്കരിക്കപ്പെടുന്നത് പ്രാദേശികസഭകളിലാണ്. ജീവിക്കുന്ന സാഹചര്യങ്ങളിൽ സുവിശേഷാരൂപിയാൽ നിറഞ്ഞു പ്രവർത്തിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുക - അതിലൂടെ ഓരോ ക്രൈസ്തവനും സുവിശേഷത്തിന്റെ സന്ദേശമാകുക. സഭ ഇന്ന് പ്രസക്തമാകുന്നത് ജീവിക്കുന്ന ചുറ്റുപാടുകളിലും, അയൽപക്കബന്ധങ്ങളിലുമാണ്. അയൽപക്കബന്ധങ്ങൾ സുവിശേഷചൈതന്യത്താൽ നിറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് അടിസ്ഥാനക്രൈസ്തവ സമൂഹങ്ങൾക്ക് (ബി.സി.സി.) രൂപം നൽകിയത്.

ആവേശത്തോടും ആനന്ദത്തോടും കൂടി ആരംഭിച്ച ബി.സി.സി.കൾ പതിറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ശൈശവത്തിൽ നിന്നും കൗമാരത്തിലേക്കോ, യൗവനത്തിലേക്കോ വളർന്നോ എന്നു ചോദിച്ചാൽ അവിടെയും, ഇവിടെയുമായ് ചില അവയവങ്ങൾ വളർന്നു - എന്നാൽ സഭയാകുന്ന, ബി.സി.സി.യാകുന്ന ശരീരം ഒന്നാകെ പിന്നിട്ട കാലത്തിനൊത്ത വളർച്ച പ്രാപിച്ചിട്ടില്ല. കാരണങ്ങൾ പലതാകാം. പകരം നമുക്ക് പരിശുദ്ധ ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച ഈ സിനഡ് കാലം എല്ലാം മറന്ന് ഐക്യത്തോടെ കൂട്ടായ്മയായ് (Communion) വലിപ്പച്ചെറുപ്പമില്ലാതെ തുല്യപങ്കാളിത്തത്തോടെ (Participation) നാമായിരിക്കുന്നിടങ്ങളിൽ സുവിശേഷ ചൈതന്യത്താൽ നമ്മുടെ ദൗത്യങ്ങൾ (mission) നമുക്കുനിറവേറ്റാം. ഐക്യത്തോടെ പങ്കാളിത്തത്തോടെ നമ്മുടെ ദൗത്യം നിർവ്വഹിക്കാൻ പരിശുദ്ധപിതാവ് ആഹ്വാനം ചെയ്യുന്നു.

ഈ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് സഭാനേതൃത്വവും, സഭാമക്കളും തങ്ങൾ ചമയ്ക്കുന്ന അധികാരമനോഭാവം മാറ്റി - ഒരു സിനഡാത്മക സഭയ്ക്കായ് ഒന്നു ചേർന്നു നടക്കാം - ഒരുമിച്ചുള്ള ഈ യാത്രയിൽ എല്ലാ മേഖലയിലുള്ളവരുടെയും, എല്ലാതലങ്ങളിലുള്ളവരുടെയും സ്വരം ശ്രവിക്കാം, പരസ്പരം അംഗീകരിക്കാം.

ആഗമനകാലത്തിലേക്ക് കടക്കുന്ന നമുക്ക് - ഉണ്ണി ഈശോയെ കാണാൻ വന്ന ജ്ഞാനികൾ സ്വപ്നത്തിൽ ലഭിച്ച മുന്നറിയിപ്പനുസരിച്ച് മറ്റൊരു വഴിയേ സ്വദേശത്തേക്ക് പോയതുപോലെ, പരിശുദ്ധ പാപ്പയുടെ സിനഡ് സന്ദേശം ഉൾക്കൊണ്ടുകൊണ്ട്, പരിശുദ്ധാത്മാവിന്റെ സ്വരം ശ്രവിച്ചുകൊണ്ട് നമ്മുടെ ഈ യാത്രയിൽ മനപരിവർത്തനത്തിലൂടെ, അനുരഞ്ജനത്തിലൂടെ തുറന്ന മനസ്സോടും, തുറന്ന സമീപനത്തോടും പുതിയ വ്യക്തികളായി ഐക്യത്തിന്റെ, പങ്കാളിത്തത്തിന്റെ പാതയിലൂടെ ദൗത്യങ്ങൾ നിർവ്വഹിച്ചുകൊണ്ട് ദൈവരാജ്യത്തെ ലക്ഷ്യംവച്ചു യാത്ര തുടരാം. ■



**ഫ്രെഡറിക് പെരേര**
ബി.സി.സി. ആനിമേറ്റർ,
കഴക്കൂട്ടം ഫെറോന

### സിനഡ്എംബ്ലം




- വൃക്ഷം
- ശാഖകൾ
- ദിവ്യകാരുണ്യം
- സൂര്യൻ
- എല്ലാ ജനങ്ങളും
- ഒരുമിച്ചുള്ള യാത്ര
- മേല്ക്കോയ്മ ഇല്ല

**അഗ്നിയുടെ പ്രഭയോടെ ആകാശം മുട്ടെ ശിഖരങ്ങൾ വിടർത്തി നിൽക്കുന്ന വൃക്ഷം. ജ്ഞാനത്തിന്റെയും പ്രകാശത്തിന്റെയും പ്രതീകവും ഒപ്പം ജീവന്റെയും പ്രത്യാശയുടെയും അടയാളമായ ക്രിസ്തുവിന്റെ കുരിശിനേയും സൂചിപ്പിക്കുന്നു. സൂര്യനെപ്പോലെ ജ്വലിച്ചു നിൽക്കുന്ന ദിവ്യകാരുണ്യത്തെ ഈ വൃക്ഷം സംവഹിക്കുന്നതോടൊപ്പം, ചിറകുകൾ പോലെ വിരിച്ചു പിടിച്ചു നിൽക്കുന്ന വൃക്ഷശിഖരങ്ങൾ പരിശുദ്ധാത്മാവിനെ പ്രതിനിധാനം ചെയ്യുന്നു. വൃക്ഷത്തിൽ നിന്നും ജീവശ്വാസം സ്വീകരിച്ചു ഐക്യത്തോടെ, കൂട്ടായ്മയായ് മുന്നോട്ടു നീങ്ങുന്ന 15 പേരടങ്ങുന്ന ഈ ആബാലവൃദ്ധം മനുഷ്യർ ലോകത്തിലുള്ള സകലമാനവകുലത്തെയും സൂചിപ്പിക്കുന്നു. ഇവരുടെ മുന്നോട്ടുള്ള യാത്രയിൽ ഒരു ഹൈരാർക്കിയുടെ ക്രമം നാം കാണുന്നില്ല. ഇവിടെ മെത്രാന്മാരും സന്യസ്തരും കൂട്ടായ്മയുടെ മുന്നിലല്ല നടക്കുന്നത്, അവരല്ല നയിക്കുന്നതും, അവർ മറ്റുള്ളവരോടൊപ്പം നടക്കുകയാണ്. അതാണ് സിനഡ് നൽകുന്ന സന്ദേശം ഒപ്പം നടക്കുക.**



Synod 2021 2023

# പങ്കാളിത്ത സഭയിൽ സാമൂഹ്യശുശ്രൂഷ: പ്രതിബന്ധങ്ങളും പ്രതീക്ഷകളും



**ലിജ സ്റ്റീഫൻ**
കോർഡിനേറ്റർ റ്റിഎസ്എസ്എസ്

തിരുവനന്തപുരം അതിരൂപതയുടെ സാമൂഹ്യശുശ്രൂഷ പ്രവർത്തന വിഭാഗമായ ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി കഴിഞ്ഞ 61 വർഷമായി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും വികസന ഇടപെടലുകൾക്കും പ്രശ്നാധിഷ്ഠിത ജനപങ്കാളിത്ത പ്രവർത്തനങ്ങൾക്കും എന്നും മാതൃകയായി നിലനിൽക്കുന്നു. ഈ അതിജീവന പ്രവർത്തനങ്ങളിൽ സാമൂഹ്യശുശ്രൂഷയ്ക്ക് കരുത്തേകുന്നത് കൂട്ടായ്മയും, പങ്കാളിത്തവുമാണ്. സാമൂഹ്യ ശുശ്രൂഷയുടെ അടിസ്ഥാന സംഘാടകർ (ബി.സി.സിയിൽ നിന്നും സാമൂഹ്യ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി) അടങ്ങുന്ന ഇടവക, ഫെറോന അതിരൂപതാതല നേതൃത്വം, ഒരേ ദിശയിൽ ഒരു പുത്തൻ സമൂഹനിർമ്മിതിക്കായി പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റപ്പെട്ടവരുടെയും, പ്രത്യേക പരിഗണന അർഹിക്കുന്നവരുടെയും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് കൈകോർക്കുന്നു. ഈ കണ്ണിചേരലിലൂടെ അപരന്റെ വേദന സ്വന്തം വേദനയായി കാണുന്നതിനും സമൂഹത്തിന്റെ അടിത്തട്ടിലിറങ്ങി പ്രവർത്തിക്കുന്നതിനും പ്രേരണയാകുന്നു.

ഇപ്രകാരമാണെങ്കിലും ശുശ്രൂഷ തെരഞ്ഞെടുപ്പുകളിൽ ക്രിയാത്മക നേതൃത്വം മുന്നോട്ടുവരാത്തതും തെരഞ്ഞെടുക്കപ്പെടുന്ന നേതാക്കന്മാരുടെ ഉദാസീനതയും പ്രവർത്തനങ്ങൾക്ക് മങ്ങലേൽപ്പിക്കുന്നു. അഭ്യസ്ഥവിദ്യരും ബുദ്ധിജീവികളും ശുശ്രൂഷ പ്രവർത്തനങ്ങളിൽ പങ്കാളികളാകാത്തത് സഭാപ്രവർത്തനങ്ങൾക്ക് മാറ്റ് കുറയ്ക്കുന്നു. ഇവിടെ ഒരുമിച്ച് യാത്രചെയ്യുന്ന, ഒരുമിച്ച് പ്രവർത്തിക്കുന്ന പങ്കാളിത്ത സഭ ഇന്നും അന്യമായി നിൽക്കുന്നു.

1987 കോട്ടാർ ഒത്തു വാസത്തിനുശേഷം സാമൂഹ്യശുശ്രൂഷയിൽ ഉണ്ടാകേണ്ട മാറ്റങ്ങളെക്കുറിച്ച് തിരുവനന്തപുരം പ്രാദേശിക സഭ ചിന്തിക്കുകയും ഇടവക തലങ്ങളിൽ പുരോഹിത കേന്ദ്രീകൃതമായ പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുന്നതിനും, പദ്ധതിയധിഷ്ഠിത പ്രവർത്തനങ്ങൾ പ്രക്രിയ അധിഷ്ഠിതമാക്കുന്നതിനും, ഇടവക കേന്ദ്രീകൃതമായ പ്രവർത്തനങ്ങൾ ഗ്രാമകേന്ദ്രീകൃതമാക്കുന്നതിനും വിദേശ കേന്ദ്രീകൃത ഫണ്ടുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ പ്രാദേശിക ഫണ്ടിലൂടെ നടപ്പാലാക്കുന്നതിനും തീരുമാനിച്ചു.

പരിപൂർണ്ണമല്ലെങ്കിൽ പോലും നമ്മുടെ പ്രാദേശിക സഭയിൽ പുരോഹിത കേന്ദ്രീ

**2020 ൽ കോവിഡ് മഹാമാരിക്കു മുമ്പിൽ ലോകം പകച്ചു നിന്നപ്പോൾ പ്രാദേശികസഭയിലെ സന്നദ്ധപ്രവർത്തകരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതാണ്. ബോധവൽക്കരണത്തിനും സാമൂഹ്യ അകലം പാലിക്കുന്നതിനും, പ്രതിരോധ സംവിധാനങ്ങൾ ഒരുക്കുന്നതിനും, വരുമാന മില്ലാത്തവരെ സഹായിക്കുന്നതിനും, സാമൂഹ്യ അടുക്കളകൾ ഒരുക്കുന്നതിലുമെല്ലാം ഒരുമിച്ചു നടന്നുനീങ്ങിയ ദൈവജനത്തിന്റെ പ്രവർത്തനം കൂട്ടായ്മയ്ക്ക് ഒരു നിദർശനമാണ്.**

കൃതമായാണ് ഇപ്പോഴും പ്രവർത്തനങ്ങൾ നടക്കുന്നത്. ബി.സി.സി കളിലൂടെ ജനകേന്ദ്രീകൃത പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നതെങ്കിലും അന്തിമതീരുമാനം വൈദികരിൽ എത്തിച്ചേരുന്നു. ഒരുമിച്ച് യാത്രചെയ്യുന്ന സഭയിൽ അധികാരവികേന്ദ്രീകരണമാണാവശ്യം. ഇന്നും മത്സ്യതൊഴിലാളികൾ 90% അധിവസിക്കുന്ന നമ്മുടെ ഗ്രാമങ്ങളിൽ പ്രാദേശിക ധനശേഖരണം നടക്കുന്നുണ്ട്. പുനരുദ്ധാരണത്തിന്റെ പേരുപറഞ്ഞ് അനാവശ്യമായി ഇടവകകളിൽ നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ച് പുതിയവ നിർമ്മിക്കുക ലക്ഷങ്ങൾ ചെലവാക്കി കുരിശടികൾ പണിയുക, സിമിത്തേരികൾ കെട്ടുക, മേടകൾ പണിയുക തുടങ്ങി അനാവശ്യധൂർത്തുകൾ നടക്കുന്നു. ഇതിന് സാമൂഹിക ശുശ്രൂഷ കൺവീനർ, സെക്രട്ടറി ഉൾക്കൊള്ളുന്ന കൗൺസിൽ ഒപ്പം നിൽക്കുന്നു. എന്നാൽ ഓരോ ശുശ്രൂഷകൾക്കും നൽകേണ്ട ഇടവക വരുമാനത്തിന്റെ നിശ്ചിത തുക നൽകുന്നതിൽ വിമുഖതയും കാണിക്കുന്നു. ഇത്തരം നിലപാടുകൾ ചുരുക്കം ചിലരുടെ തീരുമാനങ്ങളാകാം. എന്നാൽ ഇക്കാര്യത്തിൽ സാധാരണ ജനങ്ങളെക്കൂടി കേൾക്കാൻ, ചിന്തിക്കാൻ സിനഡ് ഒരു പുതിയ ചക്രവാളം തുറന്നുവയ്ക്കുന്നു. പുത്തൻ പ്രതീക്ഷ നൽകുന്നു. കാരണം സിനഡിലൂടെ എല്ലാവരുടെയും സ്വരം ശ്രവിക്കുവാനും ഹൃദയം തുറന്നുള്ള ആശയവിനിമയം നടത്തുന്നതിനും വേദിയൊരുക്കുന്നു. സധൈര്യം സംസാരിക്കുവാനുള്ള സാഹചര്യമൊരുങ്ങുന്നു.

സാമൂഹ്യ ശുശ്രൂഷയുടെ പല പ്രവർത്തനങ്ങളും ഇപ്പോഴും ഇടവക കേന്ദ്രീകൃതമാണ്. മറ്റു സമുദായ അംഗങ്ങളെ ഉൾക്കൊള്ളിക്കുന്നില്ല. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന് ക്രിസ്തുനാഥൻ നമ്മെ പഠിപ്പിക്കുന്നു. സഭയുടെ പ്രവർത്തനങ്ങളിൽ അക്രൈസ്തവരെയും മറ്റ് പിന്നോക്ക സമുദായ അംഗങ്ങളെയും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. സിനഡ് ഊന്നിപ്പറയുന്ന പ്രേഷിതത്വം എന്ന ആശയം വളരെ അർത്ഥവത്തായി മറ്റുമതസ്ഥരിലേക്ക് എത്തിക്കാനാകുന്ന ഒരു ശുശ്രൂഷയാണ് സാമൂഹ്യശുശ്രൂഷ. 2017 നവംബർ 29-ാം തീയതി ഓഖി ചുഴലിക്കാറ്റിലൂടെ 288 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും സാധാരണ ജനങ്ങൾ പകച്ചുനിൽക്കുകയും ചെയ്തപ്പോൾ ജാതിമതഭേദമന്യേ ഓഖി ദുരന്തത്തിൽ അകപ്പെട്ടവരുടെ കുടുംബങ്ങളുടെ ഭാവി ഭദ്രമാക്കുന്നതിന് ഒരേമനസ്സോടുകൂടി കൈകോർത്തു. ഇതിന്റെ ഫലമായി ഗവൺമെന്റിനെ സമ്മർദ്ദത്തിലാക്കി പലതും നേടാൻ നമുക്ക് കഴിഞ്ഞു. എന്നാൽ ഗവൺമെന്റ് നൽകിയ പല വാഗ്ദാനങ്ങളും ഇനിയും അവശേഷിക്കുന്നു. 2018 ലെ വെള്ളപ്പൊക്കക്കാലത്ത് മത്സ്യത്തൊഴിലാളികൾ കേരളത്തിന്റെ സൈനീകരായി. അവരോടൊപ്പം സാമൂഹ്യ ശുശ്രൂഷയും യുവജന ശുശ്രൂഷയും കൈകോർത്ത് ആവശ്യമായ സാധന സേവനങ്ങൾ നൽകി. ഇത് വ്യക്തമാക്കുന്നത് പ്രേഷിതത്വം സ്ഥായിഭവിക്കണമെങ്കിൽ സാമൂഹ്യശുശ്രൂഷ ഗ്രാമകേന്ദ്രീകൃതമാകേണ്ടിയിരിക്കുന്നുവെന്നാണ്.

യുവജനങ്ങളെ ഭ്രാന്തന്മാരാക്കുന്ന ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ സാമൂഹ്യശുശ്രൂഷ ഇനിയും ബഹുദൂരം മുന്നോട്ട് പോകുവാനുണ്ട്. സാമൂഹ്യ ശുശ്രൂഷയ്ക്ക് മദ്യ ലഹരി വിരുദ്ധ കമ്മീഷൻ ഉണ്ട്. ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നു. എന്നാൽ ഒരുമിച്ച് പ്രവർത്തിക്കേണ്ട പങ്കാളിത്തസഭയിലെ അംഗങ്ങൾ മൗനം പൂണ്ടു നിൽക്കുന്നു. നമ്മുടെ ഇടയിലെ മദ്യവാറ്റും വിൽപ്പനയും സഭയുടെ ഐക്യ പ്രവർത്തനങ്ങളിലൂടെ നിർത്തലാക്കിയ പാരമ്പര്യമാണ് നമുക്കുള്ളത്. ഇതിന് അഭിവന്ദ്യ സൂസപാക്യം പിതാവ് നൽകിയ ധീരമായ നേതൃത്വം ഭാരത സഭയ്ക്കു തന്നെ മാതൃകയാണ്. സഭയുടെ ചെറു പതിപ്പുകളായ കുടുംബങ്ങൾ നശിക്കുന്നത് സഭയുടെ എല്ലാവിധ പ്രവർത്തനങ്ങളെയും ബാധിക്കും. എന്ന് തിരിച്ചറിവിൽ നിന്നുകൊണ്ട് ലഹരിയുമായി ബന്ധപ്പെട്ടുനിൽക്കുന്നവരുമായി തുറന്ന ചർച്ചക്കും, ചികിത്സയ്ക്കും ഇടവകസമൂഹത്തിന്റെ കൂട്ടായ പ്രവർത്തനത്തിനും വിശ്വാസികളെല്ലാവരും കൈകോർക്കണം.



ദൈവജനത്തിന്റെ ഭൂമിശാസ്ത്രപരമായ വ്യാപനം സഭയുടെ ഒരു ദൗത്യമാണ് ഇതിന് പ്രാദേശിക ധനസമാഹരണത്തിലൂടെ ഭൂമി വാങ്ങുന്നതിനും ഗവൺമെൻറ് പദ്ധതികളിൽ ഉൾപ്പെടുത്തി ഭവനം പണിതു നൽകുന്നതിനും സ്വൈരമായ ജനജീവിതം സാധ്യമാക്കുന്നതിനും സഭ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. 2011 ൽ സാമൂഹ്യശുശ്രൂഷ എടുത്ത സാമൂഹിക സാമ്പത്തിക സർവ്വേ 6000 പേർക്ക് സ്വന്തമായി ഭവനം ഇല്ല എന്നാണ് വിലയിരുത്തിയത്. 'ഭവനം ഒരു സമ്മാനം' പദ്ധതി വഴി 300 ൽ പ്പരം വീടുകൾ പൂർത്തിയാക്കാൻ കഴിഞ്ഞു.

ഭവനം ഒരു സമ്മാനം പദ്ധതി വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിന് ധനികനെന്നോ, ദരിദ്രനെന്നോ, വേർതിരിവില്ലാതെ ഓരോരുത്തരുടെയും വരുമാനത്തിന്റെ ഒരോഹരി ഭവനമില്ലാതെ വലയുന്നവർക്കായി മാറ്റിവയ്ക്കണം. ഇപ്രകാരം ദൈവജനത്തിന്റെ പരിപൂർണ്ണ പങ്കാളിത്തത്തോടുകൂടി ഈ പദ്ധതി ഊർജ്ജസ്വലമാക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള സംവാദവും കൂട്ടായ്മയും പങ്കാളിത്തവും ഈ വിഷയത്തിൽ സംഭവിക്കുകയാണെങ്കിൽ ഭവനമില്ലാത്തവർക്ക് പ്രത്യാശയുടെ ഒരു തിരിനാളം ഈ സിനഡ് തെളിയിക്കും എന്നതിൽ സംശയമില്ല.

2012 ൽ അതിരൂപതയിൽ നടന്ന സിനഡിന്റെ പശ്ചാത്തലത്തിലാണ് പ്രവാസികളായ സഭാമക്കളെ ശ്രദ്ധിക്കണം എന്ന കാര്യം തിരുവനന്തപുരം പ്രദേശിക സഭ മുന്നോട്ടുവച്ചത്. ഇതിന്റെ വെളിച്ചത്തിൽ പ്രവാസി കമ്മീഷൻ രൂപീകരിക്കുകയും 'ഗർഷോം' എന്ന ഹെൽപ്പ് ഡെസ്ക്ക് ആരംഭിക്കുകയും ചെയ്തു.

പ്രവാസികളെ കുറിച്ചുള്ള സർവ്വേ 2019 ആരംഭിച്ചുവെങ്കിലും പല ഇടവകകളും ഈ പ്രക്രിയയിൽ നിന്നും പുറം തിരിഞ്ഞു നിൽക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. സിനഡിലൂടെ പ്രവാസികളുമായി സംവദിക്കുമ്പോൾ അവരെ ഉൾക്കൊള്ളുവാനും അവരെ നെഞ്ചോടു ചേർത്തു പിടിച്ചുകൊണ്ട്, അവരെ പരിഗണിക്കുന്നതിനും ഇടവക തലങ്ങളിൽ പ്രവാസി കൂട്ടായ്മകൾ രൂപപ്പെടുത്തി സംഘടനാ തലങ്ങളിൽ ശാക്തീകരിക്കുന്നതിനും പ്രാദേശിക സഭ ശ്രദ്ധിക്കണം.

അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്കായി തൊഴിൽ കാര്യകമ്മീഷൻ കേരളാ ലേബർ മൂവ്മെന്റുമായി ചേർന്ന് തൊഴിൽ സംഘാടന പ്രവർത്തനങ്ങൾക്ക് നാന്ദികുറിച്ചു. 54 ഇടവകകളിൽ കെ.എൽ.എം. യൂണിറ്റുകൾ ഉള്ളതായി കാണാം. മോട്ടോർ വാഹന തൊഴിലാളി ഫോറം (6) തയ്യൽ തൊഴിലാളി ഫോറം (14) ഗാർഹിക തൊഴിലാളി ഫോറം(1) കെട്ടിട നിർമ്മാണതൊഴിലാളി ഫോറം (3) കർഷക ഫോറം(11) എന്നീ തൊഴിലാളി ഫോറങ്ങൾ രൂപീകരിച്ച് ക്ഷേമ നിധികളിൽ അംഗത്വം എടുപ്പിക്കുകയും തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു. എങ്കിലും തൊഴിലാളി ശാക്തീകരണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നു.

2020 ൽ കോവിഡ് എന്ന മഹാമാരിക്കു മുമ്പിൽ ലോകം പകച്ചു നിന്നപ്പോൾ പ്രാദേശികസഭയിലെ സന്നദ്ധ പ്രവർത്തകരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതാണ്. ബോധവൽക്കരണത്തിനും സാമൂഹ്യ അകലം പാലിക്കുന്നതിനും, പ്രതിരോധ സംവിധാനങ്ങൾ ഒരുക്കുന്നതിനും, വരുമാന മില്ലാത്തവരെ സഹായിക്കുന്നതിനും, സാമൂഹ്യ അടുക്കളകൾ ഒരുക്കുന്നതിലുമെല്ലാം ഒരുമിച്ചു നടന്നു നീങ്ങിയ ദൈവജനത്തിന്റെ പ്രവർത്തനം കൂട്ടായ്മയ്ക്ക് ഒരു നിദർശനമാണ്.

സ്ത്രീ സമൂഹത്തിന് ഇന്നും ഒരു രണ്ടാംകിട പൗരത്വമാണ് സമൂഹം നൽകുന്നത്. സഭയുടെ ഏറ്റവും അടിസ്ഥാന ഘടകങ്ങളായ ബി.സി.സി.കളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കൂടുതലാണ്. എന്നാൽ അവരുടെ സ്വരം ശ്രവിക്കുന്നില്ല അവരുടെ പ്രശ്നങ്ങൾ പഠിക്കുന്നില്ല, പരിഹാരം കാണുന്നില്ല. അതുപോലെ തന്നെ ഇടവകയെ സംബന്ധിക്കുന്ന തീരുമാനമെടുക്കൽ പ്രക്രീയയിൽ പലപ്പോഴും പുരഷൻമാരെ അവരോധിക്കുകയാണ് പതിവ്. ഇവിടെ സ്ത്രീ പുരുഷാനുപാതം 50:50 ആക്കി സ്ത്രീ-പുരുഷ സമത്വം പ്രായോഗികമാക്കണം. 2000 മാണ്ടിൽ സ്ത്രീകളുടെ സാമൂഹ്യസാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തുന്നതിന് സ്വയം സഹായ സംഘ രൂപീകരണ പ്രവർത്തങ്ങൾക്ക് സാമൂഹ്യശുശ്രൂഷ തുടക്കം കുറിച്ചു എന്നത് ശ്രദ്ധേയനേട്ടമാണ്. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഫലമായി 49 വനിതകളാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത് ഇത് ചെറിയ കാര്യമല്ല. അൽമായ കമ്മീഷനു കീഴിൽ കെ.എൽ.സി.ഡബ്ല്യു.എ. രൂപീകരിച്ചുവെങ്കിലും ഈ സംഘടനകളുടെ ഇടപെടലുകൾ സഭാപ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തവും കൂട്ടായ്മയും സ്വരവും ഉറപ്പാക്കുന്നതിൽ എന്തു പങ്ക് വഹിക്കുന്നുവെന്നത് ഒരു ചോദ്യചിഹ്നമാകുന്നു. ഇത് പുനർക്രമീകരിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ആസന്നമാകുന്ന സിനഡാത്മക പ്രക്രീയയിലൂടെ സ്ത്രീകൾക്കു നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് നിയമ സഹായവേദികൾ രൂപീകരിക്കുന്നത് സ്ത്രീകൾക്ക് പ്രതീക്ഷയുടെ ചിറകുകൾ നൽകും.

കേന്ദ്രീകൃതമായ പ്രവർത്തനങ്ങൾ വികേന്ദ്രീകൃതമാക്കുന്നതിന് അതിരൂപതയിൽ 2017 ൽ തുടക്കം കുറിച്ചു. തുടക്കത്തിൽ വളരെ ഫലവത്തായ പ്രവർത്തനങ്ങൾ അൽമായ പങ്കാളിത്തത്തോടെ പ്രാവർത്തികമായെങ്കിലും ഇപ്പോൾ ഇത് വീണ്ടും രൂപതാകേന്ദ്രീകൃതമായി മാറിയ കാഴ്ചയാണ് കാണുന്നത്. വികേന്ദ്രീകൃതമെന്നത് ഏറെ പ്രതീക്ഷയോടെ കണ്ട തീരുമാനമായിരുന്നു. പുതിയ സിനഡ് വിഭാവന ചെയ്യുന്ന കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ഘടകങ്ങൾ ഫലവത്താക്കുന്നതിന് ഏറ്റവും ഉചിതമായ തീരുമാനമായിരുന്നു വികേന്ദ്രീകൃത പ്രവർത്തനങ്ങൾ. അധികാരം വികേന്ദ്രീകരിക്കുന്നതിനും അത് ചലിപ്പിക്കുന്നതിനുമുള്ള നേതൃത്വം അനിവാര്യമാകുന്നു.

അതിരൂപതയിൽ ശുശ്രൂഷകൾ പലതുണ്ടെങ്കിലും അവ തമ്മിൽ ഏകോപനമോ, നല്ലൊരു ബന്ധമോ ഉള്ളതായി കാണുന്നില്ല.

ആദിമസഭ കൂട്ടായ്മ പോലെ പ്രാർത്ഥന, അപ്പം മുറിക്കൽ ശുശ്രൂഷ എന്നിവയിൽ ഒരെ മനസ്സോടുകൂടി മുന്നോട്ടു നീങ്ങിയതുപോലെ സിനഡാത്മക പ്രക്രീയയിൽ മാനവീകതയ്ക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് പ്രായഭേദമന്യേ, ജാതിമതഭേദമന്യേ എല്ലാവരേയും ശ്രവിക്കുവാനും അതിലൂടെ വിവേചിച്ചെടുക്കുന്ന തീരുമാനങ്ങൾ ശുശ്രൂഷാ സംവിധാനങ്ങളിലൂടെ പ്രാവർത്തികമാക്കാനും പുതുചൈതന്യം നിറഞ്ഞ സഭാ പ്രവർത്തനത്തിന് രൂപം നൽകാനും സിനഡൽ പ്രകക്രിയ സഹായകമാകട്ടെ. ■



# പങ്കാളിത്തസഭയിൽ അജപാലനത്തിന്റെ പ്രസക്തി



നിക്സൺ ലോപ്പസ്

1985-ൽ രണ്ടാം വത്തിക്കാൻ കൗൺസിൽ സമാപനത്തിന്റെ 20-ാം വാർഷികം ആഘോഷിച്ച വേളയിൽ വി. ജോൺപോൾ രണ്ടാമൻ ഇങ്ങനെ പറഞ്ഞു "സിനഡുകൾ ഫലപ്രദമാകണമെങ്കിൽ ഏറെ തയ്യാറെടുപ്പുകൾ വേണം. എല്ലാവരുടെയും പങ്കാളിത്തത്തോടെ പ്രാദേശിക സഭകൾ അതിന്റെ തയ്യാറെടുപ്പുകളിൽ പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്." ഇത് നമ്മെ സിനഡുമായി ബന്ധപ്പെട്ട മൂന്നാമത്തെ വിഷയത്തിൽ കൊണ്ടെത്തിക്കുന്നു. പങ്കാളിത്തത്തിൽ ഊന്നിയുള്ള പ്രവർത്തന ശൈലിയിലൂടെയല്ലാതെ സഭയുടെ അജപാലന ദൗത്യം ദുഷ്കരമാണെന്ന് നാം തിരിച്ചറിയണം.

ദൈവ ജനതയുടെ യഥാർത്ഥ പങ്കാളിത്തമില്ലാതെ, കൂട്ടായ്മയെ കുറിച്ചുള്ള സംസാരം വെറും ആഗ്രഹം മാത്രമായി തുടരും. ഈ അവസരത്തിൽ മുന്നോട്ടു പോകാനുള്ള ചില ചുവടുകൾ നമ്മളെടുത്തിട്ടുണ്ട്. എങ്കിലും ചില വിഷമങ്ങൾ നിലനില്ക്കുന്നു. പതിവായി പാർശ്വങ്ങളിൽ തുടരേണ്ടി വരുന്ന നിരവധി അജപാലന പ്രവർത്തകർക്ക്, രൂപതയിലെയും ഇടവകകളിലെയും ആലോചനാ സമിതി അംഗങ്ങൾക്ക്, യുവജനങ്ങൾക്ക്, വനിതകൾക്ക് ഒക്കെ ഉണ്ടാകുന്ന നിരാശയും അക്ഷമയുമൊക്കെ കണക്കിലെടുത്തേ പറ്റൂ. പങ്കാളികളാകാൻ എല്ലാവരെയും കഴിവുള്ളവരാക്കുന്നത്, അവസരം നല്കുന്നത് അനിവാര്യമായ സഭാ കടമയാണ്. ജ്ഞാനസ്നാനം നമ്മുടെ തിരിച്ചറിയൽ കാർഡാണ്. അപ്പോൾ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും ഒരുപോലെയാണെന്ന മനോഭാവത്തിൽ സഭ എല്ലാവരെയും ഒരുപോലെ സ്വീകരിക്കണം.

## നവീനതയോടു തുറവിയുള്ള രൂപതയുടെ വെല്ലുവിളി

സിനഡൽ സഭയെ കുറിച്ച് സംസാരിക്കണമെങ്കിൽ, പുറമെ കാണുന്നത് കൊണ്ട് മാത്രം നാം തൃപ്തരാകരുത്. ദൈവ ജനങ്ങൾ തമ്മിൽ, പ്രത്യേകിച്ചും വൈദികരും അല്മായരും തമ്മിൽ, തുറവിയോടെയുള്ള സംഭാഷണവും ഇടപഴകലും സാധ്യമാകും വിധമുള്ള അജപാലന ശൈലിക്കായുള്ള മാർഗ്ഗങ്ങളും ഘടനകളും രൂപപ്പെടണം. പലപ്പോഴും

പല സമിതികളിലും അല്മായരെയും ഉൾപ്പെടുത്താറുണ്ടെങ്കിലും അവയൊക്കെ ഉപദേശക സമിതികൾ മാത്രമായി പരിമിതപ്പെടുത്തുന്നത് സാധ്യമായ വളർച്ചയ്ക്ക് തടസ്സമായി മാറാറുണ്ട് എന്നത് നാം തിരിച്ചറിയണം. സഭയുടെ ഭാഗിക വീക്ഷണം, പൗരോഹിത്യം, അല്മായരുടെ പങ്ക്, സഭാപരമായ ഉത്തരവാദിത്തങ്ങൾ, ഭരണ പങ്കാളിത്തം, അങ്ങനെ പലതും മാറ്റങ്ങൾക്ക് വിധേയമാകണം.

അല്മായവർ പലപ്പോഴും കേൾവിക്കാർ മാത്രമാകുന്ന സംവിധാനങ്ങൾ നിലനില്കുന്നുണ്ട്. അതിന് മാറ്റം വരണം. ശിഷ്യന്മാരെയും കൂട്ടി ജനങ്ങളുടെ കൂടെ സഞ്ചരിക്കുന്ന യേശുവിനെയാണ് സുവിശേഷങ്ങളിൽ നാം കാണുക. നമ്മുടെ സഭയിൽ പലപ്പോഴും അല്മായർ സ്വീകർത്താവിന്റെ (Receiving end) ഭാഗത്താണ്. കേൾക്കുന്ന സഭ ആകാനുള്ള അവസരം സിനഡ് നമുക്കൊരുക്കുന്നു. ഉത്കണ്ഠകൾ വിട്ട്, നമ്മുടെ പതിവുകൾ തകർത്ത്, അല്മായരെ മുന്നിൽ നിർത്താനും അവരെ കേൾക്കാനും തയ്യാറാകണം.

നമ്മുടെ രൂപതയിൽ അജപാലന ശുശ്രൂഷയുടെ നേതൃത്വത്തിൽ അല്മായർക്കായി ബൈബിൾ കോഴ്സ്, ദൈവശാസ്ത്ര കോഴ്സ് എന്നിവ സംഘടിപ്പിച്ചു വരുന്നു. കൂടുതൽ പേരെ ഇത്തരം കോഴ്സുകളിൽ പങ്കെടുപ്പിക്കുകയും അജപാലന ദൗത്യത്തിൽ അവരെയും പങ്കാളികളാക്കുകയും വേണം. നല്ലപോലെ വചന പ്രഘോഷണം നടത്തുകയും വചനം വിചിന്തനം ചെയ്യുന്ന ധാരാളം അല്മായർ അജപാലന ദൗത്യത്തിന് തയ്യാറായുണ്ട്. അവർക്ക് അവസരങ്ങളില്ല എന്ന രോദനം ഇനിയും കേട്ടില്ല എന്ന് നടിക്കാനാവില്ല. സഭാ ശുശ്രൂഷകളിൽ നേതൃപാടവമുള്ള അല്മായർക്ക് അവസരങ്ങൾ നല്കണം. അല്മായരുടെ കഴിവുകളും അറിവുകളും സഭയുടെ വളർച്ചയ്ക്കായും പൊതു നന്മയ്ക്കായും ഉപയോഗിക്കപ്പെടട്ടെ. ■

## പങ്കാളിത്തസഭയിൽ

# കുടുംബങ്ങളുടെ സന്തുഷ്ടി സഭയുടെയും

കുടുംബങ്ങളിൽ അനുഭവിക്കുന്ന സ്നേഹത്തിന്റെ സന്തോഷം സഭയുടെയും സന്തോഷമാണെന്ന് ഫ്രാൻസിസ് പാപ്പ സ്നേഹത്തിന്റെ സന്തോഷമെന്ന ചാക്രിക ലേഖനത്തിന്റെ പ്രാരംഭത്തിൽ പറയുന്നു. ലോകവും സഭയും സന്തോഷത്തിലായിരിക്കണമെങ്കിൽ അടിസ്ഥാനപരമായി കുടുംബങ്ങൾ സന്തുഷ്ടിയിലായിരിക്കണം. ഓരോ മനുഷ്യനും പിറന്നുവീഴുന്നത് കുടുംബത്തിലാണ്. എവിടെയൊക്കെ സന്തുഷ്ടി നിറഞ്ഞ കുടുംബങ്ങൾ രൂപപ്പെട്ടിട്ടുണ്ടോ അവിടെയൊക്കെ നന്മനിറഞ്ഞ സമൂഹവും രൂപപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ കാലഘട്ടത്തിൽ സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന ഘടകമായ കുടുംബം നിരവധി വെല്ലുവിളികളിലൂടെ കടന്നു പോകുന്നു. ആയതിനാൽ തന്നെ കുടുംബങ്ങളെക്കുറിച്ച് ചിന്തിക്കാനും പഠിക്കാനും അതിനെ സന്തുഷ്ടിയിലേക്ക് നയിക്കാനുമുള്ള തീരുമാനങ്ങളെടുക്കാനും പ്രാവർത്തികമാക്കാനും നമുക്കാകണം.

### കുടുംബം ദൈവം വസിക്കുന്ന ഇടമാകണം

കുടുംബം ത്രിത്വൈക ദൈവത്തിൽ ജീവിക്കുന്ന ഇടമാണ്. കൂട്ടായ്മയിൽ ദൈവം സ്ഥാപിച്ച കുടുംബം പൂർണമാകുന്നത് ദൈവവും സ്ത്രീയും പുരുഷനും കൂടിച്ചേരുമ്പോഴാണ്. ഇങ്ങനെ രൂപം കൊള്ളുന്ന കുടുംബങ്ങൾക്ക് ദൈവം നൽകുന്ന സമ്മാനമാണ് മക്കൾ. സ്നേഹത്തിലും കൂട്ടായ്മയിലും വസിക്കുന്ന ദൈവത്തിന്റെ പാത തന്നെയാണ് കുടുംബങ്ങളും പിന്തുടരേണ്ടത്.

കുടുംബങ്ങൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി അത് ദൈവകേന്ദ്രീകൃതമല്ലായെന്നതാണ്. കുടുംബങ്ങളിൽ നിന്ന് ദൈവത്തെ മാറ്റി നിർത്തുമ്പോൾ സ്നേഹവും കൂട്ടായ്മയും നഷ്ടപ്പെടുന്നു. പകരം ലൗകീകമായ ആസക്തികൾക്ക് കുടുംബം കീഴ്പ്പെടുന്നു. ഇത് കുടുംബങ്ങളെ തകർച്ചയിലേക്ക് നയിക്കുന്നു.

കുടുംബങ്ങളെ അതിന്റെ സ്ഥാപകനും നാഥനുമായ ദൈവത്തിലേക്ക് പുനരാനയിക്കേണ്ട ചുമതല സഭയ്ക്കുണ്ട്. കുടുംബങ്ങളിൽ പ്രാർത്ഥന ചൈതന്യം നിറയണം. സ്നേഹത്തിന്റെ പൂക്കൾ വിരിയണം... പങ്കുവയ്ക്കലിന്റെ പരിമളം പടരണം... അങ്ങനെ കൂട്ടായ്മാനുഭവത്തിൽ കുടുംബങ്ങൾ വളര



സതീഷ് ജോർജ്ജ്

ണം. അതിനായി എല്ലാ ദിവസവും തിരക്കുകളും വിനോദങ്ങളും നവമാധ്യമങ്ങളും ഒഴിവാക്കി ഒരുമണിക്കൂറെങ്കിലും കുടുംബാംഗങ്ങൾ ഒത്തൊരുമിച്ച് പ്രാർത്ഥിക്കണം... ഭക്ഷിക്കണം... അന്നത്തെ വിശേഷങ്ങൾ പങ്കുവച്ചുകൊണ്ട് സ്നേഹ സംഭാഷണത്തിലേർപ്പെടണം. ഓർക്കുക തകർന്ന അല്ലങ്കിൽ തകരുന്ന കുടുംബങ്ങളുടെ വീണ്ടെടുപ്പ് അതിന്റെ സ്ഥാപകനായ ദൈവത്തെ തെരഞ്ഞെടുക്കുന്നതിലൂടെയാണ്.

## കുടുംബം വിശുദ്ധി നിറഞ്ഞ ഇടമാകണം

ക്രൈസ്തവരായ നാം ഓരോരുത്തരും വിശുദ്ധിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. വിശുദ്ധി നിറഞ്ഞ സ്ത്രീയും പുരുഷനും ദൈവത്തിന്റെ കരം പിടിച്ചുകൊണ്ട് രൂപം നൽകുന്നതാണ് കുടുംബം. അതിനാൽ തന്നെ കുടുംബമെന്നത് വിശുദ്ധിയുടെ പര്യായമായി നിലകൊള്ളണം. വിശുദ്ധി നഷ്ടപ്പെടുമ്പോൾ ദൈവീക സാന്നിധ്യം കുടുംബത്തിൽ നിന്നകലുന്നു. വിശുദ്ധിയിൽ വളരാനും വിശുദ്ധി നിലനിർത്താനും ദൈവം നമ്മെ സഹായിക്കുന്നു. നിരന്തരമായ പ്രാർത്ഥന, വ്യക്തിപരമായ പ്രാർത്ഥന വ്യക്തിയുടെ ജീവിത വിശുദ്ധിക്ക് ആവശ്യമാണ്. സന്ധ്യാസമയത്ത് ഭവനങ്ങളിൽ നടത്തുന്ന കുടുംബ പ്രാർത്ഥന കുടുംബങ്ങളുടെ വിശുദ്ധീകരണത്തിന് ഏറെ സഹായകരമാണ്. പ്രാർത്ഥിക്കുന്ന കുടുംബം അവസാനം വരെ സ്നേഹത്തിലും കൂട്ടായ്മയിലും നിലനിൽക്കും. ഇന്ന് കുടുംബങ്ങളിൽ നഷ്ടമായിക്കൊണ്ടിരിക്കുന്ന പ്രാർത്ഥന ചൈതന്യം വീണ്ടെടുക്കണം. ഇടവകകളിൽ സന്യസ്തരും വൈദികരും കുടുംബങ്ങൾ സന്ദർശിച്ച് അവരോടൊപ്പമായിരുന്നുകൊണ്ട് കുടുംബപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി പ്രാർത്ഥന ചൈതന്യത്തിലേക്ക് കൈപിടിച്ച് നടത്തണം.

## കുടുംബം ദൈവസ്നേഹം പരിലസിക്കുന്ന ഇടമാകണം

ദൈവം സ്ഥാപിച്ച കുടുംബത്തിന്റെ അടിസ്ഥാന ഘടകം സ്നേഹമാണ്. പല കുടുംബങ്ങളെയും ഭരിക്കുന്നത് ലൗകീക സ്നേഹമാണ്. അതിനാൽ പലർക്കും ക്ഷമിക്കാനോ, സഹിക്കാനോ, സത്യത്തിൽ വ്യാപരിക്കാനോ കഴിയുന്നില്ല. ദൈവസ്നേഹം സർവ്വോത്കൃഷ്ടമാണ്. അത് ക്ഷമിക്കുന്നു... സഹിക്കുന്നു.. കരുണ കാണിക്കുന്നു... ആരെയും വേദനിപ്പിക്കുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല. സ്വാർത്ഥമായി പെരുമാറുന്നില്ല.

തകർന്നതും നാം തകർത്തതുമായ കുടുംബങ്ങളെ കരുണയോടെ സമീപിക്കണം. കുടുംബങ്ങളെ തേടി അവരുടെ ചാരെയെത്തണം. കൗദാശിക ജീവിതത്തിൽ നിന്ന് അകന്നു ജീവിക്കുന്നവരുടെ കരം പിടിച്ച് ദൈവസ്നേഹത്തിലേക്ക് നയിക്കാനാകണം. നഷ്ടപ്പെട്ട ആടിനെ തിരഞ്ഞ് കണ്ടെത്തുന്ന നല്ലിടയന്റെ മനോഭാവനത്തോടെ ദൈവസ്നേഹത്തിൽ നിന്ന് അകന്ന് ജീവിക്കുന്നവരെ കരുണയോടെ ചേർത്തണയ്ക്കണം.

## കുടുംബം ദൈവവചനം പ്രഘോഷിക്കുന്ന ഇടമാകണം

ദൈവത്തിന്റെ വചനത്തിലാണ് സകലവും സൃഷ്ടിക്കപ്പെട്ടത്. ആ വചനം തന്നെയാണ് മാംസമായി പിറവിയെടുത്തതും മാനവകുലത്തിന്റെ രക്ഷയ്ക്കായി മുറിയപ്പെട്ടതും. ഈ വചനത്തിന്റെ സാന്നിധ്യം എല്ലാ കുടുംബങ്ങളിലും ഉണ്ടാകണം. മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ദൈവത്തിൽ നിന്ന് പുറപ്പെടുന്ന വചനം കൊണ്ടാണ് ജീവിക്കുന്നതെന്ന് ക്രിസ്തു നമ്മെ ഓർമിപ്പിക്കുന്നു. ശരീരത്തിന്റെ വളർച്ചയ്ക്ക് ഭക്ഷണം ആവശ്യമെന്നതുപോലെ മനുഷ്യന്റെ ആത്മീയ വളർച്ചക്ക് ദൈവവചനം അത്യാവശ്യമാണ്. കുടുംബങ്ങൾ വചനത്തിന് പ്രാധാന്യം നൽകാതെവരുമ്പോൾ ആത്മീയ മുരടിപ്പ് നിരാശയിലേക്കും വിശ്വാസരാഹിത്യത്തിലേക്കും നയിക്കും. എന്നാൽ വചനത്താൽ ശക്തിപ്പെടുന്ന കുടുംബങ്ങൾ പ്രതിസന്ധികളിൽ തളരാതെ പ്രത്യാശയിലേക്കും വിശ്വാസത്തിലേക്കും വളരുന്നു.

കുടുംബങ്ങളെ വചനാധിഷ്ഠിതമായ ജീവിത ശൈലിയിലേക്ക് നയിക്കേണ്ടത് സഭയാണ്. ദൈവാലയത്തിൽ വരുമ്പോൾ ബൈബിൾ കൊണ്ടുവരാനും വചന വായനയ്ക്കും വിചിന്തനത്തിനും പ്രാധാന്യം നൽകുന്ന ഭക്താഭ്യാസങ്ങളിൽ ദൈവജനം സജീവമായി പങ്കുകൊള്ളാനും വൈദികർ പ്രോത്സാഹിപ്പിക്കണം. കുട്ടികൾക്കുള്ള മതബോധന ക്ലാസുകൾ പോലെ മുതിർന്നവർക്കും പങ്കെടുക്കാവുന്ന മതബോധന ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.

## കുടുംബം പങ്കുവയ്ക്കലിന്റെ ഇടമാകണം

കുടുംബങ്ങളിൽ മാതാപിതാക്കൾ മക്കൾക്ക് മാതൃകകളായിരിക്കണം.

അഞ്ചപ്പം അയ്യായിരം പേർക്ക് പങ്കുവച്ച ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത് പങ്കുവയ്ക്കലിന്റെയും കരുണയുടെയും പാഠങ്ങളാണ്. നമുക്ക് ലഭിക്കുന്ന സമ്പത്ത് അറിവ് സമയം ഇവയൊക്കെയും അപരന്റെ നന്മയ്ക്കായി പങ്കുവയ്ക്കാനുള്ളതാണ്.

ഇടവകകളിൽ കാരുണ്യപദ്ധതികൾ കൂടുതലായി നടത്തപ്പെടണം. വിശപ്പ് അനുഭവിച്ചുബുദ്ധിമുട്ടുന്നവരും ചികിത്സയ്ക്ക് പണമില്ലാത നരകിക്കുന്നവരും മാനസികമായി തകർന്നവരും ഇടവകകളിൽ ഉണ്ടാകാൻ പാടില്ല. ഒരു കുഞ്ഞുപോലും വിദ്യാഭ്യാസം ലഭിക്കാതെ ഇരുളിടങ്ങളിലേക്ക് മറയാൻ പാടില്ല. ഇങ്ങിനെ ധീരമായ നിലപാടുകൾ സ്വീകരിക്കാൻ ഇടവകകൾക്കാകണം. അപരനെ കൈപ്പിടിച്ച് ഉയർത്തുന്ന കാരുണ്യപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും പങ്കവയ്ക്കലിന്റെ സംസ്കാരം വളർത്തുകയും വേണം.

## സഭയുടെ വളർച്ച കുടുംബങ്ങളിലൂടെയാണ്

നല്ല കുടുംബങ്ങൾ രൂപപ്പെടുമ്പോഴാണ് നല്ലൊരു ലോകം ജന്മമെടുക്കുന്നത് നല്ല കുടുംബങ്ങൾക്ക് രൂപം നൽകാൻ സഭ പ്രതിജ്ഞാബദ്ധമാണ്. പ്രാർത്ഥിക്കുന്ന ദൈവസ്നേഹത്തിൽ വിശുദ്ധമായ, വചനത്തിൽ ആഴപ്പെട്ട, പങ്കുവയ്ക്കലിലൂടെ സ്നേഹത്താൽ പുതിയ ലോകം സൃഷ്ടിക്കുന്ന കുടുംബങ്ങളെ രൂപപ്പെടുത്താൻ ഉതകുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കാൻ ഈ കാലഘട്ടത്തിൽ നമുക്ക് കൂട്ടായി യത്നിക്കാം. ■

## നീർച്ചാൽ

# രക്ഷ എല്ലാ മനുഷ്യർക്കും അവകാശപ്പെട്ടതാണ്

**ആഗമനകാലം 2-ാം ഞായർ (ഡിസം. 05)** ബാറു. 5:1-9, ഫിലി. 1: 4-6, 8-11. ലൂക്ക. 3: 1-6

**ഫാ. ലോറൻസ് കുലാസ്**

> **ദൈവമഹത്വത്തിലേക്ക് എല്ലാവരും മടങ്ങിവരുമെന്നും സർവ്വജനങ്ങളും ദൈവത്തിന്റെ രക്ഷ അനുഭവിക്കുമെന്നും ലൂക്കാ സുവിശേഷകൻ അടിവരയിടുന്നു. രക്ഷ എല്ലാ മനുഷ്യർക്കും ഉള്ളതാണ്. നിലനില്ക്കുന്ന രാഷ്ട്രീയ -സാമൂഹിക ചരിത്രത്തിലേക്കും ദൈവത്തിന്റെ രക്ഷ കടന്നു ചെല്ലണം.**

യോഹന്നാന്റെ ശുശ്രൂഷയുടെ ആരംഭമാണ് ഇന്നത്തെ സുവിശേഷം. ലൂക്കാ സുവിശേഷകൻ യോഹന്നാന്റെ ശുശ്രൂഷയുടെ കാലഘട്ടത്തെ അവതരിപ്പിക്കുന്നത് റോമിന്റെയും പാലസ്തീനായുടെയും പ്രഗത്ഭരായ ഭരണാധികാരികളുടെ വാഴ്ചയുമായി ബന്ധപ്പെടുത്തിയാണ് (3:1-2). പണ്ഡിതാഭിപ്രായത്തിൽ തിബേരിയൂസിന്റെ വാഴ്ചയുടെ 15-ാം വർഷം സൂചിപ്പിക്കുന്നത് എ.ഡി. 28-29 വർഷമാണ്. എ.ഡി. 26 മുതൽ 36 വരെയുള്ള കാലഘട്ടത്തിലാണ് പന്തിയോസ് പീലാത്തോസ് യൂദയാ ഗവർണറായി ഭരണം നടത്തിയത്. ഇവിടെയും പിന്നീട് സുവിശേഷത്തിലും പരാമർശിക്കപ്പെടുന്ന (9:7-9;13:31-32;23:7-12) ഹേറോദേസ്, മഹാനായ ഹേറോദേസിന്റെ മകനായ ഹേറോദേസ് അന്തിപ്പാസാണ്. ഇദ്ദേഹത്തിന്റെ സഹോദരനാണ് മറ്റൊരു ഭരണാധികാരിയായ പീലിപ്പോസ്. ഇതേ കാലഘട്ടത്തിലായിരുന്നു കയ്യാഫാസ് പ്രധാന പുരോഹിതനായിരുന്നത്. എ.ഡി. 18 മുതൽ 36 വരെ കയ്യാഫാസായിരുന്നു മുഖ്യ പുരോഹിതൻ. അക്കാലത്ത് അന്നാസ് പ്രധാന പുരോഹിതസ്ഥാനത്തല്ലായിരുന്നെങ്കിലും (എ.ഡി. 5-15 കാലഘട്ടത്തിലാണ് അദ്ദേഹം പ്രധാന പുരോഹിതനായിരുന്നത്) അദ്ദേഹത്തിന്റെ മകളുടെ ഭർത്താവ് കയ്യാഫാസ് ആയതുകൊണ്ടാവാം മുഖ്യ പുരോഹിതനായ കയ്യാഫാസിന്റെ പേരിനൊപ്പം അന്നാസും പരാമർശിക്കപ്പെടുന്നത് (കാണുക, യോഹ 18:13-24; അപ്പ 4:6). യോഹന്നാന്റെ ശുശ്രൂഷയെ റോമിന്റെയും പാലസ്തീനായുടെയും ചരിത്രവുമായി ലൂക്കാ ബന്ധിപ്പിക്കുമ്പോൾ യേശുവിലൂടെ സംജാതമാകുന്ന പുതിയ രക്ഷാകര ചരിത്രത്തിന്റെ പശ്ചാത്തലം തന്നെയാണ് സുവിശേഷകൻ ഒരുക്കുന്നത്.

യോഹന്നാന്റെ ശുശ്രൂഷയുടെ കാലഘട്ടം ചരിത്രത്തോട് ബന്ധിപ്പിച്ചതിന് ശേഷം സുവിശേഷകൻ യോഹന്നാന്റെ വിളിയെയും പഴയനിയമ പ്രവാചക വിളിയോട് സാമ്യപ്പെടുത്തുന്നു. "യോഹന്നാനു ദൈവത്തിന്റെ അരുളപ്പാടുണ്ടായി" എന്നാണദ്ദേഹത്തിന്റെ വിളിയെ ലൂക്കാ വിശേഷിപ്പിക്കുന്നത് (3:2യ). ഇപ്രകാരമുള്ളൊരു വിളിയാണ് പഴയനിയമപ്രവാചകർക്കും ലഭിച്ചിട്ടുള്ളത് (കാണുക, ജറെ 1:4; ഹോസി 1:1; മിഖാ 1:1; ഹഗ്ഗ 1:1; ജോയേ 1:1). ലൂക്കായെ സംബന്ധിച്ചിടത്തോളം യോഹന്നാന്റെ വിളി മാത്രമല്ല വിളിയുടെ സ്വഭാവവും പഴയനിയമ പ്രവാചകരുടെതിന് തുല്യമാണ്. കാരണം പഴയനിയമ പ്രവാചകരെപോലെ യോഹന്നാനും അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ പരിശുദ്ധാത്മാവി

നാൽ നിറയ്ക്കപ്പെടുകയായിരുന്നു (1:15; കാണുക ഏശയ്യ 49:1; ജറെ 1:5). ഇപ്രകാരം യോഹന്നാന്റെ വിളിയെ സുവിശേഷകൻ വിശേഷിപ്പിക്കുന്നത് യോഹന്നാൻ ഒരു പ്രവാചകനാണെന്ന് പ്രസ്ഥാപിക്കുവാൻ വേണ്ടിയാണ്. ലൂക്കായെ സംബന്ധിച്ചിടത്തോളം പഴയനിയമ പ്രവാചകന്മാരിലെ അവസാനത്തെയാളാണ് യോഹന്നാൻ (16:16).

യോഹന്നാന്റെ വിളിയേയും വിളിയുടെ സ്വഭാവത്തേയും പഴയനിയമ പ്രവാചക വിളിയോടും സ്വഭാവത്തോടും തുല്യപ്പെടുത്തിയ ലൂക്കാ, തുടർന്ന് യോഹന്നാന്റെ പ്രഭാഷണത്തിന്റെ സ്ഥലവും കാതലും വിവരിക്കുന്നു (3:3). യോഹന്നാന്റെ പ്രഭാഷണത്തിന്റെ സാരം "പാപമോചനത്തിനുള്ള മാനസാന്തരത്തിന്റെ ജ്ഞാനസ്നാനം" ആണ്. ഇപ്രകാരമൊരു ജ്ഞാനസ്നാന പാരമ്പര്യം മരുഭൂമിയിൽ വസിച്ചിരുന്ന ഒരു വിഭാഗം യഹൂദരുടെ ഇടയിൽ നിലനിന്നിരുന്നു. ചില പണ്ഡിതരുടെ അഭിപ്രായത്തിൽ യോഹന്നാനും തന്റെ മരുഭൂവാസക്കാലം 'എസീൻ' സമൂഹത്തോടൊപ്പമായിരുന്നു. ആകയാൽ 'എസീൻ' സമൂഹത്തിൽ നിലനിന്നിരുന്ന ജ്ഞാനസ്നാന സമ്പ്രദായം യോഹന്നാൻ അനുവർത്തിക്കുകയാണിവിടെ. 'എസീൻ'ക്കാരെപ്പോലെ യോഹന്നാൻ ഇസ്രായേല്യരെ മാനസാന്തരത്തിലേയ്ക്ക് ആനയിക്കുന്നു. അതിന്റെ അടയാളമെന്നോണം അവർ ജലം കൊണ്ടുള്ള ഒരു കഴുകലാൽ (സ്നാനത്താൽ) രൂപാന്തരപ്പെടുന്നു. തുടർന്ന്, സുവിശേഷകൻ യോഹന്നാന്റെ പ്രഭാഷണത്തിന്റെ സന്ദേശം ഏശയ്യാ പ്രവചനം വഴി സ്ഥിതികരിക്കുന്നു (3:4-6; കാണുക, ഏശയ്യ 40:3-5). യോഹന്നാന്റെ പ്രവാചക ശുശ്രൂഷവഴി യേശുവിൽ ദൈവത്തിന്റെ രക്ഷ എല്ലാ ജനങ്ങൾക്കും ലഭ്യമാകുമെന്ന സന്ദേശമാണ് ഏശയ്യാ പ്രവചനം വഴി ലൂക്കാ നല്കുന്നത്. രക്ഷയുടെ സാർവ്വത്രികത വ്യക്തമാക്കുന്നതിനുവേണ്ടിയാണ്, മത്തായി, മർക്കോസ് എന്നിവരിൽ നിന്നും വ്യത്യസ്ഥമായി, "സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണും" (3:6; ഏശയ്യ 40:5) എന്ന വാക്യം ലൂക്കാ കൂട്ടിച്ചേർക്കുന്നത്. ദൈവത്തിന്റെ ദാനമായ രക്ഷ യഹൂദരും വിജാതിയരും ഉൾപ്പെടെ സർവ്വത്രജനങ്ങൾക്കും ലഭ്യമാണെന്ന സുവിശേഷസാരം ലൂക്കാ സുവിശേഷകന്റെ വീക്ഷണം ഉൾക്കൊള്ളുന്നു.

ദൈവമഹത്വത്തിലേക്ക് എല്ലാവരും മടങ്ങിവരുമെന്നും സർവ്വജനങ്ങളും ദൈവത്തിന്റെ രക്ഷ അനുഭവിക്കുമെന്നും ലൂക്കാ സുവിശേഷകൻ അടിവരയിടുന്നു. രക്ഷ എല്ലാ മനുഷ്യർക്കും ഉള്ളതാണ്. നിലനില്ക്കുന്ന രാഷ്ട്രീയ -സാമൂഹിക ചരിത്രത്തിലേക്കും ദൈവത്തിന്റെ രക്ഷ കടന്നു ചെല്ലണം. ഇത് സാധ്യമാകുന്നത് നമ്മുടെ മാനസാന്തരത്തിലൂടെയും. ■

# എളിയവരെ ഉയർത്തുന്ന ദൈവം

**ആഗമനകാലം 3-ാം ഞായർ (ഡിസം. 12)** സെഫ. 3: 14-18, ഫിലി. 4: 4-7. ലൂക്ക. 3: 10-18

**ഫാ. ഡൈസൻ**

**ദൈവവും കർത്താവുമായ യേശുക്രിസ്തു ആരാണെന്നും, അവന്റെ മുമ്പിൽ തന്റെ അവസ്ഥ എന്താണെന്നുള്ള ഉറച്ച ബോധ്യം യോഹന്നാനുണ്ടായിരുന്നു. താൻ വെറും ജലം കൊണ്ട് മാനസാന്തരത്തിന്റെ സ്നാനം നല്കുമ്പോൾ യേശു ജലം കൊണ്ടും, അഗ്നികൊണ്ടും, ആത്മാവുകൊണ്ടും നിത്യജീവൻ പ്രദാനം ചെയ്യുന്ന സ്നാനം നല്കുന്നു.**

അത്യുന്നതന്റെ പ്രവാചകനും ദൈവകരം കൂടെയുള്ളവനുമായ യോഹന്നാനെ കുറിച്ച് ജനങ്ങൾ അത്ഭുതത്തോടെ ചോദിച്ചു. ഈ ശിശു ആരായി തീരും? ജനങ്ങളുടെ ചോദ്യത്തിനുള്ള ഉത്തമാണ് ഇന്നത്തെ സുവിശേഷം. കാരണം യോഹന്നാൻ ധാർമ്മികത പഠിപ്പിക്കുന്ന ഗുരുവാണ്; സത്യസന്ധനായ വ്യക്തിയാണ്, എളിമയുടെ ഉത്തമ മാതൃകയാണ്. ഉന്നതത്തിൽ നിന്നും ഉദിക്കുന്ന ലോകത്തിന്റെ പ്രകാശമായ യേശുവിനെ സ്വീകരിക്കുവാൻ മാനസാന്തരത്തിന്റെ വിരുന്നു നല്കിയാണ് യോഹന്നാൻ ജനങ്ങളെ ഒരുക്കിയത്.

## ഗുരുവായ യോഹന്നാൻ

പത്രോസിന്റെ പ്രസംഗം കേട്ടപ്പോൾ ജനങ്ങളുടെ ഹൃദയം നുറുങ്ങി. അവർ പത്രോസിനോടും മറ്റ് അപ്പസ്തോലന്മാരോടും ചോദിച്ചു: സഹോദരന്മാരേ, ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? (അപ്പ 2:37). യോഹന്നാന്റെ പ്രസംഗം കേട്ട് ജനങ്ങൾ അവനോട് ചോദിച്ചു: ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? ഓരോ വചനപ്രഘോഷണവും കേഴ്വിക്കാരെ സമാനമായ ചോദ്യം ഉന്നയിക്കാൻ പ്രചോദിപ്പിക്കണം.

യോഹന്നാൻ നല്കിയ അനുതാപത്തിന്റെ സ്നാനം സ്വീകരിച്ചവരും അവന്റെ വചനവിരുന്നു ആസ്വദിച്ചവരും ആദ്യമായി ഞങ്ങൾ എന്താണ് ചെയ്യേണ്ടതെന്ന ചോദ്യം ചോദിക്കുന്നു. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ആഹാരവും വസ്ത്രവും ഇല്ലാത്തവർക്ക് ഉള്ളവർ നല്കാൻ യോഹന്നാൻ ആഹ്വാനം ചെയ്യുന്നു. നല്കുന്നതാണ് ജീവിതത്തെ ശ്രേഷ്ഠമാക്കുന്നത് (അപ്പ 20:35). വെട്ടിപിടിക്കുകയെന്ന ലോകതത്വത്തിൽ നിന്നും നല്കുകയെന്ന സുകൃതത്തിലേക്ക് യോഹന്നാൻ നമ്മെ നയിക്കുന്നു. യഹൂദമതം അനുതാപം പ്രകടിപ്പിച്ചിരുന്നത് ചാരം പൂശിയും, ചാക്കു വസ്ത്രം ധരിച്ചും, ഉപവസിച്ചും ബലിയർപ്പിച്ചുമായിരുന്നു. എന്നാൽ പുതിയ നിയമ കാഴ്ചപ്പാടനുസരിച്ച് അനു

താപം പ്രകടിപ്പിക്കുകയെന്നാൽ പരസ്നേഹ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയെന്നതാണ്. മറ്റു വാക്കുകളിൽ ചാക്കു വസ്ത്രം ഉടുക്കുക്കയെന്നതിനെക്കാൾ വസ്ത്രം ഇല്ലാത്തവന് വസ്ത്രവും, ഉപവസിക്കുക്കയെന്നതിനെക്കാൾ ഭക്ഷണം ഇല്ലാത്തവന് ഭക്ഷണം നല്കുകയെന്ന പരസ്നേഹപ്രവൃത്തികൾ ചെയ്യുക എന്നതാണ്.

യോഹന്നാനെ സമീപിച്ച രണ്ടാമത്തെ കൂട്ടരായ ചുങ്കക്കാരെ യഹൂദ സമൂഹം ഇരട്ട ഒറ്റുകാരായിട്ടാണ് കണ്ടിരുന്നത്. കാരണം റോമൻ ചക്രവർത്തിയുടെ രൂപവും ലിഖിതവുമുള്ള നാണയം കൈകാര്യം ചെയ്യുന്നതിലൂടെ ദൈവത്തെ ഒറ്റി കൊടുക്കുന്ന വിഗ്രഹ ആരാധകരായി മാറുന്നു. യഹൂദരെ അടിമകളാക്കിയ റോമക്കാർക്കു വേണ്ടി ചുങ്കം പിരിക്കുന്നതിലൂടെ രാജ്യത്തെ ഒറ്റി കൊടുക്കുന്നവരായി മാറുന്നു. ചുങ്കക്കാർ ആജ്ഞാപിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ ചുങ്കമാണ് ജനങ്ങളിൽ നിന്ന് ഈടാക്കിയിരുന്നത്. കൈക്കൂലിക്ക് സമാനമാണിത്. അതുകൊണ്ട് യോഹന്നാൻ പറയുന്നു: ആജ്ഞാപിച്ചിട്ടുള്ളതിനെക്കാൾ അധികം വാങ്ങരുത്. കാരണം കൈക്കൂലി മനസ്സിനെ ദുഷിപ്പിക്കുന്നതും (സഭാ 7:7) നീതിയെ വഴി തെറ്റിക്കുന്നതും (സുഭാ 17:23) വിജ്ഞനെ അന്ധനാക്കുന്ന തിന്മയുമാണ് (പുറ 23:8).

യോഹന്നാനെ സമീപിക്കുന്ന മൂന്നാമത്തെ കൂട്ടർ തങ്ങളുടെ വേതനങ്ങളിൽ തൃപ്തിപ്പെടാത്ത പടയാളികളാണ്. അതുകൊണ്ട് ചുങ്കകാർ ഈടാക്കുന്ന അമിത ചുങ്കത്തിൽ നിന്ന് ഒരു പങ്ക് പടയാളികൾ കൈപ്പറ്റിയിരുന്നു. പൊതു ജനങ്ങൾക്ക് സംരക്ഷണം നല്കേണ്ട പടയാളികൾ അവരെ ഭീഷണിപ്പെടുത്തിയും, വ്യാജമായ കുറ്റാരോപണം നടത്തിയും അവരെ ദുരിതത്തിലാഴ്ത്തിയിരുന്നു. ഇത് പാടില്ലായെന്ന് യോഹന്നാൻ പടയാളികളെ അറിയിക്കുന്നു. മനുഷ്യരെ മാനസാന്തരത്തിലേക്ക് നയിക്കുന്ന ധാർമ്മിക സന്ദേശമുള്ള പ്രഘോഷണത്തിലൂടെ യോഹന്നാൻ രക്ഷകന്റെ പാത ഒരുക്കി. അതിലൂടെ യോഹന്നാൻ മഹാഗുരുവായ യേശുവിന്റെ മുന്നോടിയായ ചെറിയ ഗുരുവായി മാറുന്നു.

## 2. സത്യസന്ധനായ യോഹന്നാൻ

യോഹന്നാന്റെ പ്രവൃത്തികൾ കണ്ട് യഹൂദജനം ചിന്തിച്ചത് യോഹന്നാനായിരിക്കും യഥാർത്ഥ ക്രിസ്തുവെന്നാണ്. യേഹാന്നനു മുമ്പ് ചിലർ തങ്ങളാണ് യഥാർത്ഥ ക്രിസ്തുവെന്ന അവകാശവാദവുമായി വന്നു. അവരിൽ ഒരുവനാണ് തെവുദാസ്. ഏകദേശം നാനൂറുപേർ അവന്റെ അനുയായികളായി. എന്നാൽ അവൻ വധിക്കപ്പെടുകയും അവന്റെ അനുയായികൾ നാമാവശേഷമാകുകയും ചെയ്തു (അപ്പ 5:36). ധാരാളം വ്യാജ മിശിഹാമാരെ കണ്ട യഹൂദജനം യോഹന്നിൽ യഥാർത്ഥ മിശിഹായുടെ പ്രവർത്തനങ്ങൾ ദർശിക്കുന്നു. യോഹന്നാൻ ജനങ്ങളോട് യഥാർത്ഥ സത്യം പറയുന്നു. ഞാനല്ല മിശിഹാ, ഞാൻ അവന്റെ നിഴൽ മാത്രം, അവന്റെ സ്വരം മാത്രം, വരുന്നവൻ എന്നെക്കാൾ ശക്തനാണ്.

## 3. എളിമയുള്ള യോഹന്നാൻ

ദൈവവും കർത്താവുമായ യേശുക്രിസ്തു ആരാണെന്നും, അവന്റെ മുമ്പിൽ തന്റെ അവസ്ഥ എന്താണെന്നുള്ള ഉറച്ച ബോധ്യം യോഹന്നാനുണ്ടായിരുന്നു. താൻ വെറും ജലം കൊണ്ട് മാനസാന്തരത്തിന്റെ സ്നാനം നല്കുമ്പോൾ യേശു ജലം കൊണ്ടും, അഗ്നി കൊണ്ടും, ആത്മാവുകൊണ്ടും നിത്യജീവൻ പ്രദാനം ചെയ്യുന്ന സ്നാനം നല്കുന്നു. യോഹന്നാന്റെ സ്നാനത്തിന് നിത്യജീവൻ നല്കാനുള്ള ശക്തിയില്ല. കാരണം യോഹന്നാൻ ദൈവമല്ല വെറും മനുഷ്യൻ മാത്രമാണ്.

യേശുവോട് തുലനം ചെയ്യുവാൻ പോലും താൻ യോഗ്യനല്ലയെന്നുള്ള തിരിച്ചറിവാണ് യോഹന്നാനെ ഇങ്ങനെ പറയുവാൻ പ്രേരിപ്പിക്കുന്നത്: എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തൻ; അവന്റെ ചെരിപ്പു വഹിക്കാൻ പോലും ഞാൻ യോഗ്യനല്ല. സ്വന്തം ശക്തിയാലല്ല, ദൈവത്തിന്റെ കരത്താലാണ് താൻ നന്മകൾ ചെയ്യുന്നതെന്നുള്ള ബോധ്യം യോഹന്നാനുണ്ടായിരുന്നു.

യോഹന്നാന്റെ എളിമയ്ക്കും സത്യസന്ധതയ്ക്കും യേശുവിന്റെ വാഴ്ത്ത് ഇങ്ങനെയാണ്: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ സ്നാപകയോഹന്നാനെക്കാൾ വലിയവൻ ഇല്ല (മത്താ 11:11). വീണ്ടും യേശു പറയുന്നു: കത്തി ജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ (യോഹ 5:35). എളിയരെ ഉയർത്തുന്നവനാണ് നമ്മുടെ ദൈവം. മറിയത്തിന്റെ എളിമയെ തൃക്കൺപാർത്തുകൊണ്ട് അവളെ ദൈവത്തിന്റെ അമ്മയായി ഉയർത്തി. യൗസേപ്പിന്റെ എളിമ കണക്കിലെടുത്തുകൊണ്ട് യേശുവിന്റെ വളർത്തു പിതാവായി ഉയർത്തി. യോഹന്നാന്റെ എളിമയ്ക്ക് ദൈവം യോഹന്നാനെ സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ വലിയവനാക്കി ഉയർത്തി. ഒരു മനുഷ്യനും ലഭിക്കാത്ത ഏറ്റവും വലിയ അംഗീകാരമാണ് യേശു യോഹന്നാനു നല്കിയത്. എളിമപ്പെട്ടാൽ ദൈവം നമ്മെയും ഉയർത്തും. ■

# നീ സ്ത്രീകളിൽ അനുഗ്രഹീത

**ആഗമനകാലം 4-ാം ഞായർ (ഡിസം. 19)** മിക്കാ. 5: 1-4, ഹെബ്രാ. 10: 5-10, ലൂക്ക. 1: 39-45

**ഫാ. വിക്ടർ എവരിസ്റ്റസ്**

മറിയം എലിസബത്തിനെ അഭിവാദനം ചെയ്യുന്നു. അഭിവാദനം കേട്ടപാടെ എലിസബത്തിന്റെ ഉദരശിശു കുതിച്ചുചാടുന്നു. എലിസബത്ത് മറിയത്തെ സ്തുതിക്കുന്നു, മറിയം ദൈവത്തെയും.

രണ്ടു മംഗളവാർത്തകളെയും പരസ്പരം ബന്ധിപ്പിക്കുന്ന സംഭവാണ് മറിയത്തിന്റെ സന്ദർശനം. സുനിശ്ചിതമായ രക്ഷയ്ക്ക് വഴിയൊരുക്കുന്ന സുപ്രധാന സംഭവങ്ങളിൽ പ്രകടമാകുന്ന ദൈവ

ഹിതം ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. രക്ഷകനും അവന്റെ വഴികാട്ടിയും അവരുടെ അമ്മമാരിലൂടെ കണ്ടുമുട്ടുന്നു. ദൈവത്തിരുമുമ്പിൽ ശിരസ് നമിച്ച രണ്ടു സ്ത്രീകൾ ദൈവിക പദ്ധതികൾ ഭൂമിയിൽ അന്വർത്ഥമാകുന്നതിന് സ്വയം സമർപ്പിക്കുന്നു. ദൈവ-മനുഷ്യ സഹകരണത്തോടെ സാധ്യമാകുന്ന രക്ഷയുടെ സന്തോഷം നിറഞ്ഞ അനുഭവമാണ് ഈ കണ്ടുമുട്ടൽ.

പരിശുദ്ധ അമ്മയുടെ ജീവിതം മുഴുവൻ ധ്യാന വിഷയമാക്കുമ്പോൾ, അനുഗ്രഹീതമായൊരു ജീവിതമായിരുന്നു അമ്മയുടേതെന്ന് കണ്ടെത്താനാകും. ഇന്നത്തെ സുവിശേഷത്തിൽ എലിസബത്ത് മറിയത്തെ 'നീ സ്ത്രീകളിൽ അനുഗ്രഹീത' എന്ന വിശേഷണം അമ്മയ്ക്ക് ചാർത്തുന്നു.

ഈ അനുഗ്രഹീത എന്ന പദവിയിലെത്തിച്ചേരാൻ അമ്മ കടന്നുപോയ കനൽ വഴികളെക്കുറിച്ച് ധ്യാനിക്കുന്നത് ഉചിതമാണ്; 'ദിവ്യഗർഭം' വഹിക്കേണ്ടിവന്ന ഒരു യഹൂദ കന്യകയുടെ സങ്കടം, ഉണ്ണിക്ക് പിറക്കാൻ ഒരു നല്ല സ്ഥലം കണ്ടെത്താൻ കഴിയാത്ത അമ്മയുടെ വേവലാതി, മകനെ കൊല്ലുമോ എന്നു പേടിച്ച് പാലായനം ചെയ്യുന്ന അവളുടെ അവസ്ഥ, പ്രായപൂർത്തിയാകുമ്പോൾ തന്നെവിട്ട് ജനമധ്യത്തിലേക്ക് മകൻ നടന്നുനീങ്ങുന്നത് കാണുന്ന അമ്മയുടെ വ്യസനം, ആൾക്കാർ മകനെ കുറ്റം പറയുന്നതും എതിർക്കുന്നതും കാണേണ്ടി വരുന്ന അമ്മയുടെ മനഃപ്രയാസം, ഒടുവിൽ സ്വന്തം കൺമുമ്പിൽ വച്ച് മകനെ കൊല്ലുന്നത് കാണുമ്പോൾ ഹൃദയം പിളർന്ന വേദനയുമായി നിശ്ചലയായി നിൽക്കുന്ന അമ്മ - ഇതുപോലെ, ജീവിതം മുഴുവൻ കഷ്ടപ്പാടുകളുടെ വഴികളിലൂടെ നടന്നു നീങ്ങിയാണ് അമ്മ അനുഗ്രഹീതയായത്. കണ്ണുനീരിന്റെയും കദനത്തിന്റെയും കഷ്ടപ്പാടിന്റെയും കാർമേഘാവൃതമായ ആകാശത്തിന്റെ കീഴിലൂടെ നടന്നാലേ അനുഗ്രഹീത എന്ന പദവിയിലെത്താൻ പറ്റുകയുള്ളൂ.

ദൈവത്തിനുവേണ്ടി വളരെയധികം യാത്രചെയ്തവളാണ് മറിയം. നസ്രത്തിൽ നിന്നും യൂദയായിലെ മലമ്പ്രദേശ ഗ്രാമമായ അയ്യീൻകരീമിലേക്കും ബെത്‌ലഹേമിലേക്കും ഈജിപ്തിലേക്കും അവസാനം പ്രവാസത്തിൽ നിന്ന് നസ്രത്തിലേക്കും യാത്ര ചെയ്തു മറിയം. നമ്മുടെ യാത്രകൾ എങ്ങോട്ടൊക്കെയാണ്? നമ്മുടെ യാത്രകൾ ദൈവത്തിനോ മനുഷ്യനോ പ്രയോജനപ്പെടുന്നുണ്ടോ? ദൈവത്തിനും മനുഷ്യനും വേണ്ടി തിടുക്കത്തിൽ യാത്ര ചെയ്യുന്നവരല്ലേ ദൈവത്തിന്റെ മുന്നിൽ അനുഗ്രഹീതർ? അവർ അനുഭവിക്കുന്നതല്ലേ യഥാർത്ഥ സന്തോഷം?. വീഗാലാന്റിലേക്കും ലുലുമാളിലേക്കുമുള്ള യാത്ര കഴിയുമ്പോൾ ശൂന്യതയും ക്ഷീണവും തോന്നുന്നുവെങ്കിൽ ബൈബിൾ എടുത്ത് വായിക്കുക; സഭാപ്രസംഗകൻ 12:1 "ഒന്നിലും സന്തോഷം തരുന്നില്ല എന്നു തുടങ്ങുന്ന ദുർദിനങ്ങളും വർഷങ്ങളും ആഗതമാകുന്നതിന് മുമ്പ് യൗവനത്തിൽ തന്നെ നീ നിന്റെ സ്രഷ്ടാവിനെ സ്മരിക്കുക.'' കുരിശുകളെടുക്കുവാനും കുരിശെടുക്കുന്നവരെ ആശ്വസിപ്പിക്കുവാനും കുരിശിന്റെ വഴിയേ നടക്കാനും മനസ്സുറപ്പുള്ളവരാണ് ദൈവത്തിന്റെ മുന്നിൽ അനുഗ്രഹീതർ.

മറിയത്തിന്റെയും എലിസബത്തിന്റെയും കണ്ടുമുട്ടൽ നൽകുന്ന മൂന്ന് പ്രധാന സന്ദേശങ്ങൾ;

* ഏറ്റവും വലിയ ദൈവാനുഗ്രഹം ലഭിച്ചവളാണ് മറിയം. ഉടനെ അവൾ ചെയ്യുന്നത് തന്റെ സഹായം ആവശ്യമുള്ളിടത്തേക്ക് യാത്രയാവുകയാണ് (1:39). ദൈവാനുഗ്രഹം സ്വീകരിക്കുന്നവരുടെയെല്ലാം കടമയിതാണ് - സഹോദരരുടെ ശുശ്രൂഷക്കായി തിടുക്കത്തിൽ യാത്രയാവുക.
* മറിയത്തിന്റെ സാന്നിധ്യവും സമ്പർക്കവും വഴി എലിസബത്തിന് ലഭിക്കുന്നത് പരിശുദ്ധാത്മാവിനെയാണ് (1:41). ആവശ്യമുള്ളവരെ സഹായിക്കുമ്പോൾ നിന്നിലെ ദൈവിക ചൈതന്യം വർധിക്കുമെന്നു മാത്രമല്ല, മറ്റുള്ളവരിലേക്ക് അത് പടർന്നുകയറി അവരെയും ദൈവികരാക്കും.
* എപ്പോഴാണ് ഒരുവൾ ഭാഗ്യവതിയാകുന്നത്? ദൈവത്തിൽ വിശ്വസിക്കുമ്പോഴാണ് മറിയം ഭാഗ്യവതിയാകുന്നതെന്ന് എലിബസത്ത് (1:45). ദൈവം വലിയ കാര്യങ്ങൾ മറിയത്തിന്റെ ജീവിതത്തിൽ ചെയ്തതിനാലാണ് താൻ ഭാഗ്യവതിയായതെന്ന് മറിയം (1:48). നിനക്കും ഭാഗ്യവാനാകണമെങ്കിൽ മാർഗമിതാണ്; കർത്താവിൽ വിശ്വസിക്കുക (1:45). ഒപ്പം ദൈവം നിന്റെ അനുദിന ജീവിതത്തിൽ ചെയ്യുന്ന വിവിധ കാര്യങ്ങൾ തിരിച്ചറിയുക. ■

**ദൈവം വലിയ കാര്യങ്ങൾ മറിയത്തിന്റെ ജീവിതത്തിൽ ചെയ്തതിനാലാണ് താൻ ഭാഗ്യവതിയായതെന്ന് മറിയം (1:48). നിനക്കും ഭാഗ്യവാനാകണമെങ്കിൽ മാർഗമിതാണ്; കർത്താവിൽ വിശ്വാസിക്കുക (1:45). ഒപ്പം ദൈവം നിന്റെ അനുദിന ജീവിതത്തിൽ ചെയ്യുന്ന വിവിധ കാര്യങ്ങൾ തിരിച്ചറിയുക.**

# ‘ഷോൺ’ ക്രിക്കറ്റ് ലോകത്ത് തീരദേശത്തിന്റെ വാഗ്ദാനം

തിരുവനന്തപുരം: ക്രിക്കറ്റ് ലോകത്തേക്ക് കേരളത്തിന്റെ പ്രത്യേകിച്ച് തീരദേശത്തിന്റെ ആവേശവും അഭിമാനവുമായി ഷോൺ റോജർ എത്തുന്നു. അണ്ടർ 19 ഇന്ത്യൻ ക്രിക്കറ്റ് ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വെട്ടുകാട് സ്വദേശിയായ ഷോൺ റോജർ സഞ്ജു സാംസണുശേഷം ഇന്ത്യൻ ടീമിലെത്തുന്ന തീരദേശത്തിന്റെ പുത്രനാണ്.

ടോപ് ഓർഡറിൽ ആക്രമിച്ച് കളിക്കാനും വിക്കറ്റ് വീഴ്ത്താനും കഴിവുള്ള ഓഫ് ബ്രേക്ക് ബോളറുമാണ് ഷോൺ റോജർ. വിനു മങ്കാദ് ട്രോഫിയിലും ഇന്ത്യൻ ചാലഞ്ചർ സീരിസിലും നടത്തിയ മികച്ച പ്രകടനമാണ് ദേശീയ ടീമിലേക്കുള്ള വഴിതുറന്നത്.

യു. എ. ഇ യിലായിരുന്നു ഷോണിന്റെ കുട്ടിക്കാലം. പിതാവ് ആന്റണി റോജറും അമ്മ പെട്രീഷ്യയും ജോലിയുമായി ബന്ധപ്പെട്ട് യുഎഇയിലായിരുന്നു. ചെറുപ്പത്തിലേ തന്നെ ഷോണിലെ ക്രിക്കറ്റ്



താല്പര്യം തിരിച്ചറിഞ്ഞ പിതാവ് ആന്റണി റോജറാണ് ഷോണിനെ ക്രിക്കറ്റ് കളിയിലേക്ക് വഴിതിരിച്ചുവിട്ടത്. യുഎഇയിലെ വിക്ടോറിയ ക്രിക്കറ്റ് അക്കാദമിയിലും ഡെസേർട്ട് കബ്സിലും കളിച്ചാണ് ഷോൺ ക്രിക്കറ്റ് ലോകത്തേക്ക് എത്തുന്നത്.

2013-ൽ കേരളത്തിലെത്തി. അതേ വർഷം തന്നെ 11-ാം വയസ്സിൽ അണ്ടർ 14 ടീമിലുമെത്തി. തിരികെ യുഎഇയിലേക്ക് പോയ ഷോൺ അവിടെ അണ്ടർ 16 ടീമിൽ കളിച്ച് ദേശീയ ടൂർണമെന്റിൽ ടോപ് സ്കോററായി. 2017 ൽ സ്ഥിരമായി കേരളത്തിലേക്ക് മടങ്ങിയെത്തി. 2018 ൽ കേരള അണ്ടർ 16 ടീമിൽ മികച്ച പ്രകടനം കാഴ്ചവച്ചതോടെ 2019-ലെ അണ്ടർ 19 ടീമിൽ അംഗമായി. അണ്ടർ 16 ബാറ്റ്സ്മാൻമാരുടെ റാങ്കിൽ 10-ാം സ്ഥാനമാണ് ഷോണിന്.

മെഡിക്കൽ കോളേജിലെ സായി ക്രിക്കറ്റ് കോച്ചിംഗ് സെന്ററിൽ ബിജു ജോർജിന്റെ കീഴിൽ കഴിഞ്ഞ എട്ടു വർഷമായി ഷോൺ പരിശീലനത്തിലാണ്.

കഠിനാധ്വാനിയും മാനസികമായും ശാരീരികമായും ഫിറ്റുമായ ഷോൺ മികച്ച ഒരു ക്രിക്കറ്റ് കളിക്കാരൻ എന്ന നിലയിൽ ഭാവിയുടെ വാഗ്ദാനമായിരിക്കുമെന്ന് ക്രിക്കറ്റ് വിദഗ്ധർ വിലയിരുത്തുന്നു

## വിദ്യാർഥികളെ ആദരിച്ചു

പുല്ലുവിള: ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ 2020-21 അധ്യയന വർഷത്തിൽ എസ്എസ്എൽസി, പ്ലസ്-ടു പരീക്ഷകളിൽ എപ്ലസ് കരസ്ഥമാക്കിയവർക്കും,സ്റ്റേറ്റ്, സിബിഎസ്സി, ഐസിഎസ്ഇ സിലബസിൽ 90% ന് മുകളിൽ മാർക്ക് ലഭിച്ചവർക്കും മെരിറ്റ് അവാർഡുകൾ നൽകി ആദരിച്ചു.

പുല്ലുവിള ഫെറോന വിദ്യാഭ്യാസ കോഓർഡിനേറ്റർ ഫാ. പ്രദീപ് ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം കോവളം എം. എൽ. എ. അഡ്വ. എം. വിൻസെന്റ് ഉദ്ഘാടനം ചെയ്തു. ഓരോ വിജയങ്ങളും അന്തിമമായി കരുതരുതെന്നും ഇവ നമ്മുടെ ലക്ഷ്യത്തിലേക്കുള്ള ചവിട്ടു പടിയായി കരുതി കൂടുതൽ മുന്നേറണമെന്നും അദ്ദേഹം വിദ്യാർഥികളെ ഓർമിപ്പിച്ചു. തിരുവനന്തപുരം ലത്തീൻ അതിരൂപത വിദ്യാഭ്യാസ ഡയറക്ടർ ഫാ. മെൽക്കൺ മുഖ്യ പ്രഭാഷണവും പുല്ലുവിള ഫെറോന വികാരി ഫാ. സിൽവസ്റ്റർ കുരിശ് അനുഗ്രഹപ്രഭാഷണവും നടത്തി.



*തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന ലിറ്റിൽ ഫ്ളവർ ഫുട്ബോൾ അക്കാദമി (ലിഫ) യുടെ പുതിയ ലോഗോ സംസ്ഥാന ഗതാഗതവകുപ്പുമന്ത്രി ആന്റണി രാജു പ്രകാശനം ചെയ്യുന്നു. ബിഷപ്പ് ഡോ. ക്രിസ്തുദാസ്, ലിഫ ഡയറക്ടർ മോൺ. വിൽഫ്രഡ് ഇ., മോൺ. ഡോ. തോമസ് ജെ. നെറ്റോ, മോൺ. ജെയിംസ് കുലാസ്, ഫാ. ആന്റോ ബൈജു, ജൂഡ് ആന്റണി എന്നിവർ സമീപം.*

വചനജ്വാല

2021 ഡിസംബർ മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# രക്ഷകനായ ഉണ്ണിയേശുവിനെ കണ്ടുമുട്ടുന്ന ജ്ഞാനികളുടെ അനുഭവജ്ഞാനം

**ഫാ.സുരേഷ് പയസ്**
ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി

**1. പരിശുദ്ധാത്മാവിന്റെ ഗാനം**
**2. സ്വാഗതം: കുടുംബ നാഥൻ/നാഥ**
**3. യേശുവിനെ ക്ഷണിക്കൽ**

കുടുംബങ്ങൾ രക്ഷ പ്രാപിക്കാൻ കർത്താവായ യേശുവിൽ വിശ്വസിക്കുക എന്ന പൗലോസ് അപ്പസ്തോലന്റെ ആഹ്വാനം സ്മരിക്കാം. യേശുവിലുള്ള വിശ്വാസത്തിൽ ആഴപ്പെടുകയും പരിപോഷിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യുകവഴി, കുടുംബങ്ങൾ നന്മയിൽ വളരാനും അനുദിനം നവീകൃതരായി വിശുദ്ധിയിൽ വളരാനും ഈശോയെ ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം...

**4. വചന ഗീതി**
**5. ദൈവ വചന പാരായണം:**
**മത്താ. 2:1-12**

**6. വചന വിചിന്തനം**

പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ ഫ്രാൻസിസ് പാപ്പ സിനഡ് ചേരുവാൻ നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ പതിവിൽ നിന്നു വ്യത്യസ്തമായി സിനഡ് മുഴുവൻ സഭയുടേതുമാകണമെന്ന് പാപ്പ നിഷ്കർഷിക്കുന്നു. ഒരുമിച്ചുള്ള യാത്രയാണ് സിനഡിന്റെ ഉള്ളടക്കം. സഭയുടെ സഹജസ്വഭാവമായ സിനഡാത്മകസഭയ്ക്ക് കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നതുതന്നെയാണ് പ്രതിപാദ്യ വിഷയം. ഇതിനായി ഉണ്ണയേശുവിന്റെ തിരുപ്പിറവി ഒരുമിച്ചുള്ള സഹയാത്രയ്ക്കായി നമ്മെ സാനന്ദം പ്രോത്സാഹിപ്പിക്കുന്നു.

യേശുവിന്റെ ജനനത്തോട് ക്രിയാത്മകമായും നിഷേധാത്മകമായും ഉണ്ടായ പ്രതികരണങ്ങളാണ് ഈ അദ്ധ്യായത്തിന്റെ മുഖ്യപ്രമേയം. ബെത്‌ലഹേം ദാവീദിന്റെ നഗരമാണ്; ദാവീദിന്റെ

പുത്രനായ യേശുവാണ് ബെതലഹേമിൽ പിറക്കുന്നത്. ആരായിരുന്നു ഈ ജ്ഞാനികൾ? ആകാശത്തിലെ പ്രതിഭാസങ്ങളിൽ നിന്ന് പുതിയ രാജാവിന്റെ ജനനം മനസ്സിലാക്കാൻ ഇവർക്കു കഴിയുമായിരുന്നു (2:2). അതുപോലെതന്നെയാണ് ആ അത്ഭുത നക്ഷത്രത്തെയും അതിന്റെ അസാധാരണ പ്രവൃത്തികളേയും കുറിച്ചുള്ള അന്വേഷണവും. ഇതിനു മൂന്നു വിശദീകരണങ്ങളാണുള്ളത്.

1) ആകാശത്തുകണ്ട ഏതെങ്കിലും പ്രകാശ വ്യതിയാനങ്ങളിൽ നിന്ന് ഏതോ സുപ്രധാന സംഭവം നടന്നതായി ജ്ഞാനികൾ ഊഹിച്ചിരിക്കണം.

2) യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട് ആകാശത്ത് പ്രത്യേക പ്രതിഭാസങ്ങൾ എന്തെങ്കിലും ഉണ്ടാകുമെന്ന പാരമ്പര്യ വിശ്വാസത്തെ സൂചിപ്പിക്കുന്നു. 3) "യാക്കോബിൽ നിന്നു ഒരു നക്ഷത്രം ഉദിക്കും, ഇസ്രായേലിൽ നിന്നു ഒരു ചെങ്കോൽ ഉയരും" (സംഖ്യ 24:17) എന്ന കിഴക്കു ദേശക്കാരനായ ബാലാം രാജാവിന്റെ പ്രവചനം ഏറെ ശ്രദ്ധേയമാണ്. ജ്ഞാനികൾ യഹൂദരല്ല, വിജാതീയരായിരുന്നു. വിജാതിയരെന്ന നിലയിലാണ് "യഹൂദരുടെ രാജാവിനെക്കുറിച്ച് അവർ സംസാരിക്കുന്നത്. ജ്ഞാനികൾ വന്നത് യഹൂദരുടെ രാജാവിനെ ആരാധിക്കാനും അവിടുത്തേക്ക് ആദരം അർപ്പിക്കാനുമാണ്. ജ്ഞാനികളായ ആ വിജാതീയരുടെ വിശ്വാസവും ഹേറോദേസിന്റെയും യഹൂദരുടെയും ദുഷ്ടലക്ഷ്യങ്ങളും തമ്മിലുള്ള കടുത്ത അന്തരം വെളിവാക്കുകയാണിവിടെ. മിശിഹാ എവിടെയാണു ജനിക്കുന്നതെന്ന് തിട്ടപ്പെടുത്താൻ ഹേറോദേസ് മുഖ്യപുരോഹിതന്മാരേയും നിയമജ്ഞരേയും വിളിച്ചുകൂട്ടുന്നു. ഹേറോദേസ് രാജാവ്, ജനനേതാക്കൾ, ജെറുസലേം നിവാസികൾ മുഴുവൻ യഹൂദരും യേശുവിന്റെ പിറവിയിൽത്തന്നെ അവിടുത്തേക്കെതിരെ ഒന്നിച്ചുചേർന്ന ചിത്രം, യേശുവിന്റെ മേൽ നിഴൽ വീശി നിൽക്കുന്ന ദുരന്ത ഭാഗധേയമാണ്. നക്ഷത്രം അവർക്കു മുമ്പേ നീങ്ങിയെന്നും അതു ശിശു കിടക്കുന്ന സ്ഥലത്തിന്റെ മുകളിൽ വന്നു നിന്നെന്നും മനസ്സിലാക്കുന്നു. ഇസ്രായേൽ ജനതയെ ദൈവം മരുഭൂമിയിലൂടെ വഴികാട്ടി വാഗ്ദാനഭൂമിയിലേക്ക് ആനയിച്ചതുപോലെ ഈ നക്ഷത്രം വിജാതീയരെ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായിലേക്ക് ആനയിക്കുന്നു. ദൈവീകമായ ബഹുമാനാദരങ്ങളാണ് അവർ ശിശുവിനു നൽകിയത്. ജ്ഞാനികൾ ഉണ്ണിയേശുവിന് നൽകിയത് മൂന്നു സമ്മാനങ്ങളാണ്. സ്വർണ്ണവും സുഗന്ധദ്രവ്യങ്ങളും മീറയും രാജാവിനു സമർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങളാണ്. ജ്ഞാനികളുടെ കാഴ്ചവസ്തുക്കൾ യേശുവിന്റെ രാജത്വം - ദൈവത്വത്തിലേക്ക് വിരൽ ചൂണ്ടുകയാണ്.

**7. റിപ്പോർട്ട്**

**8. ഹാജർ**

**9. ചർച്ച**

1) ആഘോഷങ്ങളുടെയും ആർഭാടങ്ങളുടെയും അകമ്പടിയോടെ ഇത്തവണത്തെ ക്രിസ്തുമസിനെ വരവേൽക്കാതെ ഭക്തിപൂർവ്വം വിശ്വാസത്തിലൂടെ ഹൃദയത്തിൽ യേശുവിനെ ജനിപ്പിക്കാം.

2) ക്രിസ്തുമസ് - ദൈവത്തിന്റെ സന്ദർശനമാണ്. ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച സിനഡാത്മക സഭ ഒരുമിച്ചു സഞ്ചരിക്കാനുള്ള സന്ദർഭമാകട്ടെ. ആർഭാഡങ്ങളും ആഘോഷങ്ങളും സഭയെ തകർക്കുന്നു. വിശ്വാസവും ദൈവഭക്തിയും സിനഡാത്മക സഭയെ ശക്തിപ്പെടുത്തുന്നു. വിശ്വാസത്തോടെ ലാളിത്വത്തോടെ ആഘോഷിക്കാം.

**10. പൊതു അറിയിപ്പ്**

ശുശ്രൂഷാ സമിതകളുടെ പ്രവർത്തനങ്ങളും വിലയിരുത്തലും

**11. വിശ്വാസികളുടെ പ്രാർത്ഥന**

**12. സമാപന ഗാനം**

**13. നന്ദി**

# വായന


**വാക്കുകളുടെ ഒഴുക്കും പ്രയോഗ ചാതുര്യവും 'അന്ധർ ബധിരർ മൂകർ' എന്ന കൃതിയെ ഒരു നോവലിനപ്പുറം ചരിത്രമാക്കി മാറ്റുകയായിരുന്നു. ആരും പറയാത്ത; പറയാൻ ഭയപ്പെടുന്ന ചില 'നേർക്കാഴ്ചകൾ' പോലെ അത് വായനക്കാരെ നോവിക്കും. എത്ര കരഞ്ഞാലും അർത്തുവിളിച്ചാലും ആ നൊമ്പരപ്പാട് മനസ്സിലുണ്ടാകും.**



**താരാ ഇഗ്നേഷ്യസ്**
അധ്യാപിക, സെന്റ് മേരീസ് എച്ച്എസ്എസ്, വെട്ടുകാട്

# വായനയുടെ വേദന

# അന്ധർ ബധിരർ മൂകർ






ചില വായനകൾ മഞ്ഞുതുള്ളിപോലെ നൈർമല്യമായി താലോലിക്കും. ചിലത് മഞ്ഞുപോലെ തഴുകി തലോടും. ചിലതാകട്ടെ മഞ്ഞുകട്ടപോലെ ഘനീഭവിച്ച് പെയ്തൊഴിയാതെ വിങ്ങലായി നിൽക്കും. ഇനിയും ചിലത് മഞ്ഞിന്റെ സൂചിമുനകൊണ്ട് നമ്മെ കുത്തിനോവിക്കും. പിന്നെ ഇടയ്ക്കിടെ അവിടെ നിന്ന് രക്തം പൊടിഞ്ഞുകൊണ്ടേയിരിക്കും.

വായനാന്ത്യം ഏറെ നാൾ മനസ്സിനെ കുത്തിനോവിച്ച് ചോരയിറ്റിച്ച നോവലാണ് ടി.ഡി. രാമകൃഷ്ണന്റെ 'അന്ധർ, ബധിരർ, മൂകർ' തൃശൂർ ജില്ലയിൽ ജനിച്ച് റെയിൽവേയിലെ ജോലിയിൽ നിന്ന് വിരമിച്ച അദ്ദേഹത്തിന്റെ ഒരുപിടി നോവലുകളിൽ ചിലത് വായിച്ചുകഴിഞ്ഞാണ് മുഴുവൻ പുസ്തകങ്ങളും തേടിപ്പിടിച്ച് വായിക്കണമെന്ന ആഗ്രഹം ശക്തമായത്. തുടർന്ന് അതുതന്നെ ചെയ്തു.

എങ്കിലും, കൂട്ടത്തിൽ വേദന തന്നു 'കടന്നുപോകാതെ കുറേനാൾ അലോസരപ്പെടുത്തിയ കഥയാണ് 'അന്ധർ ബധിരർ മുകർ' എന്ന നോവലിലേത്.

ഫാത്തിമാ നിലോഫർ (ചിലപ്പോൾ ആ ദേശത്തെ മുഴുവൻ ജനതയും) പ്രാർത്ഥിക്കുന്നു.

"പരമ കാരുണികനായ നാഥാ ഈ നരകത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ."

ഈ ഇന്ത്യാ മഹാരാജ്യത്തിൽ ജനാധിപത്യ രാജ്യം എന്ന് ലോക ചരിത്രത്തിൽ അടയാളപ്പെടുത്തിയ നമ്മുടെ രാജ്യത്തിൽ ഒരു കൂട്ടം ജനത ഇങ്ങനെ പ്രാർത്ഥിക്കാൻ കാരണമെന്താകും? 'ജനഗണമന'യും അശോകചക്രവും, കടുവയും മയിലും താമരയും ദേശീയ ചിഹ്നമായി അംഗീകരിച്ച് 'ഒരു ജനത ഒരുമയുള്ള ജനത' എന്ന് വാഴ്ത്തിപ്പാടുന്ന ഐക്യരാജ്യത്തിൽ കുറേ മനുഷ്യർ ഞങ്ങളും ഇന്ത്യക്കാരാണ് എന്ന് കണ്ണീരൊലിപ്പിച്ച് പറയേണ്ടിവരുന്ന അവസ്ഥ എത്ര ദയനീയമാണ്.

നെഞ്ചിൽ ഒരു പിടച്ചിൽ ശേഷിപ്പിക്കാതെ, ഒരു വിങ്ങലോടെയല്ലാതെ, കണ്ണുകൾ നിറയാതെ വായിച്ചു തീർക്കാനാവില്ല ഈ കൃതി.

അന്ധരും ബധിരരും മൂകരുമായ ഭരണാധിപന്മാരുടെ അടക്കി വാഴലിന്റെയും അടിച്ചമർത്തലിന്റെയും കഥ കൂടിയാണിത്. അതിർത്തി രക്ഷാസേനയും പട്ടാളവും കാവലാകും എന്നു തോന്നുന്നിടത്ത് അവർ തന്നെ കണ്ണും കാതും വായും നഷ്ടപ്പെട്ടവരെപ്പോലെ പെരുമാറുകയും ഒരു ദേശത്തെ മുഴുവൻ മനുഷ്യവർഗത്തിന്റെ കണ്ണും കാതും വായും മൂടിക്കെട്ടുകയും ചെയ്തുവെന്ന യാഥാർത്ഥ്യം പറയുന്ന കഥ.

നൂറ്റി മുപ്പത്തെട്ടു കോടി ജനതയിൽ എഴുതുന്നയാളും വായിക്കുന്നയാളും ഉൾപ്പെടുന്നു. ഒപ്പം.... ആ ഒരു ദേശവും മനുഷ്യരും.

യാസിനും മെഹറും അലിഭായിയും മുസാഫിറും ഫാത്തിമയുമൊക്കെ ചേർന്ന് നമുക്ക് ചുറ്റും ഇന്ത്യാ മഹാരാജ്യത്തിന്റെ ചിത്രം വരയ്ക്കുമ്പോൾ അതിന്റെ ശിരസ് ഒരു പന്തം പോലെ ആളിക്കത്തുകയാണ് എന്ന് നമുക്ക് മനസ്സിലാകും. രാജ്യം എഴുപത്തിരണ്ടാം സ്വാതന്ത്ര്യദിനാഘോഷങ്ങൾക്കു തയ്യാറെടുക്കുമ്പോൾ മാധ്യമങ്ങളെ പൂർണമായും നിരോധിച്ചിരുന്ന നമ്മുടെ ഒരു സംസ്ഥാനത്തിന്റെ അവസ്ഥയാണിത് എന്നത് ഉൾക്കൊള്ളാൻ കുറച്ച് പ്രയാസപ്പെടേണ്ടതായി വന്നു. അവിടെ വെടിയുണ്ടയേറ്റും മാനഭംഗപ്പെട്ടും പിടഞ്ഞു വീഴുന്നവർ നമ്മുടെ ആരുമല്ലേ എന്ന ചോദ്യത്തിന് മുന്നിൽ കണ്ണും കാതും വായും നഷ്ടപ്പെട്ട് നമ്മൾ നിൽക്കുന്ന അവസ്ഥ ദയനീയം തന്നെ.

വാക്കുകളുടെ ഒഴുക്കും പ്രയോഗചാതുര്യവും 'അന്ധർ ബധിരർ മുകർ' എന്ന കൃതിയെ ഒരു നോവലിനപ്പുറം ചരിത്രമാക്കി മാറ്റുകയായിരുന്നു. ആരും പറയാത്ത; പറയാൻ ഭയപ്പെടുന്ന ചില 'നേർക്കാഴ്ചകൾ' പോലെ അത് വായനക്കാരെ നോവിക്കും. എത്ര കരഞ്ഞാലും അർത്തുവിളിച്ചാലും ആ നൊമ്പരപ്പാട് മനസ്സിലുണ്ടാകും. ഒരു നോവലിന് നമ്മുടെ ഉള്ളിൽ ഇത്രയേറെ ദേശീയ ബോധവും സാഹോദര്യ സ്നേഹവും നിറയ്ക്കാൻ കഴിയുന്നത് പ്രശംസനീയം തന്നെ. ■

## നേർക്കാഴ്ച

ജെ.സി.

# കർഷകരുടെ ഐതിഹാസിക സമരവിജയം നൽകുന്ന ഉൾക്കാഴ്ചകൾ

വിവാദകൃഷിനിയമങ്ങൾക്കെതിരെ കർഷകർ നടത്തിയ ഐതിഹാസിക പോരാട്ടത്തിന് ചരിത്രവിജയം. മൂന്ന് വിവാദ നിയമങ്ങളും പിൻവലിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ചു. പാർലമെന്റ് സമ്മേളനത്തിൽ ഇതിനുള്ള നടപടികൾ എടുക്കുമെന്ന് ഉറപ്പും നൽകി. എന്നാൽ നിയമങ്ങൾ ഔദ്യോഗികമായി പിൻവലിക്കുംവരെ സമരം തുടരുമെന്നു കർഷക സംഘടനകൾ വ്യക്തമാക്കി. കർഷകർ ഒരുവർഷത്തോളമായി തുടരുന്ന സമാനതകളില്ലാത്ത സഹനസമരത്തിന്റെ ഫലമായിട്ടാണ് കേന്ദ്രസർക്കാരിന് വിവാദ നിയമങ്ങൾ പിൻവലിക്കേണ്ടിവന്നത്. നിയമങ്ങൾ പിൻവലിക്കുന്നതൊഴികെ എന്തുവിട്ടുവീഴ്ചയ്ക്കും തയ്യാറാണെന്ന നിലപാടിൽ ഉറച്ചുനിന്ന സർക്കാറിന് ഒടുവിൽ നിരുപാധികം മുട്ടുമടക്കേണ്ടിവന്നുവെന്നതാണ് ശ്രദ്ധേയം. പഞ്ചാബിലും ഉത്തർപ്രദേശിലും അടുത്തവർഷമാദ്യം നിയമസഭാ തെരഞ്ഞെടുപ്പുകൾ നടക്കുന്നുവെന്നതും കേന്ദ്രസർക്കാരിനെ പ്രതിസന്ധിയിലാക്കി. പ്രതിപക്ഷ കക്ഷികൾ പിന്തുണ അറിയിച്ചെങ്കിലും സമരം അവർ ഏറ്റെടുക്കാൻ കർഷക സംഘടനകൾ അനുവദിച്ചില്ല. രാഷ്ട്രീയ പാർട്ടികളുടെ നേരിട്ടുള്ള പങ്കാളിത്തമില്ലാതെ സർക്കാരിനെതിരെയുള്ള ജനകീയ പോരാട്ടം വിജയിച്ചുവെന്നത് രാജ്യചരിത്രത്തിലെ അത്യപൂർവതയാണ്. ഒപ്പം ജനകീയ സമരത്തിന്റെ ഭാവിയിലെ ദിശ എപ്രകാരമായിരിക്കണം എന്നും രാഷ്ട്രീയ പാർട്ടികൾക്കതീതമായി ജനകീയ സമരങ്ങൾക്ക് ഭാവിയിൽ പ്രസക്തിയുണ്ടെന്നും വലത് -ഇടതുപക്ഷങ്ങൾക്കതീതമായി ജനപക്ഷത്ത് നിലയുറപ്പിക്കുന്ന പ്രസ്ഥാനങ്ങൾക്ക് വിജയസാധ്യത ഉണ്ടെന്നും രാഷ്ട്രീയ പാർട്ടികൾ അത്തരം പ്രസ്ഥാനങ്ങളെ പിൻതുണക്കുമെന്നും ഈ സമരം നമ്മെ പഠിപ്പിക്കുന്നു.


ഇതൊരു സഹനസമരമായിരുന്നു. മഞ്ഞും വെയിലും കോവിഡ് പ്രതിസന്ധികളും പോലീസ് ബാരിക്കേഡുകളും വകവയ്ക്കാതെ കഴിഞ്ഞ വർഷം നവംബർ 26 മുതൽ ഡൽഹി അതിർത്തിയിൽ തുടർന്ന സമരമാണ് വിജയം കണ്ടത്. സമരത്തിനിടെ മരിച്ചത് 719 കർഷകരാണ്. ഒരർത്ഥത്തിൽ ഇവർ രക്തസാക്ഷികളാണ്. കോവിഡ് ബാധിച്ചും, തണുത്ത് വിറച്ച് മരിച്ചവരും ജീവനൊടുക്കിയവരും ലഖിംപൂർഖേരിയിൽ കേന്ദ്രമന്ത്രിയുടെ മകന്റെ വാഹനവ്യൂഹം ഇടിച്ചുകയറിയതിനെ തുടർന്ന് കൊല്ലപ്പെട്ടവരുമുൾപ്പെടെയാണിത്. സ്വതന്ത്രഭാരതത്തിലെ ഏറ്റവും ദൈർഘ്യമേറിയ കർഷപ്രക്ഷോഭത്തിനാണ് തലസ്ഥാന മേഖല സാക്ഷ്യം വഹിച്ചത്. വെയിലിലും മഴയിലും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ നിരന്തര തിരസ്കരണങ്ങളിലും തളരാതെ കരുത്ത് ചോരാതെ ഒരുവർഷത്തോളമായി നീണ്ടുനിന്ന സമരത്തിന്റെ തിളക്കമാർന്ന ഫലശ്രുതിയാണിത്. കർഷക പ്രക്ഷോഭവുമായി ബന്ധപ്പെട്ട ഹർജി കേൾക്കവെ, കേന്ദ്ര സർക്കാർ സമരം കൈകാര്യം ചെയ്ത രീതിയെ സുപ്രീംകോടതി പലതവണ രൂക്ഷമായി വിമർശിക്കുകയുണ്ടായി. ഇപ്പോഴും സുപ്രീംകോടതിയുടെ പരിഗണനയിലാണ് വിവാദ നിയമങ്ങൾക്കെതിരെയുള്ള കേസുകൾ, സുപ്രീം കോടതി സ്റ്റേ ചെയ്തതുകൊണ്ട് ഫലത്തിൽ നിയമങ്ങൾ മരവിച്ച അവസ്ഥയിലാണ്.

കാലങ്ങളായി രാജ്യത്തെ കർഷകർ അനുഭവിച്ചുവരുന്ന അവഗണനയുടെയും നിരാകരണത്തിന്റെയും പ്രത്യാഘാതമാണ് ഈ വലിയ പ്രക്ഷോഭം. രാകേഷ് ടികായത്ത് (ഭാരത കിസാൻ യൂണിയൻ നേതാവ്), ഡോ. ദർശൻപാൽ (ക്രാന്തികാരി കിസാൻ യൂണിയൻ), ശിവ്കുമാർ കക്കാജി (രാഷ്ട്രീയ കിസാൻ മഹാസംഘ് ദേശീയ കൺവീനർ), ജൊഹീന്ദർ സിംഗ് ഉഗ്രാഹ (പഞ്ചാബിലെ ഏറ്റവും കരുത്തുറ്റ കർഷകനേതാവ്) തുടങ്ങിയവരാണ് പ്രക്ഷോഭം നയിച്ച കർഷക സംഘടനാ നേതാക്കൾ. നമ്മുടെ കർഷകരെ ശത്രുപക്ഷത്ത് നിറുത്തിയുള്ള അടിച്ചമർത്തലല്ല അവരെ വിശ്വാസത്തിൽ എടുത്തുകൊണ്ടുള്ള പ്രശ്നപരിഹാര നടപടികളാണ് എന്നുമുണ്ടാവേണ്ടതെന്ന് ഈ സമര വിജയപാഠം ഓർമിപ്പിക്കുന്നു. വിജയികൾ കർഷകർ തന്നെയാണ്. പാർലമെന്റിൽ മൃഗീയഭൂരിപക്ഷമുള്ള, അഭിപ്രായ വോട്ടെടുപ്പിൽ വൻപിന്തുണയുള്ള സർക്കാരുകളെ പോലും ഗാന്ധിയൻ രീതിയിൽ സമാധാനപരമായ, വിട്ടുവീഴ്ചയില്ലാത്ത സമരത്തിലൂടെ മുട്ടുകുത്തിക്കാം എന്ന് അവർ തെളിയിച്ചു. ■

# Jubilee Memorial Hospital

**Latin Archdiocese of Trivandrum**

CARDIAC CATHLAB



ANGIOGRAM, ANGIOPLASTY

*Little Flower College of Nursing*




**College Code - JBN.**




- **Departments :** General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- **Supportive Services :** 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- **Jubilee's Pride:** Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

Pub. Date : 01.12.2021
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00

# വി. കാതറിൻ ദേവാലയം

## ഇരവിപുത്തൻതുറ

**നവീകരിച്ച ദേവാലയത്തിന്റെ ആശീർവാദവും**
**പൊന്തിഫിക്കൽ ദിവ്യബലിയും**
**2021 ഡിസം. 22 വൈകിട്ട് 5 ന്**



തിരുക്കർമങ്ങൾ ഡിസം. 22 വൈകിട്ട് 5 ന്

**മുഖ്യകാർമികൻ:**

**മോസ്റ്റ് റവ. ഡോ. സൂസപാക്യം എം.**

തിരുവനന്തപുരം അതിരൂപതാ മെത്രാപ്പൊലീത്ത

ഈ മംഗളകർമത്തിന് സാക്ഷികളാകുവാൻ
ഏവരേയും സാദരം ക്ഷണിക്കുന്നു

**ഇടവക വികാരി, സഹ വികാരി, ഇടവക കൗൺസിൽ അംഗങ്ങൾ, നിർമാണ സമിതി അംഗങ്ങൾ**

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto